# കുടുംബജ്യോതി 2025

SINCE 1982

മെയ് - പുസ്തകം 43 - ലക്കം 05





# വിളക്കണഞ്ഞു, വെളിച്ചം ബാക്കി

# ഉള്ളടക്കം

# contents




06 വിളക്കണഞ്ഞു, വെളിച്ചം ബാക്കി
ഡോ. ഡാനിയേൽ ഈപ്പൻ

09 സഭയെ ജനകീയമാക്കിയ വ്യക്തി
ആർച്ചുബിഷപ്പ് തോമസ് തറയിൽ

12 ഈശോയുടെ മനസ് സ്വന്തമാക്കിയ പാപ്പാ
ആർച്ചുബിഷപ്പ് ഇമരിറ്റസ് ജോസഫ് പെരുന്തോട്ടം

14 താഴ്മയുടെ തിരുശേഷിപ്പുകൾ
ജേക്കബ് തോമസ്

20 പാപ്പാസ്ഥാനത്തേക്ക് ദൈവം എന്നെ പ്രതീക്ഷിച്ചിരുന്നു
അനുഗ്രഹ് അലക്സ്

22 ഫ്രാൻസിസ് പാപ്പാ: ഏറ്റവും ഓർഗാനിക്കായ ശ്വാസം
ബോബി ജോസ് കപ്പുച്ചിൻ

24 വിയോഗത്തിന്റെ നാൾവഴി
ഡോണാ മരിയ ടോം

26 സീറോ മലബാർ സഭയ്ക്ക് മറക്കാനാവാത്ത വ്യക്തിത്വം
കർദിനാൾ ജോർജ് ആലഞ്ചേരി


30 ഇനി സ്വർഗത്തിൽ
വിനായക് നിർമൽ

32 വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയം
ഡോ. സാവിയോ മാനാട്ട്

36 ജനകീയനായ പടിയറ പിതാവ്
ഫാ. ജോസ് ആലഞ്ചേരി

41 ട്രാക്ക് മാറി ഓടിയാൽ വിജയിക്കില്ല
ജോൺസൻ പൂവന്തുരുത്ത്

46 മനുഷ്യൻ, മൃഗം പിന്നെ പരിസ്ഥിതിയും
റ്റി.സി മാത്യു


## സ്ഥിരംപംക്തികൾ



03 മുഖപ്രസാദം
ഫ്രാൻസിസ് പാപ്പാ ഭൂമിയെ വിട്ടുപോയി, കാരുണ്യം പോകുന്നില്ല

48 ഫാമിലി കോർണർ
ആസ്വദിക്കൂ, വളർത്തൂ
ആഗ്നസ് തെരെസ്

50 പുറംവാതിൽ
ചെമ്മീൻ ചുമ്മാതെ ചമ്മി!!
ജെ. മണക്കുന്നേൽ


സ്ഥലപരിമിതി മൂലം സ്ഥിരംപംക്തികളിൽ ചിലത് ഉൾപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.

പത്രാധിപർ





To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.



ചീഫ് എഡിറ്റർ
ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്

മാനേജിംഗ് എഡിറ്റർ
ഫാ. സെബാസ്റ്റ്യൻ ചാമക്കാല

സർക്കുലേഷൻ മാനേജർ
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

പത്രാധിപസമിതി
മാർ തോമസ് തറയിൽ
ഡോ. ജോസഫ് പാറയ്ക്കൽ

മുഖചിത്രം. ഫ്രാൻസിസ് മാർപാപ്പാ

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

www.kudumbajyothis.com

# ഫ്രാൻസിസ് പാപ്പാ ഭൂമിയെ വിട്ടുപോയി, കാരുണ്യം പോകുന്നില്ല

അദ്ദേഹം വിടവാങ്ങി; ഭൂമിയെ വിട്ട് തന്റെ നാഥന്റെ പക്കലേക്കു പോയി. ഭൂമിയിൽ തനിക്ക് ഏല്പിച്ചു കിട്ടിയവരെ അദ്ദേഹം സ്നേഹിച്ചു; ഉപാധികൾ ഇല്ലാതെ അവരോടു കാരുണ്യം കാണിച്ചു. തന്റെ കൂട്ടിൽപ്പെടാത്തവരുടെ പക്കലേക്കും അവ നീണ്ടു. അവഗണിക്കപ്പെട്ടവരും പരിത്യക്തരും അഭയാർഥികളും പാർശ്വവത്കരിക്കപ്പെട്ടവരും പാപികളായി മുദ്രചാർത്തപ്പെട്ടവരും ആ സ്നേഹകാരുണ്യങ്ങളുടെ കരലാളനം അനുഭവിച്ചു.

ഇങ്ങനെയൊന്നു ലോകം പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ രാജകീയസൂചന നല്കുന്ന ചുവന്ന പാദുകങ്ങൾക്കു പകരം സാധാരണത്വം കാണിക്കുന്ന കറുത്ത ഷൂസുമായി 2013ൽ വലിയ മുക്കുവന്റെ 265-ാമത്തെ പിൻഗാമി വന്നപ്പോൾ ലോകം ഒന്നു മനസിലാക്കി, ഇതിനാണു തങ്ങൾ കാത്തിരുന്നത് എന്ന്. വത്തിക്കാൻ കൊട്ടാരത്തിലെ 14 മുറികളുള്ള പേപ്പൽ അപ്പാർട്മെന്റ് വേണ്ടെന്നുവെച്ച് വത്തിക്കാനിലെ സന്ദർശകർക്കുള്ള ഡോമൂസ് സാന്താ മാർത്തയിലെ രണ്ടു മുറി സ്വീറ്റിൽ താമസിച്ച ഫ്രാൻസിസ് മാർപാപ്പാ ലോകത്തിന് വിസ്മയമായി. ബ്യൂനസ് അയേഴ്സിൽ ആർച്ചുബിഷപ്പ് ആയിരുന്നപ്പോഴും ഒരു സാധാരണ അപ്പാർട്മെന്റിലാണ് കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ വർഷങ്ങളോളം താമസിച്ചത് എന്നതു ലോകം ഓർമിച്ചു.

ഫ്രഞ്ച് നോവലിസ്റ്റ് വിക്തോർ യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിലെ ബിഷപ്പ് മിരിയേൽ എന്ന കഥാപാത്രത്തിന്റെ ജീവിതമാണ്, ബ്യൂനസ് അയേഴ്സിലെ ആർച്ചുബിഷപ്പ് കർദിനാൾ ബെർഗോളിയോയും, 2013 മുതൽ 2025 വരെ റോമിലെ ബിഷപ്പ് ഫ്രാൻസിസ് മാർപാപ്പായും ജീവിച്ചത്. ബിഷപ്പ് മിരിയേൽ തന്റെ മെത്രാസനമന്ദിരം അഗതികൾക്കുള്ള ആശുപത്രിക്കു നല്കി, പഴയ ആശുപത്രി ബിഷപ്പിന്റെ വസതിയാക്കിയതു കഥ. ബെർഗോളിയോ എന്ന ഫ്രാൻസിസ് കഥയെ ജീവിതസാക്ഷ്യമാക്കി. അവിടെ 21-ാം നൂറ്റാണ്ടിലെ ക്രിസ്തീയസാക്ഷ്യത്തിന്റെ ദീപ്തിയും സുഗന്ധവും പരന്നു. പത്രോസ് ശ്ലീഹായെയും നിരവധി മുൻഗാമികളെയും അടക്കംചെയ്ത വത്തിക്കാനിൽ തനിക്കു കല്ലറ സ്വീകരിക്കാതെ, റോമിലെ കന്യകാമാതാവിന്റെ ബസിലിക്കയിൽ കല്ലറയില്ലാതെ തന്നെ അടക്കം ചെയ്താൽ മതിയെന്നു വെച്ചു, ലാളിത്യം ജീവിതവ്രതമാക്കിയ ഫ്രാൻസിസ് പാപ്പാ.

അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെ ഓർമിപ്പിക്കാനാണ് ബെർഗോളിയോ, ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചത്. നിയമങ്ങളെയും ആചാരങ്ങളെയും മറികടന്നുള്ള ദീനാനുകമ്പയും പ്രകൃതിസ്നേഹവും ദാരിദ്ര്യജീവിതവും 13-ാം നൂറ്റാണ്ടിൽ മാത്രമല്ല ഇന്നും പ്രാവർത്തികമാണെന്ന് തന്റെ പാപ്പാജീവിതത്തിലൂടെ അദ്ദേഹം തെളിയിച്ചു. അതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

ഫ്രാൻസിസിന്റെ ലാളിത്യവും കരുണയും അവസാനം വരെ കൂടെനിന്നു. ദക്ഷിണ സുഡാനിലെ ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാൻ വത്തിക്കാനിൽ നടത്തിയ ചർച്ചയ്ക്കിടെ ഇരുപക്ഷത്തെയും നേതാക്കളുടെ പാദങ്ങൾ ചുംബിച്ച പാപ്പായെ ഇന്നും അന്നാട്ടുകാർ അദ്ഭുതാദരങ്ങളോടെ ഓർക്കുന്നു. പാപ്പാമൊബീലിലെ വെടിയേൽക്കാത്ത ഗ്ലാസ് കവർ ഫ്രാൻസിസ് പാപ്പ നീക്കം ചെയ്യിച്ചു. വിശ്വാസികൾക്കും തനിക്കുമിടയിൽ ഒരു വേലിക്കെട്ടും അദ്ദേഹം ആഗ്രഹിച്ചില്ല. പെസഹാവ്യാഴാഴ്ച കാൽകഴുകി ചുംബിക്കുന്ന ശുശ്രൂഷയിലേക്ക് രോഗികളെയും അഗതികളെയും അഭയാർഥികളെയുമൊക്കെ കൂട്ടിക്കൊണ്ടു വരാൻ നിർദേശിച്ചു. മാർപാപ്പാ ആയ ശേഷം അദ്ദേഹം ആദ്യം നടത്തിയ യാത്ര പശ്ചിമേഷ്യയിലും വടക്കൻ ആഫ്രിക്കയിലും നിന്നുള്ള അഭയാർഥികളുടെ ഇടത്താവളമായ ലാംപെദൂസയിലേക്കായിരുന്നു. ഇവയൊന്നും നാടകങ്ങളായിരുന്നില്ല. ലൗദാത്തോ സി (അങ്ങേയ്ക്കു സ്തുതി) മുതലുള്ള അദ്ദേഹത്തിന്റെ ചാക്രികലേഖനങ്ങളും, അമോറിസ് ലെറ്റീഷ്യ (സ്നേഹത്തിന്റെ ആനന്ദം) മുതലുള്ള അപ്പസ്തോലികപ്രബോധനങ്ങളും ഈ നിലപാടുകളെ വിശദീകരിക്കുന്നവയാണ്.

ഫ്രാൻസിസ് മാർപാപ്പായുടെ പല നിലപാടുകളെയും തുറന്നോ രഹസ്യമായോ എതിർത്തിരുന്നവർ പോലും ഒരു കാര്യം സമ്മതിക്കുന്നു; അദ്ദേഹത്തിന്റെ സാരഥ്യവും സാന്നിധ്യവും കത്തോലിക്കാ വിശ്വാസികൾക്കു സമകാലികസമൂഹത്തിലെ വിമർശനങ്ങൾക്കു മുമ്പിൽ ചൂളാതെ നില്ക്കാനുള്ള പരിചയായിരുന്നു. ആ വിശുദ്ധജീവിതം സഭയെ പ്രകാശപൂരിതമാക്കി.

യാഥാസ്ഥിതികർ ആഗ്രഹിച്ചതോ ഇഷ്ടപ്പെട്ടതോ ആയിരുന്നില്ല വൈദികബ്രഹ്മചര്യം, സ്വവർഗരതി, സ്വവർഗവിവാഹം, ഭിന്നലൈംഗിക ആഭിമുഖ്യം, സ്ത്രീപൗരോഹിത്യം, പരിസ്ഥിതി, യൂറോപ്പിലേക്കും മറ്റുമുള്ള അഭയാർഥിപ്രവാഹം, അമേരിക്കയിലെയും മറ്റും അനധികൃതകുടിയേറ്റം തുടങ്ങിയ വിഷയങ്ങളിലെ മാർപാപ്പായുടെ നിലപാടുകൾ. ഇതേ വിഷയങ്ങളിൽതന്നെ പുരോഗമനവാദികളും അദ്ദേഹത്തോടു വിയോജിച്ചു. സഭയുടെ പാരമ്പര്യത്തിനു യോജിക്കാത്ത രീതിയിൽ കൂടുതൽ തീവ്രനിലപാടുകളാണു ഫ്രാൻസിസ് പാപ്പായുടേത് എന്നു യാഥാസ്ഥിതികർ വിമർശിച്ചു. കാലാനുസൃതമായ മാറ്റങ്ങൾക്ക് അദ്ദേഹം തയാറാകുന്നില്ല എന്നു മറുപക്ഷവും വിമർശിച്ചു.

പല കാര്യങ്ങളിലും മാറ്റത്തിന് ആഗ്രഹിച്ചെങ്കിലും അവ നടപ്പാക്കാൻ തക്ക പിന്തുണ സഭാസംവിധാനങ്ങളിൽ നേടിയെടുക്കാൻ ഫ്രാൻസിസ് പാപ്പായ്ക്കു കഴിഞ്ഞില്ല എന്നതാണു വസ്തുത. എങ്കിലും ചില കാര്യങ്ങളിൽ അദ്ദേഹം എതിർപ്പ് വകവെക്കാതെ കുറേ ദൂരം മുന്നോട്ടു പോയി. എന്നാൽ സഭയുടെ കെട്ടുറപ്പിനെ ബാധിക്കുന്നു എന്ന സാഹചര്യം വന്നപ്പോൾ അദ്ദേഹം പരിഷ്കാരനീക്കങ്ങൾ അവസാനി പ്പിച്ചു. മാറ്റങ്ങൾക്ക് ഇനിയും കാത്തിരിക്കണം എന്ന സന്ദേശമാണ് ഫ്രാൻസിസ് പാപ്പായുടെ പരിശ്രമങ്ങൾ നല്കുന്നത്.

അടുത്ത മാർപാപ്പായെ തെരഞ്ഞെടുക്കാൻ വോട്ടവകാശമുള്ള 135 കർദിനാൾമാരിൽ 108 പേരെയും ചെന്തൊപ്പി അണിയിച്ചത് അദ്ദേഹമാണ്. പക്ഷേ തന്റെ ചിന്താഗതിയോടു ചേർന്നുപോകുന്ന ഒരു പിൻഗാമിയെ ഉറപ്പുവരുത്താൻ അതുകൊണ്ടു കഴിയണം എന്നില്ല. പരിഷ്കാരങ്ങളെ എതിർക്കുന്നതിൽ പഴയവരും പുതിയവരും തമ്മിൽ ഗണ്യമായ വ്യത്യാസം കണ്ടിട്ടില്ല എന്നതാണു വസ്തുത. മാധ്യമങ്ങൾ പുരോഗമനപരം എന്നു വാഴ്ത്തിപ്പാടുന്ന പലതും, സഭയുടെ പാരമ്പര്യത്തിനു മാത്രമല്ല വിശ്വാസത്തിനും നിരക്കാത്തതാണെന്നു കണ്ടപ്പോൾ അതു തുറന്നുപറയാനും ഫ്രാൻസിസ് പാപ്പാ മടിച്ചില്ല.

ചില കാര്യങ്ങളിൽ അദ്ദേഹം നടത്തിയ നീക്കങ്ങൾക്ക് ഉദ്ദേശിച്ച ഫലം ഉണ്ടാകാത്തത് സഭയിലെയും പുറത്തെയും വിമർശകർക്കു കരുത്തു പകരുന്നതായി. ചൈനയിൽ ബിഷപ്പ് നിയമനത്തിൽ കമ്യൂണിസ്റ്റ് സർക്കാരിന് അധികാരം നല്കിക്കൊണ്ട് ഉണ്ടാക്കിയ കരാർ ഉദാഹരണം.

മാധ്യമങ്ങളുടെ ഇഷ്ടതാരമായി മാർപാപ്പാ മാറിയപ്പോഴും, സഭയുടെ വളർച്ചയിൽ ദശകങ്ങളായി തുടർന്നുപോന്ന ഇടിവിനു പരിഹാരം ഉണ്ടായില്ല. പഴയ ശക്തികേന്ദ്രങ്ങളായ യൂറോപ്പിലും അമേരിക്കയിലും വിശ്വാസികളുടെ എണ്ണം കുറഞ്ഞുപോന്നു. ഫ്രാൻസിസ് മാർപാപ്പായുടെ അനുപമമായ ജീവിതമാതൃകയും, കാലോചിതം എന്ന് എല്ലാവരും പുകഴ്ത്തിയ സന്ദേശങ്ങളും സഭയിലേക്ക് ആൾക്കാരെ കൂട്ടുകയോ വിട്ടുപോകുന്നവരെ പിന്തിരിപ്പിക്കുകയോ ചെയ്തില്ല.


ബ്രസീലും അർജന്റീനയും അടങ്ങുന്ന ലാറ്റിനമേരിക്കൻ മേഖലയിൽ ഇവാഞ്ജലിക്കൽ പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പുകൾ വലിയ വളർച്ചയാണ് സമീപവർഷങ്ങളിൽ നേടിയത്. നഷ്ടം കത്തോലിക്കാസഭയുടെ അംഗസംഖ്യയിൽ. ദരിദ്രർക്കുവേണ്ടി നിലകൊള്ളുന്നതായാണ് അവിടങ്ങളിലെ സഭാനേതൃത്വം അവകാശപ്പെടുന്നത്. പക്ഷേ അന്നാടുകളിലെ വളർന്നു വരുന്ന ഇടത്തരക്കാരെ ആകർഷിക്കുന്നത്, സമ്പത്തുണ്ടാക്കുന്നതു പാപമല്ല എന്നു പ്രസംഗിക്കുന്ന ഇവാഞ്ജലിക്കൽ വിഭാഗങ്ങളാണ്.

എന്നാൽ ആഫ്രിക്കയിലും ഏഷ്യയിലും ഉണ്ടായ വലിയ വളർച്ച ആഗോള കത്തോലിക്കാ വിശ്വാസികളുടെ സംഖ്യയിൽ ഗണ്യമായ വർധന ഉണ്ടാക്കി. 2013ൽ 125.3 കോടിയായിരുന്ന കത്തോലിക്കരുടെ സംഖ്യ 2021ൽ 137.8 കോടി ആയി. വളർച്ച 9.9 ശതമാനം. ആ കാലയളവിലെ ലോകജനസംഖ്യയുടെ വളർച്ചയേക്കാൾ (9.1 ശതമാനം) കൂടുതൽ. ആഗോള കത്തോലിക്കാ ജനസംഖ്യയിൽ 20 ശതമാനം (28.1 കോടി) ഇന്ന് ആഫ്രിക്കയിലാണ്. കർദിനാൾമാരുടെ എണ്ണത്തിൽ 12 ശതമാനം ആഫ്രിക്കയിൽനിന്നാണ്.

സഭയിൽ മാമോദീസകളുടെ എണ്ണം കുറഞ്ഞു. 2013ലേതിലും 20 ലക്ഷം കുറവായി 2020ലെ മാമോദീസകൾ. ഇക്കാലയളവിൽ വിവാഹങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് ഏഴു ലക്ഷം; ഏകദേശം 30 ശതമാനം.

ഇതൊന്നും പുതിയ കാര്യങ്ങളല്ല. 1970കൾ മുതൽ യൂറോപ്പിലും അമേരിക്കയിലും ജനസംഖ്യാ വർധന കുറഞ്ഞുവന്നു. ഇപ്പോൾ ആഫ്രിക്ക ഒഴികെ എല്ലായിടത്തും ജനസംഖ്യാശോഷണമാണ്. അതു സഭയുടെ അന്നാടുകളിലെ അംഗബലം കുറയ്ക്കുന്നു. മതാചാരങ്ങളും അനുഷ്ഠാനങ്ങളും മാത്രമല്ല, വിശ്വാസം പോലും പുതിയ തലമുറയുടെ മനസിലേക്കു കടക്കുന്നില്ല. കത്തോലിക്കാസഭ മാത്രം നേരിടുന്ന വിഷയമല്ല ഇത്. എല്ലാ മതങ്ങളും ഈ വെല്ലുവിളികളെ നേരിടാൻ മാർഗം കാണാതെ വിഷമിക്കുന്നു. തന്റെ സ്രഷ്ടാവിന്റെ പക്കലേക്കു തിരിച്ചു പോയ ഫ്രാൻസിസ് മാർപാപ്പാ, എളിമയുടെയും കാരുണ്യത്തിന്റെയും ജീവിതസാക്ഷ്യം ഇല്ലാതെ കാലത്തിന്റെ ഇത്തരം വെല്ലുവിളികളെ മറികടക്കാൻ പറ്റില്ലെന്നു കാണിച്ചു തന്നു.

എൺപത്തെട്ടു വർഷം ജീവിച്ച് ക്രിസ്തീയസ്നേഹത്തിന്റെ സമകാലിക സാക്ഷ്യമായി മാറിയ ഫ്രാൻസിസ് പാപ്പാ കടന്നുപോയി. ഇറ്റലിയിൽനിന്ന് അർജന്റീനയിലേക്ക് ബെർഗോളിയോ കുടുംബം 1928ൽ കുടിയേറുമ്പോൾ ആ രാജ്യം അതിസമ്പന്നമായിരുന്നു. ആ കുടുംബത്തിലെ ജോർജ് മാരിയോ വളർന്നു വന്നപ്പോഴേക്ക് രാജ്യം സാമ്പത്തികപ്രതിസന്ധികളും പട്ടാളവാഴ്ചയും ഏകാധിപത്യവും ഒക്കെ പതിവായ ഒരിടമായി മാറിയിരുന്നു. അവിടെ സഭയുടെ വേറിട്ട മുഖമായി വന്ന വിമോചനദൈവശാസ്ത്രത്തിന്റെ നാളുകളിലാണ് അദ്ദേഹം ജെസ്യൂട്ട് വൈദികനും പ്രൊവിൻഷ്യലും ആർച്ചുബിഷപ്പും കർദിനാളും ഒക്കെയായത്. ഇങ്ങനെ വേറിട്ട അനുഭവങ്ങളുടെ മൂശയിൽ പരുവപ്പെട്ട ഫ്രാൻസിസ് പാപ്പായുടെ ജീവിതത്തിന്റെ ഏറ്റവും വലിയ ശക്തിസ്രോതസ്, അദ്ദേഹം നിത്യവും പലവട്ടം നടത്തിയിരുന്ന ജപമാല പ്രാർഥനയാണ്. മറിയത്തിലൂടെ ഈശോയിലേക്കും അവിടെനിന്നു മനുഷ്യരാശിയിലേക്കു മാത്രമല്ല മുഴുവൻ പ്രകൃതിയിലേക്കും സ്നേഹമായും കാരുണ്യമായും ആ ശക്തി ഒഴുകിയെത്തി. ○



# POPE FRANCIS
1936-2025



ഡോ. ഡാനിയേൽ ഈപ്പൻ



# വിളക്കണഞ്ഞു വെളിച്ചം ബാക്കി

**കനേഡിയൻ കത്തോലിക്കാസഭ കാനഡയിലെ തദ്ദേശീയജനവിഭാഗത്തോടു ചെയ്ത അതിക്രമങ്ങളെ സാംസ്കാരികമായ വംശഹത്യ എന്നാണ് ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിച്ചത്.**

ജനകീയ നേതാവെന്നും ജനങ്ങളുടെ പോപ്പെന്നും വിശ്വാസികളുടെ കൺമണിയെന്നുമൊക്കെയുള്ള വിശേഷണങ്ങൾകൊണ്ട് ഫ്രാൻസിസ് പാപ്പാ അലങ്കരിക്കപ്പെടുമ്പോഴും, ഒരു വിഭാഗം ആളുകൾക്ക് അദേഹം അനഭിമതനായിരുന്നു എന്ന കാര്യം പറയാതെവയ്യ. യാഥാസ്ഥിതികർക്കായിരുന്നു അദേഹത്തെ ഉൾക്കൊള്ളാൻ തീരെ കഴിയാതെപോയത്. അർഥരഹിതമായ പാരമ്പര്യങ്ങളെ പാപ്പാ മുറുകെപിടിച്ചില്ല. അവയോട് അദേഹം പലപ്പോഴും പുലർത്തിയത് തികച്ചും അയഞ്ഞ സമീപനമായിരുന്നു.



സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾപോലും അത്തരമൊരു ചടങ്ങിന് അഭിലഷണീയമായിരുന്ന ചുവന്ന തൊപ്പി അദേഹം ധരിച്ചില്ല. ഒരു വാക്കുകൊണ്ടുപോലും അക്കാര്യം പരാമർശിക്കാതിരുന്നപ്പോൾ, പ്രകടനപരതയിലും ബാഹ്യമോടികളിലും അഭിരമിച്ചിരുന്ന ആളുകളെ അത് അസ്വസ്ഥരാക്കി. സാധാരണ മാർപാ



പ്പാമാർ ഞായറാഴ്ചകളിലാണ് സ്ഥാനാരോഹണം നടത്തിയിരുന്നത്. അവിടെയും ഫ്രാൻസിസ് വ്യത്യസ്തനായി. സെന്റ് ജോസഫിനോടുള്ള ആദരസൂചകമായി വിശുദ്ധന്റെ മരണത്തിരുനാൾ ആചരിക്കുന്ന മാർച്ച് 19നാണ് പാപ്പാ സ്ഥാനമേറ്റത്. മാർപാപ്പാമാർ ജനങ്ങളെ അനുഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുകയാണ് പതിവ്. എന്നാൽ ആദ്യമായി വിശ്വാസികളെ അഭിമുഖീകരിച്ചപ്പോൾ, തന്നെ അനുഗ്രഹിക്കണമെന്നും തനിക്കുവേണ്ടി പ്രാർഥിക്കണമെന്നുമായിരുന്നു പാപ്പായുടെ അഭ്യർഥന. ഓരോ തവണയും അദേഹം അതു വിശ്വാസികളോട് ആവർത്തിക്കുകയും ചെയ്തിരുന്നു.

മാർപാപ്പാമാരുടെ ഔദ്യോഗികവേഷത്തിന്റെ ഭാഗമായിരുന്ന ചുവന്നഷൂസും സ്വർണകുരിശുമാലയും ഫ്രാൻസിസ് വേണ്ടെന്നു വെച്ചു. അതുവരെ ധരിച്ചുപോന്നിരുന്ന വെള്ളികുരിശുമാലയും കറുത്ത ഷൂസും തുടർന്നും ധരിക്കാനായിരുന്നു പാപ്പായുടെ തീരുമാനം. സാബത്തുദിവസം ഗോതമ്പുമണി ഭക്ഷിച്ചതുപോലും പാപമായി ആരോപിക്കപ്പെട്ടിരുന്ന ക്രിസ്തുകാലത്തിന്റെ ഓർമകൾ മനസിൽ സൂക്ഷിച്ചതുകൊണ്ടാവാം, അർഥശൂന്യമായ പതിവുകൾക്കെതിരേ നിശബ്ദം കലഹിക്കാൻ പാപ്പാ തയാറായത്.

കാലാകാലങ്ങളായി മാർപാപ്പാമാർ താമസിച്ചിരുന്ന അപ്പസ്തോലിക് പാലസിൽനിന്ന് മാറി സാന്താ മാർത്തയിൽ താമസിക്കാൻ ഫ്രാൻസിസ് തീരുമാനിച്ചതും പലർക്കും ദഹിച്ചില്ല. 2013ൽ നടത്തിയ ആദ്യപത്രസമ്മേളനത്തിലെ, അവരെ വിധിക്കാൻ ഞാനാരാണ് എന്ന ഒറ്റച്ചോദ്യംതന്നെ ഫ്രാൻസിസ് മാർപാപ്പായെ അനേകരുടെ ശത്രുവാക്കിമാറ്റി. സ്വവർഗാനുരാഗികളെ സമൂഹത്തിൽനിന്ന് മാറ്റിനിർത്തരുത് എന്നു മാത്രമേ പാപ്പാ ഉദ്ദേശിച്ചുള്ളൂ. പക്ഷേ, പലരീതിയിൽ പിന്നീടത് വ്യാഖ്യാനിക്കപ്പെട്ടു.

മുൻകാലങ്ങളിൽ സഭാസംവിധാനങ്ങൾ ചെയ്ത തെറ്റായ പല പ്രവൃത്തികൾക്കും മാപ്പു ചോദിക്കാൻ ഫ്രാൻസിസ് മടിച്ചില്ല. കനേഡിയൻ കത്തോലിക്കാസഭ കാനഡയിലെ തദ്ദേശീയജനവിഭാഗത്തോടു ചെയ്ത അതിക്രമങ്ങളിൽ ലജ്ജയും ദുഃഖവും പ്രകടിപ്പിച്ചത് 2022ലായിരുന്നു. സഭയുടെ അത്തരം നടപടികളെ പാപ്പാ വിശേഷിപ്പിച്ചത്, സാംസ്കാരികമായ വംശഹത്യ

എന്നാണ്. അടയാളങ്ങളില്ലാത്ത അജ്ഞാതശവക്കുഴികൾ നിലനിന്നയിടം പാപ്പാ സന്ദർശിച്ചെന്നു മാത്രമല്ല, തദ്ദേശീയരായ റെഡ് ഇന്ത്യൻ ജനതയോട് പരസ്യമായി മാപ്പിരക്കുകയും ചെയ്തു.

ബാലലൈംഗികപീഡന ക്കേസുകളിൽ അകപ്പെട്ടവർക്കും, സാമ്പത്തിക ക്രമക്കേടുകളിൽ കുറ്റക്കാരെന്നു കണ്ടെത്തിയവർക്കുമെതിരേ കർശന നടപടികൾ കൈക്കൊള്ളാൻ ഫ്രാൻസിസ് പാപ്പാ മടിച്ചില്ല. ലോകരാജ്യങ്ങൾ സന്ദർശിച്ച വേളയിൽ ഇത്തരം ക്രൂരതകൾക്ക് ഇരകളായവരെ കാണാനും അവരെ ആശ്വസിപ്പിക്കാനും മാപ്പുചോദിക്കാനുംവരെ പാപ്പാ തയാറായി.

**കരുണയുടെ കാവലാൾ**

കരുണ എന്ന വാക്ക് ഫ്രാൻസിസ് പാപ്പായുടെ നാവിൽനിന്ന് ലോകം ആദ്യം കേട്ടത്, അദ്ദേഹം ആദ്യമായി നടത്തിയ പ്രസംഗത്തിലാണ്. അതാവട്ടെ, പേപ്പൽപദവിയിലെത്തിയതിന്റെ നാലുദിവസങ്ങൾ കഴിഞ്ഞും. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ തിങ്ങിക്കൂടിയ ജനഗണത്തോട് പാപ്പാ പറഞ്ഞു: ദൈവത്തിന്റെ മുഖം കരുണയുള്ള പിതാവിന്റെ മുഖമാണ്; അവിടുന്ന് എല്ലായ്പോഴും ക്ഷമയുള്ളവനാണ്. കർദിനാൾ വാൾട്ടർ കാസ്പറിന്റെ, മേഴ്സി എന്ന പുസ്തകത്തെക്കുറിച്ചുകൂടി അന്ന് പരാമർശിക്കാൻ അദ്ദേഹം മറന്നില്ല.

ഏപ്രിലിൽ വത്തിക്കാനിലെ ജോലിക്കാർക്കു നല്കിയ സന്ദേശത്തിലും, ബ്രസീലിലെ മെത്രാന്മാരുമായുള്ള അഭിമുഖത്തിലും പാപ്പാ കരുണ എന്ന പദമാവർത്തിച്ചു.

തുടർച്ചയായി പാപ്പായുടെ നാവിൽനിന്ന് കരുണ എന്ന വാക്കു കേട്ടുതുടങ്ങിയപ്പോൾ ലോകം ശ്രദ്ധാപൂർവം കാതുകൊടുത്തു. അപ്പോഴെല്ലാം ലോകം കേട്ടു;

# സഭയെ ജനകീയമാക്കിയ വ്യക്തി



ആർച്ചുബിഷപ്പ്
തോമസ് തറയിൽ

*ഇക്കാലഘട്ടത്തിൽ സഭയെ കൂടുതൽ ജനകീയമായി അവതരിപ്പിച്ച വ്യക്തിയായിരുന്നു ഫ്രാൻസിസ് പാപ്പാ. ക്രൈസ്തവസന്ദേശം ലോകത്തിന് ഉൾക്കൊള്ളാനാവുന്ന രീതിയിൽ അദ്ദേഹം അവതരിപ്പിച്ചു. വിശ്വാസം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ കത്തോലിക്കാസഭയെ ഏറ്റവും പ്രസക്തിയോടെ നിലനിർത്തിയ വ്യക്തിയായിരുന്നു അദ്ദേഹം. കോവിഡ്കാലത്ത് ലോകം മുഴുവൻ അടഞ്ഞുകിടന്നപ്പോഴും ലോകം ഏറ്റവും കൂടുതൽ ചർച്ച ചെയ്ത വ്യക്തിയും ഫ്രാൻസിസ് മാർപാപ്പായായിരുന്നു. അദ്ദേഹത്തിന്റെ അന്നത്തെ സന്ദേശങ്ങളും പ്രവർത്തനങ്ങളും ലോകത്തിനു മുഴുവൻ പ്രത്യാശ പകർന്നു. വിശ്വാസം നല്കുന്ന ആനന്ദം എന്ന വിഷയമാണ് അദ്ദേഹം പ്രസംഗങ്ങളിലെല്ലാം ആവർത്തിച്ചിരുന്നത്. സുവിശേഷത്തിന്റെ ആനന്ദത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളെല്ലാം. ക്രിസ്ത്യാനികൾക്ക് ദുഃഖിതരായിരിക്കാൻ അവകാശമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ഓർമപ്പെടുത്തൽ. സഭ എല്ലാവരുടേതുമാണ്, എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഈ കാഴ്ചപ്പാട് അദ്ദേഹം മുറുകെ പിടിച്ചു. അഭയാർഥികളുടെ കാര്യം വന്നപ്പോഴും ഈ തത്വത്തിലായിരുന്നു അദ്ദേഹത്തിന്റെ ഊന്നൽ. നാലുതവണ അദ്ദേഹത്തെ നേരിൽ കാണാൻ എനിക്ക് അവസരം കിട്ടി. റോമിൽ സൈക്കോളജി പഠിച്ചിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ, മനസ് വായിക്കാനുള്ള ടെക്നിക്ക് വല്ലതും അറിയാമോ എന്നു പാപ്പാ ചോദിച്ച ചോദ്യം ഇപ്പോഴും മനസിലുണ്ട്. സുവിശേഷത്തിന്റെ സർഗാത്മകമായ മുഖമായിരുന്നു ഫ്രാൻസിസ് മാർപാപ്പാ.*



## ഉച്ചകോടിയിൽ ആദ്യമായി പങ്കെടുത്ത മാർപാപ്പാ

ജി7 ഉച്ചകോടിയിൽ ആദ്യമായി പങ്കെടുത്ത മാർപാപ്പായാണ് ഫ്രാൻസിസ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അപകടങ്ങളെയും വാഗ്ദാനങ്ങളെയുംകുറിച്ചുള്ള പ്രത്യേക സെഷനിലാണ് പാപ്പാ പ്രസംഗിച്ചത്. യന്ത്രങ്ങളുടെ തെരഞ്ഞെടുപ്പുകളെ മാത്രം ആശ്രയിക്കുന്നവർ, ജീവിതത്തെക്കുറിച്ചു സ്വയം തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള മനുഷ്യന്റെ സ്വാഭാവികശേഷിയെ അവഗണിക്കുകയാണ്. അത്തരം നൈസർഗിക കഴിവുകൾ തിരസ്കരിച്ചാൽ മനുഷ്യനെ കാത്തിരിക്കുന്നത് പ്രത്യാശയില്ലാത്ത ഭാവിയായിരിക്കും എന്ന് പാപ്പാ അന്നു പറഞ്ഞു.

കരുണ... കരുണ...

പ്രസംഗത്തിൽ മാത്രം ഒതുക്കിനിർത്താതെ, കരുണയെ പ്രവൃത്തിപഥത്തിലെത്തിക്കാനുള്ള ഫ്രാൻസിസിന്റെ ശ്രമമാണ് പിന്നീടു ലോകം കണ്ടത്. 12 വർഷം നീണ്ട പാപ്പാശുശ്രൂഷയ്ക്കിടെ സവിശേഷമായ ഒരു ജൂബിലി വർഷത്തിന് പാപ്പാ തുടക്കംകുറിച്ചത് കരുണയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ടായിരുന്നു. 2015 ഡിസംബർ എട്ടു മുതൽ 2016 നവംബർ 20 വരെയായിരുന്നു കരുണയുടെ വർഷാചരണം. അതേക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് പാപ്പാ നല്കിയ ഉത്തരം, കരുണ സഭയ്ക്കു നല്ലതാണെന്നു മാത്രമല്ല, അത്യാവശ്യമാണെന്നുകൂടിയായിരുന്നു. ചോർന്നുപോകുന്ന കരുണയെ ചേർത്തുപിടിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

ദൈവം കരുണയുള്ളവനാണ്, അതിനാൽ ദൈവത്തിന്റെ കരുണ നാം നേടിയെടുക്കണം. ദൈവം നമ്മോടു കരുണ കാണിക്കുന്നതുപോലെ നാമും മറ്റുള്ളവരോടു കരുണ കാണിക്കണം... ഈ രണ്ടു സന്ദേശങ്ങളാണ് കരുണയുടെ വർഷ



ത്തിൽ പാപ്പാ നല്കിയത്. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ എന്ന വചനം ആപ്തവാക്യമായി തെരഞ്ഞെടുക്കാനും നിർദേശിച്ചു.

ഫ്രാൻസിസ് പാപ്പാ ഉള്ളിലുള്ള കരുണ തടഞ്ഞുനിർത്താതെ പുറത്തേയ്ക്കൊഴുക്കി എന്നതിന് ചില ഉദാഹരണങ്ങൾ പറയേണ്ടതുണ്ട്. സ്ഥാനാരോഹിതനായതിനു ശേഷം ബ്രസീലിലേക്ക് നടത്തിയ ആദ്യയാത്ര. കിറ്റോയിൽ വെച്ച് പാപ്പാ അർജന്റീനയിലെ കാൻസർ രോഗബാധിതനായ ലിച്ചുവിന് (ലിസാൻഡ്രോ സേന) ഒരു സന്ദേശം നല്കി: ലിച്ചൂ, നിനക്ക് ശക്തി ലഭിക്കാനും ആരോഗ്യം തിരികെ കിട്ടാനും ഞാൻ ഈശോയോടു പ്രാർഥിക്കുന്നു. ദൈവത്തിന്റെ കരങ്ങളിൽ സ്വയം സമർപ്പിക്കാൻ അനുവദിക്കുക. എനിക്കുവേണ്ടിയും പ്രാർഥി

## കേരളസഭയ്ക്ക് നല്കിയ സമ്മാനം

കേരളസഭയ്ക്ക് മൂന്നു വിശുദ്ധരെയാണ് ഫ്രാൻസിസ് മാർപാപ്പാ സമ്മാനിച്ചത്. 2014ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, എവുപ്രാസ്യമ്മ, 2019ൽ മറിയം ത്രേസ്യ. മദർ തെരേസ(2016)യെയും ദേവസഹായത്തെ(2022)യും വിശുദ്ധരായി പ്രഖ്യാപിച്ചത് ഫ്രാൻസിസ് മാർപാപ്പായാണ്. മുൻഗാമികളായ ജോൺ ഇരുപത്തിമൂന്നാമൻ, പോൾ ആറാമൻ, ജോൺപോൾ രണ്ടാമൻ എന്നിവരെയും പാപ്പാ വിശുദ്ധരായി പ്രഖ്യാപിച്ചു. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിശുദ്ധപദപ്രഖ്യാപനം നടത്തിയ പാപ്പാ ഫ്രാൻസിസാണ്. കാർലോ അക്യൂട്ടിസിനെ ഏപ്രിൽ 27ന് വിശുദ്ധനായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിരിക്കെയാണ് പാപ്പായുടെ വിയോഗം.

# ഈശോയുടെ മനസ് സ്വന്തമാക്കിയ പാപ്പാ



ആർച്ചുബിഷപ്പ്
ഇമരിറ്റസ് ജോസഫ്
പെരുന്തോട്ടം

*പലതവണ ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്താനും സംസാരിക്കാനും ഭാഗ്യം ലഭിച്ച വ്യക്തികളിലൊരാളാണ് ഞാൻ. അതിൽതന്നെ ഒരുതവണ പാപ്പായുമായി ദീർഘസമയം സംസാരിക്കാൻ എനിക്ക് അവസരം ലഭിച്ചു. എത്രയോ സൗഹൃദഭാവത്തിൽ, വിനയാന്വിതനായി, ചിരകാലസുഹൃത്തിനോട് സംസാരിക്കുന്നതുപോലെ ഒരു സാധാരണക്കാരനായാണ് പാപ്പാ സംസാരിച്ചത്. എല്ലാം തുറന്നുപറയാനുള്ള സ്വാതന്ത്ര്യം എനിക്കാ സാന്നിധ്യത്തിൽനിന്നു ലഭിച്ചു. എത്രയോ താത്പര്യത്തോടെയാണ് അദ്ദേഹം എന്നെ കേട്ടിരുന്നത്! അപ്പന്റെയോ മൂതിർന്ന സഹോദരന്റെയോ സമീപത്ത് ഇരിക്കുന്നതുപോലെയുള്ള ഒരനുഭവം എനിക്കാ നിമിഷങ്ങളിലുണ്ടായി. ഈശോയുടെ മനസ് അദ്ദേഹം സ്വന്തമാക്കിയതുപോലൊരു തോന്നൽ എനിക്കനുഭവപ്പെട്ടു. അഭയാർഥികളോട്, പരദേശികളോട്, ദരിദ്രരോട് ഒക്കെയുള്ള ഫ്രാൻസിസ് പാപ്പായുടെ പരിഗണന ഞാനപ്പോൾ ഓർത്തു. എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ ക്രൈസ്തവമനസായിരുന്നു അദ്ദേഹത്തിന്റേത്.*

ക്കുക. പൂർണഹൃദയത്തോടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. ഇതായിരുന്നു സന്ദേശം.

ന്യൂറോ ഫൈബ്രോ മാറ്റോസിസ് എന്ന ത്വക്‌രോഗം ബാധിച്ച വിനിസിയോ റിവാ എന്ന 53കാരനെ പൊതുവേദിയിൽവെച്ച് ഫ്രാൻസിസ് പാപ്പാ ആശ്ലേഷിച്ചതാണ് മറ്റൊരു സംഭവം. ഒരു മിനിറ്റ് നേരമേ പാപ്പായുടെ ആശ്ലേഷം അനുഭവിക്കാൻ റിവായ്ക്കു സാധിച്ചുള്ളൂ. പക്ഷേ അത് യുഗംപോലെ തോന്നിപ്പിച്ചെന്ന് അദ്ദേഹം പറഞ്ഞു. താൻ സ്വർഗത്തിലാണെന്നുപോലും വിചാരിച്ചുപോയത്രേ. വേദനകളിൽനിന്നെല്ലാം മോചിതനായെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തി.

സ്ഥാനാരോഹണശുശ്രൂഷകൾക്കു വരുംവഴി ശാരീരികന്യൂനതകളുള്ള ചെസറേ ചിച്ചോണി എന്ന കുടുംബനാഥനും മക്കൾക്കും സ്നേഹചുംബനങ്ങൾ നല്കിയിട്ടാണ് പാപ്പാ വേദിയിലെത്തിയത്.

ഫ്രാൻസിസ് പാപ്പാ പറയുന്നു: യുദ്ധഭൂമിയിലെ ഒരു സൈനിക ആശുപത്രിപോലെയാണ് സഭ. ഗുരുതരമായി പരിക്കേറ്റുവരുന്ന ഒരാളോട്, അയാളുടെ ഉയർന്ന കൊളസ്ട്രോളിനെക്കുറിച്ചോ രക്തസമ്മർദത്തിന്റെ അളവിനെക്കുറിച്ചോ ചോദിക്കുന്നത് അർഥശൂന്യമല്ലേ? അവന്റെ മുറിവുകൾ വെച്ചുകെട്ടുക. അതുകഴിഞ്ഞ് മറ്റുകാര്യങ്ങളെക്കുറിച്ചു സംസാരിക്കാമല്ലോ. സഭയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് വ്യക്തമാക്കുമ്പോൾതന്നെ, സഭയുടെ മുഖം കരുണയുടെ മുഖമായിരിക്കണമെന്ന് പാപ്പാ സംശയലേശമെന്യേ വ്യക്തമാക്കുന്നു.

കുമ്പസാരം കേൾക്കുന്ന വൈദികർ


കരുണയുള്ളവരായിരിക്കണം. കുമ്പസാരക്കൂട് ഒരു പീഡന മുറിയല്ല (ടോർച്ചർ ചേംബർ). നമ്മളെ കൂടുതൽ നല്ല കാര്യങ്ങൾക്കായി പ്രചോദിപ്പിക്കുന്ന ദൈവത്തിന്റെ കരുണ വെളിപ്പെടുന്ന സ്ഥലമാണത്. നമ്മൾ എല്ലായ്പോഴും മറ്റുള്ളവരെ പരിഗണിക്കുന്നവരാകണം. ദൈവം മനുഷ്യവ്യക്തികളുടെ കൂടെ നടന്നവനാണ്. നമ്മുടെയും നിയോഗം അതുതന്നെയാണ്; കരുണയോടെ മറ്റുള്ളവർക്കൊപ്പം സഞ്ചരിക്കുക.

പാപ്പായുടെ ഉള്ളിലുണ്ടായിരുന്ന കാരുണ്യപ്രവാഹം നിറഞ്ഞൊഴുകാതെ പോവുകയില്ല. ഹൃദയത്തിന്റെ തികവിൽനിന്ന് അധരങ്ങൾ മാത്രമല്ല പ്രവൃത്തികളും സംസാരിക്കുമെന്നു തീർച്ച.

**ചാക്രികലേഖനങ്ങൾ**

ലൂമെൻ ഫിദെയി (2013), ലൗദാത്തോ സി (2015), ഫ്രത്തെല്ലി തൂത്തി (2020), ദിലെക്സിത്ത് നോസ് (2024) എന്നിവയാണ് ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനങ്ങൾ. വിശ്വാസത്തിന്റെ വെളിച്ചം എന്നാണ് ലൂമെൻ ഫിദെയിയുടെ അർഥം. ബെനഡിക്ട് പതിനാറാമന്റെ സ്ഥാനത്യാഗത്തിനു ശേഷം പുറത്തിറങ്ങിയതിനാൽ ഫ്രാൻസിസ് പാപ്പായുടെ പേര് അതിൽ ചേർക്കപ്പെടുകയായിരുന്നു. ഫ്രാൻസിസ് പാപ്പായുടെ കൈയൊപ്പു പതിഞ്ഞ ആദ്യത്തെ ചാക്രികലേഖനം ലൗദാത്തോ സിയാണ്. നിങ്ങൾക്കു സ്തുതി എന്ന് അർഥം. പരിസ്ഥിതി തകർച്ചയ്ക്കും ആഗോളതാപനത്തിനും എതിരെയുള്ള ആഹ്വാനമാണ് ലൗദാത്തോ സി.

ഫ്രത്തെല്ലി തൂത്തി എന്നതിന്, എല്ലാവരും സഹോദരർ എന്നർഥം. അസീസിയിലെ വി. ഫ്രാൻസിസിന്റെ സാഹോദര്യസങ്കല്പത്തിൽനിന്നു പ്രചോദനം സ്വീകരിച്ച് പാപ്പാ തയാറാക്കിയ ഈ ചാക്രികലേഖനം, മനുഷ്യരെല്ലാവരും ദൈവമക്കളും പരസ്പരം സഹോദരീസഹോദരന്മാരുമാണ് എന്ന യാഥാർഥ്യത്തിൽ നിന്നുളവാകുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ചുമതലകൾ ലോകത്തെ ഓർമിപ്പിക്കുന്നു.




അവൻ നമ്മെ സ്നേഹിച്ചു എന്നാണ്, ദിലെക്സിത്ത് നോസ് എന്ന ലത്തീൻപദത്തിന് അർഥം. ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും ഭക്തിയും ഇതിൽ പ്രതിപാദിതമാകുന്നു. ○

ജേക്കബ് തോമസ്

# താഴ്മയുടെ തിരുശേഷിപ്പുകൾ

**എന്റെ ശവകുടീരം നിലത്തായിരിക്കണം; പ്രത്യേകിച്ച് അലങ്കാരങ്ങളൊന്നുമില്ലാതെ, ലളിതമായി ഫ്രാൻസിസ് എന്നുമാത്രം അതിൽ എഴുതിയിരിക്കണം.** (മരണപത്രം)





**മതിലുകളല്ല, പാലങ്ങളാണ് പണിയേണ്ടത് എന്നതായിരുന്നു പാപ്പാ എക്കാലവും വിശ്വസിച്ച ജീവിതപ്രമാണം.**

*ചരിത്രവഴികളിൽ നിന്നെല്ലാം തുടക്കം മുതലേ മാറി നടന്ന ഫ്രാൻസിസ് പാപ്പാ അതേ ശൈലി മരണംവരെയും സൂക്ഷിച്ചു. ഫ്രാൻസിസ് എന്ന പേരു മുതൽ അന്ത്യവിശ്രമസ്ഥലം വരെ അതു കാണാം. ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷന്മാരെല്ലാവരും അന്ത്യവിശ്രമം കൊള്ളുന്നത് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ്. ഫ്രാൻസിസ് പാപ്പാ അന്ത്യവിശ്രമം കൊള്ളുന്നത് റോമിലെ മേരി മേജർ ബസിലിക്കയിലും. മരണപത്രത്തിൽ അദ്ദേഹം അക്കാര്യം വ്യക്തമാക്കിയിരുന്നു.*

*2022ലാണ് മരണപത്രം തയാറാക്കിയത്. എന്നാൽ മരണശേഷമേ വത്തിക്കാൻ അതു പുറത്തുവിട്ടുള്ളൂ. മരണാനന്തരച്ചടങ്ങുകളിൽ ലാളിത്യം സൂക്ഷിക്കാൻ പ്രത്യേകം നിർദേശമുണ്ട്. മേരി മേജർ ബസിലിക്കയിലെ ശവകുടീരത്തിൽ അലങ്കാരങ്ങൾ പാടില്ല. കല്ലറയിൽ ഫ്രാൻസിസ് എന്ന പേരുമാത്രം മതി.*

*പാപ്പായുടെ ആഗ്രഹങ്ങൾക്കനുസരിച്ചായിരുന്നു സംസ്കാരശുശ്രൂഷകൾ.*

## പാപ്പായുടെ മരണപത്രത്തിന്റെ പൂർണരൂപം

കരുണയുള്ളതിനാലും അവൻ തെരഞ്ഞെടുത്തതിനാലും (ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ശുശ്രൂഷയുടെ മുദ്രാലിഖിതം)

പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ, ആമേൻ.

എന്റെ ഭൗമികജീവിതത്തിന്റെ അസ്തമയം അടുത്തുവരുന്നതായി ഞാൻ മനസിലാക്കുകയാൽ, നിത്യജീവിതത്തിൽ ഉറച്ച പ്രത്യാശയോടെ എന്റെ സംസ്കാരം നടത്തേണ്ട ഇടത്തെക്കുറിച്ചു മാത്രം എന്റെ അന്ത്യാഭിലാഷം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ജീവിതത്തിലുടനീളം, ഒരു പുരോഹിതനും ബിഷപ്പും എന്ന നിലയിലുള്ള എന്റെ ശുശ്രൂഷയിലുടനീളം, ഞാൻ എന്നും എന്നെത്തന്നെ നമ്മുടെ കർത്താവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ ഭരമേല്പിച്ചിട്ടുള്ളതാണ്. ഇക്കാരണത്താൽ, എന്റെ ഭൗതികാവശിഷ്ടം പുനരുത്ഥാന ദിനത്തിനായി കാത്തിരിക്കുമ്പോൾ സെന്റ് മേരി മേജർ പേപ്പൽ ബസിലിക്കയിൽ വിശ്രമിക്കണമെന്ന് ഞാൻ ബോധിപ്പിക്കുന്നു.

എന്റെ ഓരോ അപ്പസ്തോലിക യാത്രയുടെയും ആരംഭത്തിലും അവസാനത്തിലും ഞാൻ പ്രാർഥിക്കാൻ നില്ക്കുമായിരുന്ന, എന്റെ നിയോഗങ്ങൾ ആത്മവിശ്വാസത്തോടെ അമലോദ്ഭവമാതാവിനു സമർപ്പിക്കുകയും അവളുടെ സൗമ്യവും മാതൃസഹജവുമായ പരിപാലനത്തിന് നന്ദിപറയുകയും ചെയ്തിരുന്ന ഈ പുരാതന മരിയൻ പുണ്യസങ്കേതത്തിൽതന്നെ എന്റെ ഭൗമികയാത്ര അവസാനിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഇതിനോട് അനുബന്ധിച്ചുള്ള പ്ലാനിൽ കാണിച്ചിരിക്കുന്നതുപോലെ, ബസിലിക്കയിലെ പൗളിൻ ചാപ്പലിനും (സാലുസ് പോപ്പുലി റൊമാനി എന്ന പരിശുദ്ധ മാതാവിന്റെ തിരുച്ചിത്രം പ്രതിഷ്ഠിച്ചിട്ടുള്ള ചാപ്പൽ) സ്ഫോർസ ചാപ്പലിനും ഇടയിലുള്ള ഇടനാഴിയിലെ സ്മൃതിമണ്ഡലത്തിൽ എന്റെ ശവകുടീരം ഒരുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശവകുടീരം നിലത്തായിരിക്കണം; പ്രത്യേകിച്ച് അലങ്കാരങ്ങളൊന്നുമില്ലാതെ, ലളിതമായി ഫ്രാൻസിസ് എന്നുമാത്രം അതിൽ എഴുതിയിരിക്കണം.

മൃതദേഹസംസ്കാരത്തിനുള്ള ചെലവ് ഒരു ഉപകാരി വഹിക്കുന്നതാണ്. അതിനുള്ള തുക സെന്റ് മേരി മേജർ പേപ്പൽ ബസിലിക്കയിലേക്ക് വകകൊള്ളിക്കാനുള്ള ക്രമീകരണം ഞാൻ ചെയ്തിട്ടുണ്ട്. ബസിലിക്കയുടെ എക്സ്ട്രാ ഓർഡിനറി കമീഷണറായ കർദിനാൾ റോളാൻഡാസ് മക്രിക്കാസിന് ഇതു സംബന്ധിച്ച് ആവശ്യമായ നിർദേശങ്ങൾ ഞാൻ നല്കിയിട്ടുണ്ട്.

കഴിഞ്ഞ 18 മാസമായി എല്ലാ ദിവസവും രാത്രിയിൽ ഫ്രാൻസിസ് മാർപാപ്പായുടെ ഫോൺകോൾ ഗാസയിലെ ന്യൂനപക്ഷമായ ക്രൈസ്തവരെ തേടിയെത്തിയിരുന്നു.



എന്നെ സ്നേഹിച്ചവർക്കും എനിക്കുവേണ്ടി പ്രാർഥിക്കുന്നവർക്കും കർത്താവ് ഉചിതമായ പ്രതിഫലം നൽകട്ടെ. എന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ഞാൻ കടന്നുപോകുന്ന പീഡകൾ, ലോകസമാധാനത്തിനും ജനങ്ങൾക്കിടയിലുള്ള സാഹോദര്യത്തിനും വേണ്ടി ഞാൻ കർത്താവിനു സമർപ്പിക്കുന്നു.

## കുടിയേറ്റത്തിന്റെ പുത്രൻ

ഫ്രാൻസിസ് മാർപാപ്പാ സ്വയം വിശേഷിപ്പിച്ചിരുന്നത് ഇങ്ങനെയായിരുന്നു. എന്താണ് കാരണം? ഇറ്റലിയിലെ പീഡ്മോണ്ടിൽ ജനിച്ച് അർജന്റീനയിലേക്കു കുടിയേറിയ റെയിൽവേ അക്കൗണ്ടന്റായ മാരിയോ ഗ്യൂസെപ്പെ ബെർഗോളിയോയുടെ അഞ്ചുമക്കളിൽ മൂത്തമകനായാണ് ജോർജ് മാരിയോയുടെ ജനനം. അർജന്റീനയിൽ ജനിച്ചെങ്കിലും പീഡ്മോണ്ടിൽ നിന്നുള്ള ഇറ്റാലിയൻ കുടിയേറ്റക്കാരുടെ മകളായിരുന്നു അമ്മ റെജീന. അതുകൊണ്ടാണ് കുടിയേറ്റത്തിന്റെ പുത്രൻ എന്ന് സ്വയം വിശേഷിപ്പിച്ചിരുന്നത്.

കുടിയേറ്റക്കാരുടെ ദുരിതങ്ങളും അവഗണനകളും കൃത്യമായി മനസിലാക്കാൻ ഈ ജീവിതപാഠം ജോർജിനെ സഹായിച്ചിട്ടുണ്ട്. അതിനാലാവാം, മാർപാപ്പായായി അവരോധിക്കപ്പെട്ടപ്പോഴും കുടിയേറ്റക്കാരോട് അനുഭാവം പുലർത്തിയതും, തന്റെ അപ്പസ്തോലികപര്യടനത്തിൽ കണ്ടുമുട്ടുന്ന കുടിയേറ്റക്കാരെ തനിക്കൊപ്പം കൂട്ടിയിരുന്നതും. അവഗണിക്കപ്പെട്ടവരും ബഹിഷ്കരിക്കപ്പെട്ടവരുമാണ് അഭയാർഥികളെന്ന് കുഞ്ഞുപ്രായംമുതലേ ജോർജ് തിരിച്ചറിഞ്ഞിരുന്നു.

## സ്ത്രീകൾക്ക് സ്ഥാനം നല്കിയ പാപ്പാ

സ്ത്രീയായി ജനിക്കാത്തതിന് ദൈവത്തിനു നന്ദിപറഞ്ഞിരുന്ന യഹൂദപാരമ്പര്യത്തിൽ നിന്നാണ്, സ്ത്രീകൾക്കൊപ്പം യാത്രചെയ്തും സ്ത്രീത്വത്തിന്റെ മഹത്വം വീണ്ടെടുത്തും ക്രിസ്തു പുതിയൊരു സ്ത്രീഗാഥ രചിച്ചത്. അവന്റെ ശിഷ്യരിൽ നല്ലൊരുപങ്കും സ്ത്രീകളായിരുന്നു. വേശ്യകൾക്കൊപ്പം നടക്കുന്നവൻ എന്നതരത്തിൽ ക്രിസ്തു ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടും, അവന്റെ അന്ത്യയാത്രയിലും ഉയിർപ്പിന്റെ സന്തോഷങ്ങളിലും സ്ത്രീകളാണ് മുമ്പന്തിയിൽ. ക്രിസ്തുഹൃദയം സ്വന്തമാക്കിയ ഫ്രാൻസിസ്, സ്ത്രീകളോട് ക്രിസ്തു പുലർത്തിയ ആദരവും മാന്യതയും സഭയിലും

## എന്നും അമ്മയുടെ മകൻ

ജോർജ് മാരിയോ ബെർഗോളിയോ എന്നാണല്ലോ പാപ്പായുടെ പൂർവനാമം. തിന്മയുടെ വ്യാളിയെ കീഴടക്കിയ വിശുദ്ധനാണ് ജോർജ്. ആത്മാവിന്റെ ശത്രുക്കൾക്കെതിരെ പോരാടാനും, ക്രിസ്തുവിലേക്കു മടങ്ങാനുമുള്ള ആഹ്വാനം ജോർജ് നല്കുന്നു. മാരിയോ എന്താണെന്നറിയാമോ? മരിയ എന്ന സ്ത്രീനാമത്തിന്റെ പുരുഷശബ്ദമാണ് മാരിയോ. ഒരേസമയം യോദ്ധാവ്, അതേസമയം മറിയത്തെപ്പോലെ വിനീതൻ. അതായിരുന്നു ഫ്രാൻസിസ് പാപ്പാ.

പേരിൽ മാത്രമല്ല ജീവിതത്തിലും മാതാവിനെ പാപ്പാ കൂടെക്കൂട്ടിയിരുന്നു. അന്നു മുതൽ ആ ശിഷ്യൻ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു എന്നു വചനം പറയുന്നതുപോലെ, അമ്മയെ ജീവിതത്തിലും ഹൃദയത്തിലും പ്രതിഷ്ഠിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അന്ത്യവിശ്രമസ്ഥലമായി പരിശുദ്ധ കന്യകാമറിയത്തിന്റെ വലിയപള്ളി തെരഞ്ഞെടുത്തതിനു പിന്നിൽ ആ സ്നേഹത്തിന്റെ തെളിച്ചം കാണാം.

2013ൽ മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ട ഉടനെ അദ്ദേഹം ആദ്യം നടത്തിയ സന്ദർശനം മേരി മേജർ ബസിലിക്കയിലായിരുന്നു. അതൊരു തുടക്കം മാത്രം. പിന്നീട് ഓരോ അപ്പസ്തോലികയാത്രകൾക്കു മുമ്പും ശേഷവും പാപ്പാ അവിടം സന്ദർശിക്കുമായിരുന്നു. എന്തിനേറെ, ജെമെല്ലി ആശുപത്രിയിൽനിന്ന് 38 ദിവസങ്ങൾക്കു ശേഷം സാന്താ മാർത്തയിലേക്കു മടങ്ങുമ്പോഴും, പള്ളിക്കു മുന്നിൽ കാർ നിർത്തി പ്രാർഥിക്കാൻ പാപ്പാ മറന്നില്ല.

ഏപ്രിൽ 12 ശനിയാഴ്ചയാണ് പാപ്പാ അവസാനമായി ദേവാലയത്തിലെത്തി പ്രാർഥിച്ചത്. ഇപ്പോഴിതാ, മറ്റൊരു ശനിയാഴ്ച മുതൽ അദ്ദേഹം പരിശുദ്ധ അമ്മയുടെ സവിധത്തിൽ നിത്യനിദ്ര ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

കൊണ്ടുവരാൻ ശ്രമിച്ചു. അതിനു തുടക്കം കുറിച്ചതോ, 2013ലെ പെസഹാദിനത്തിലും.

മാർപാപ്പായായ ശേഷമുള്ള ആദ്യപെസഹായിൽ, 10 പുരുഷന്മാർക്കൊപ്പം രണ്ടു സ്ത്രീകളെകൂടി ഉൾപ്പെടുത്തി കാൽകഴുകൽ വിപ്ലവത്തിന് ഫ്രാൻസിസ് തുടക്കംകുറിച്ചു. പിന്നീട് ഇതേ പതിവ് തുടർന്നു.

തുല്യതയുടെയും സമത്വത്തിന്റെയും ആശയങ്ങൾ ഉയർത്തിപ്പിടിച്ച് സ്ത്രീ ശക്തീകരണത്തിന്റെ വാതായനങ്ങൾ അദ്ദേഹം സഭയിൽ തുറന്നിട്ടു. ബിഷപ്പുമാരുടെ സിനഡുയോഗത്തിൽ സ്ത്രീകൾക്ക് വോട്ടവകാശം നല്കിയത് ഫ്രാൻസിസ് പാപ്പായാണ്. വോട്ടവകാശമുള്ള സിനഡംഗങ്ങളിൽ പാതിപ്പേർ സ്ത്രീകളായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. അതിന്റെ തുടർച്ചയെന്നോണം ഗവർണറേറ്റിന്റെ തലപ്പത്തും റോമൻ കൂരിയായുടെ ഭാഗമായ ഡിക്കാസ്റ്ററിയുടെ അധ്യക്ഷസ്ഥാനത്തും മെത്രാന്മാർക്കുള്ള ഡിക്കാസ്റ്ററിയിലും പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ സെക്രട്ടിസ്ഥാനത്തും

**ആശുപത്രി കിടക്കയിൽ കഴിയുമ്പോൾപോലും ഗാസ മുനമ്പിലെ ഏകകത്തോലിക്കാ ഇടവകയുടെ വികാരി ഫാ. റൊമാനെല്ലിയെ പാപ്പാ ഫോൺചെയ്ത് ക്ഷേമം തിരക്കിയിരുന്നു.**

സ്റ്റേറ്റ് സെക്രട്ടറിയേറ്റിലും ഇദംപ്രഥമമായി അദ്ദേഹം വനിതകളെ നിയമിച്ചു.

### സമാധാനത്തിന്റെ ഉപകരണം

കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ എന്നത് ഫ്രാൻസിസ് അസീസിയുടെ സമാധാനപ്രാർഥനയിലെ ഭാഗമാണ്. ഫ്രാൻസിസ് മാർപാപ്പാ സമാധാനത്തിന്റെ ഉപകരണമായിരുന്നു. വിഘടിച്ചുനിന്നിരുന്ന സമൂഹങ്ങളേയും രാഷ്ട്രങ്ങളെയും ചേർത്തുനിർത്താനും

## ഗാസയിലെ ക്രൈസ്തവർ അനാഥരായി

*ഫ്രാൻസിസ് മാർപാപ്പായുടെ ദേഹവിയോഗത്തോടെ എല്ലാവിധത്തിലും അനാഥരായിപ്പോയവർ ആരെങ്കിലുമുണ്ടാവുമോ? തീർച്ചയായും ഉണ്ട്. അവരാണ് ഗാസയിലെ ന്യൂനപക്ഷമായ ക്രൈസ്തവർ. കഴിഞ്ഞ 18 മാസമായി എല്ലാ ദിവസവും രാത്രിയിൽ ഫ്രാൻസിസ് മാർപാപ്പായുടെ ഫോൺകോൾ അവരെ തേടിയെത്തിയിരുന്നു. അവരുടെ ക്ഷേമത്തിൽ കരുതലും അവരുടെ സുരക്ഷയിൽ ആശങ്കയുമുള്ള ഒരു പിതാവിന്റെ ജാഗ്രതയായിരുന്നു അതിലുണ്ടായിരുന്നത്. എന്താണ് ഇന്നു കഴിച്ചത് എന്നുപോലും പാപ്പാ അന്വേഷിക്കുമായിരുന്നു.*

*സാങ്കേതികത്തകരാർ മൂലം ചിലപ്പോൾ ഏറെ സമയം കാത്തുനിന്നാൽ മാത്രമേ ഫോൺ കണക്ഷൻ കിട്ടുമായിരുന്നുള്ളൂ. അത്രയും സമയം കാത്തിരുന്നു ഫോൺ ചെയ്യുമ്പോൾ പാപ്പാ അസ്വസ്ഥതയോ അക്ഷമയോ പ്രകടമാക്കിയിരുന്നില്ല. ആശുപത്രി കിടക്കയിൽ കഴിയുമ്പോൾപോലും ഗാസ മുനമ്പിലെ ഏകകത്തോലിക്കാ ഇടവകയായ ഹോളി ഫാമിലി ഇടവകവികാരി ഫാ. ഗബ്രിയേൽ റൊമാനെല്ലിയെ പാപ്പാ ഫോൺചെയ്ത് ക്ഷേമം തിരക്കിയിരുന്നു എന്നറിയുമ്പോൾ ആരാണ് അദ്ഭുതപ്പെടാത്തത്?*

*അതുകൊണ്ടാവാം, ഞങ്ങൾ ഇപ്പോൾ ശരിക്കും അനാഥരായിരിക്കുന്നു എന്ന് ഫാ. റൊമാനെല്ലി പ്രതികരിച്ചത്. 'ഇനിയൊരിക്കലും ഞങ്ങളെ പാപ്പാ ഫോൺ ചെയ്യുകയില്ല. ഇനിയൊരിക്കലും അദ്ദേഹത്തിന്റെ സ്വരം കേൾക്കാനോ അദ്ദേഹത്തിന്റെ ഫലിതം ആസ്വദിക്കാനോ കഴിയുകയുമില്ല.' റൊമാനെല്ലി കൂട്ടിച്ചേർത്തു. ഫ്രാൻസിസ് പാപ്പായെ ഏറ്റവും കൂടുതൽ ആവശ്യമുണ്ടായിരുന്നത് ഗാസയ്ക്കായിരുന്നുവെന്ന് തോന്നിപ്പോകുന്ന പ്രതികരണം.*

ഒരുമിച്ചുകൊണ്ടുപോകാനും തന്റെ പൊന്തിഫിക്കേറ്റിലൂടെ അദ്ദേഹം സമാനതകളില്ലാത്തവിധം ശ്രമിച്ചു.

പതിറ്റാണ്ടുകളായി അനുരഞ്ജനത്തിനു യാതൊരുവിധ സാധ്യതകളുമില്ലെന്ന വിചാരത്തിലായിരുന്നു യുഎസും ക്യൂബയും. പ്രത്യയശാസ്ത്രപരമായ വിയോജിപ്പുകൾ അകലം കൂട്ടിയപ്പോൾ, ഇനിയും അനുരഞ്ജനപ്പെടാൻ സാധ്യതയുണ്ടെന്ന് അവർക്കു കാണിച്ചുകൊടുത്തതും അതിനായി ശ്രമിച്ചതും ഫ്രാൻസിസ് പാപ്പായാണ്. അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമയും ക്യൂബൻ പ്രസിഡന്റ് റൗൾകാസ്ട്രോയും 2014ൽ നടത്തിയ ചരിത്രപരമായ കൂടിക്കാഴ്ചയ്ക്കു വഴിയൊരുക്കിയത് അദ്ദേഹമായിരുന്നു.

മറ്റൊരു ശ്രദ്ധേയമായ ഇടപെടലായിരുന്നു പാലസ്തീൻ - ഇസ്രായേൽ ബന്ധം. 2014ൽ തന്നെയായിരുന്നു ഇത്തരമൊരു നീക്കം. ഷിമോൺ പെരേസിനെയും മഹമൂദ് അബാസിനെയും വത്തിക്കാനിലെ പ്രാർഥനാസമ്മേളനത്തിന് ക്ഷണിച്ചുകൊണ്ടാണ് സമാധാനത്തിന്റെ പാലം തീർക്കാൻ പാപ്പാ ശ്രമിച്ചത്.

കമ്യൂണിസ്റ്റ്രാഷ്ട്രമായ ചൈനയിൽ അണ്ടർഗ്രൗണ്ട് സഭ എന്ന നിലയിലാണ് കത്തോലിക്കാസഭ രഹസ്യമായി പ്രവർത്തിക്കുന്നത്. സർക്കാരിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന മറ്റൊരു സഭയുമുണ്ട്. ഇത്തരം സങ്കീർണമായ സാഹചര്യത്തിലാണ്, ചൈനയിൽ ബിഷപ്പുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ചരിത്രപരമായ കരാറുണ്ടാക്കാൻ ഈ സമാധാന ദൂതന് സാധിച്ചത്.

യുക്രെയ്ൻ യുദ്ധത്തിൽ പാപ്പാ നടത്തിയ സമാധാനശ്രമങ്ങൾ ലോകം മുഴുവന്റെയും പ്രശംസ പിടിച്ചുപറ്റിയതാണ്. മതിലുകളല്ല, പാലങ്ങളാണ് പണിയേണ്ടത് എന്നതായിരുന്നു പാപ്പാ എക്കാലവും വിശ്വസിച്ച ജീവിതപ്രമാണം. മനുഷ്യർക്കും രാജ്യങ്ങൾക്കുമിടയിൽ വികസനത്തിന്റെയോ സ്വരാജ്യസ്നേഹത്തിന്റെയോ പേരുപറഞ്ഞ് മതിലുകൾ തീർക്കാൻ ശ്രമിക്കുന്നവരെല്ലാം അദ്ദേഹത്തിന്റെ നിശിതവിമർശനത്തിന് പാത്രങ്ങളുമായി. ○


# ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതരേഖ

| | |
|---|---|
| 1936 | ഡിസംബർ 17ന് ജനനം |
| 1949 | ബ്യൂനസ് അയേഴ്സ് റാമോസ് മെജിയ സലേഷ്യൻ കോളജിൽ പഠനം |
| 1957 | ഗുരുതരരോഗത്തെ തുടർന്ന് ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കംചെയ്യുന്നു |
| 1958 | മാർച്ച് 11, ഈശോസഭയിലെ അംഗം |
| 1958–63 | ഹ്യൂമാനിറ്റീസ് പഠനം |
| 1963 | ഫിലോസഫി പഠനം |
| 1964–65 | ജസ്യൂട്ട് സെക്കന്ററി സ്കൂളിൽ അധ്യാപകൻ |
| 1966 | സാൽവദോർ സെക്കന്ററി സ്കൂൾ അധ്യാപകൻ |
| 1967–70 | സെമിനാരിയിൽ ദൈവശാസ്ത്രപഠനം |
| 1969 | ഡിസംബർ 13, പൗരോഹിത്യസ്വീകരണം |
| 1973 ജൂലൈ 31 | ഈശോസഭ യുറഗ്വായ് പ്രൊവിൻഷ്യൽ സുപ്പീരിയർ |
| 1980–86 | സെമിനാരി റെക്ടർ |
| 1986 | ഡോക്ടറൽ പഠനം പൂർത്തിയാക്കാൻ ജർമനിയിലേക്ക് |
| 1992–1997 | സഹായമെത്രാൻ |
| 1997 ജൂൺ 3 | ആർച്ചുബിഷപ്പ് |
| 1998 ഫെബ്രുവരി 28 | ബ്യൂനസ് അയേഴ്സ് ആർച്ചുബിഷപ്പ് |
| 2001 ഫെബ്രുവരി 21 | കർദിനാൾ |
| 2005–11 | അർജന്റീന കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് അധ്യക്ഷൻ |
| 2013 മാർച്ച് 13 | മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു |
| 2013 മാർച്ച് 19 | സ്ഥാനാരോഹണം |
| 2025 ഏപ്രിൽ 21 | സ്വർഗപ്രാപ്തൻ |

പ്രണാമം POPE FRANCIS 1936-2025



അനുഗ്രഹ് അലക്സ്



# പാപ്പാസ്ഥാനത്തേക്ക് ദൈവം എന്നെ പ്രതീക്ഷിച്ചിരുന്നു

**കോൺക്ലേവിലെ മൂന്നുമിനിറ്റ് പ്രസംഗം തന്റെ ജീവിതഗതിതന്നെ മാറ്റിയെഴുതിയെന്ന് ഫ്രാൻസിസ് പാപ്പാ.**

'എന്റെ ജീവിതം പിന്നെയും ബഹളമയമായി. അത് ദൈവപദ്ധതിയുടെ ഭാഗമായിരുന്നു. കർത്താവ് എന്നോടൊപ്പം ഉണ്ടായിരുന്നു. എനിക്കത് അനുഭവമായിരുന്നു. പാപ്പാസ്ഥാനത്തേക്ക് ദൈവപിതാവ് എന്നെ പ്രതീക്ഷിച്ചിരുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട കർദിനാൾമാർ സഭയെയും ദൈവജനത്തെയും സേവിക്കാനായി എന്നെ തെരഞ്ഞെടുക്കുകയായിരുന്നു. എന്റെ പുതിയ ചുമതലകൾ നിർവഹിക്കുന്ന കാര്യത്തിൽ കർത്താവ് എനിക്കൊപ്പം സഞ്ചരിച്ചു.' പാപ്പാപദവി ഏറ്റെടുത്ത നിമിഷങ്ങളെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ, ഹോപ്പ് എന്ന

ആത്മകഥയിൽ രേഖപ്പെടുത്തുന്നത് ഇങ്ങനെ.

2013ലെ കോൺക്ലേവിൽ മാർച്ച് ഒമ്പതിന് മൂന്നുമിനിറ്റ് സമയം പ്രസംഗിക്കാൻ കിട്ടിയപ്പോൾ, പുതിയ പോപ്പിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കർദിനാൾ ബെർഗോളിയോ അവതരിപ്പിച്ചത് ഇങ്ങനെ: ഈശോയെ ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന, ഉള്ളിൽനിന്നും പുറത്തുവന്ന് ലോകത്തിന്റെ അതിരുകളിലേക്കു സഞ്ചരിക്കാൻ സഭയെ സഹായിക്കുന്ന ഒരാളാവണം അത്. സന്തോഷവും സൗഖ്യവും പ്രദാനം ചെയ്യുന്ന ഉറവിടമാകണം സുവിശേഷവത്കരണം. അതിൽ ജീവനെ കണ്ടെത്താനും അതിലൂടെ സഫലയായ ഒരമ്മയായി മാറാനും സഭയെ സഹായിക്കാൻ പുതിയ പോപ്പിനാവണം. ആ മൂന്നുമിനിറ്റ് തന്റെ ജീവിതഗതിതന്നെ മാറ്റിയെഴുതിയെന്ന് ഫ്രാൻസിസ് പാപ്പാ പറയുന്നു.

ആ പ്രസംഗം അവിടെ കൂടിയ എല്ലാ കർദിനാൾമാരെയും ആഴത്തിൽ സ്പർശിച്ചു. പലരുടെയും ശ്രദ്ധ അദ്ദേഹത്തിലേക്കായി. അതിന്റെ അനന്തരഫലമാവാം അദ്ദേഹത്തിന്റെ പാപ്പാസ്ഥാനം.

ഹാവന്നയുടെ ആർച്ചുബിഷപ്പ് കർദിനാൾ ജെയ്മി ഒർട്ടേഗയാണ് കർദിനാൾ ബെർഗോളിയോയ്ക്കു പാപ്പാസാധ്യതയുടെ ആദ്യസൂചന നല്കിയതെന്ന് അദ്ദേഹം അനുസ്മരിക്കുന്നു. പ്രസംഗം കഴിഞ്ഞ് ഉച്ചഭക്ഷണത്തിന് സാന്താ മാർത്തയിൽ സമ്മേളിച്ചപ്പോൾ ആർച്ചുബിഷപ്പ് ജെയ്മി പ്രസംഗത്തിന്റെ കോപ്പി ചോദിച്ചു. കൈകൊണ്ടെഴുതിയ ഒരു കോപ്പി മാത്രമേ കയ്യിലുണ്ടായിരുന്നുള്ളൂ. അതു വാങ്ങുമ്പോൾ കർദിനാൾ ജെയ്മിയുടെപ്രതികരണം: 'പുതിയ പോപ്പിന്റെ കൈയിൽനിന്നും എന്നേക്കും സൂക്ഷിക്കാനായി ഒരു സമ്മാനം എനിക്കു കിട്ടി.'

സാന്തിയാഗോയിലെ ആർച്ചുബിഷപ്പ് കർദിനാൾ ഫ്രാൻസിസ്കോയുടേതായിരുന്നു അടുത്ത ഊഴം. താങ്കൾ പ്രസംഗം തയാറാക്കിയോ എന്നായിരുന്നു ചോദ്യം. ഏതു പ്രസംഗം എന്നു ചോദിച്ച് അമ്പരന്ന

**ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ വാതായനങ്ങൾ തുറന്നിട്ട് പരിശുദ്ധാത്മാവേ വരിക എന്നു പ്രാർഥിച്ചതുപോലെ, ഫ്രാൻസിസ് പാപ്പായും പരിശുദ്ധാത്മാവിനെ വിളിച്ചുവരുത്തുകയായിരുന്നു.**



# ഫ്രാൻസിസ് പാപ്പാ
# ഏറ്റവും ഓർഗാനിക്കായ ശ്വാസം



ബോബി ജോസ്
കപ്പൂച്ചിൻ

**ഫ്രാൻസിസ് വലിയൊരു ബാധ്യതയാണ്; ദരിദ്രരാകാനുള്ള ബാധ്യത, ദരിദ്രരോടൊപ്പമാകാനുള്ള ബാധ്യത.**

പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട ദിവസം കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ സ്വീകരിച്ച പേര് അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റേതായിരുന്നു. അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് എന്നു പറയുന്നത് ഭൂമിയിലേക്കും വെച്ചേറ്റവും ഭംഗിയുള്ള സുവിശേഷത്തിന്റെ ഒരു പര്യായമാണ്. എവിടെയൊക്കെയോ തെല്ലു മയക്കത്തിലായിരുന്ന സഭയ്ക്ക് - കുറച്ചു കഠിനമായി പറയുകയാണെങ്കിൽ ഒരു വെന്റിലേറ്ററിലേക്ക് എടുത്തു പോകേണ്ടിവരുന്നുവെന്ന മട്ടിലുള്ള ഒരു സഭയ്ക്ക് - അത്തരമൊരു കാലത്തിനകത്ത് കിട്ടിയ ഏറ്റവും ഓർഗാനിക്ക് ആയ ശ്വാസത്തിന്റെ പേരാണ് ഫ്രാൻസിസ്. എന്തൊരു സ്നേഹമാണ് ഈ മനുഷ്യൻ സ്വീകരിച്ച പേരുൾപ്പെടെയുള്ള കാര്യങ്ങൾക്കു ലഭിച്ചത്. ഫ്രാൻസിസ് എന്നുപറയുന്നത് ഒരു പേരല്ല, ഒരു ആറ്റിറ്റ്യൂഡിന്റെയോ ദിശയുടെയോ പേ

ബെർഗോളിയോയോട് അദ്ദേഹം പറഞ്ഞു: ബാൽക്കണിയിൽ പ്രത്യക്ഷപ്പെടുമ്പോൾ പറയാനുള്ള പ്രസംഗം. ഉച്ചഭക്ഷണത്തിനിരിക്കുമ്പോൾ യൂറോപ്യൻ കർദിനാൾമാരുടെ പക്കൽനിന്നും ചില സൂചനകൾ കിട്ടി. ആദ്യവോട്ടെടുപ്പിൽതന്നെ കർദിനാൾ ബെർഗോളിയോ ഏകദേശം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഉച്ചയ്ക്കു ശേഷമുള്ള മൂന്നാമത്തെ വോട്ടെടുപ്പിൽ എഴുപത്തിയേഴാമത്തെ ബാലറ്റും എണ്ണിക്കഴിഞ്ഞപ്പോൾ കർദിനാൾമാരിൽ മൂന്നിൽ രണ്ടുഭാഗത്തിന്റെയും പിന്തുണ കർദിനാൾ ബെർഗോളിയോയ്ക്കായിരുന്നു.

ബെനഡിക്ട് പതിനാറാമന്റെ പിൻഗാമിയും 266-ാമത് പാപ്പായുമായി 2013 മാർച്ച് 13ന് അർജന്റീനക്കാരൻ കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ പത്രോസിന്റെ സിംഹാസനത്തിലെത്തി. കത്തോലിക്കാ സഭയ്ക്ക് അതൊരു നവീകരണത്തിന്റെ കാലമായി മാറിയെന്നത് വാസ്തവം. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പാ വാതായനങ്ങൾ തുറന്നിട്ട് പരിശുദ്ധാത്മാവേ വരിക എന്നു പ്രാർഥിച്ചതുപോലെ, ഫ്രാൻസിസ് പാപ്പായും പരിശുദ്ധാത്മാവിനെ വിളിച്ചുവരുത്തുകയായിരുന്നു. പരിശുദ്ധാത്മചൈതന്യത്തിൽ നിറഞ്ഞുനിന്ന ഒരു വ്യാഴവട്ടക്കാലം.

പേരുപോലെ ലാളിത്യവും ദാരിദ്ര്യവും കൈമുതലാക്കിയതായിരുന്നു പോപ്പ് ഫ്രാൻസിസിന്റെ ജീവിതവും പ്രവർത്തനവും. ബാലറ്റുകൾ എണ്ണിക്കൊണ്ടിരിക്കുമ്പോൾ കർദിനാൾ ഹമ്മെസ് അരികിൽവന്ന് കാതിൽപറഞ്ഞ കാര്യം, 'ദരിദ്രരെ മറക്കരുതേ' എന്ന നിർദേശം, മരണംവരെ ഫ്രാൻസിസ് പാലിച്ചു. എന്നും ദരിദ്രരുടെ പക്ഷംപിടിച്ചും അവർക്കൊപ്പവുമായിരുന്നു അദേഹം. പാവങ്ങളെക്കൊണ്ട് ഞാൻ സ്വർഗം നിറയ്ക്കും എന്നു മദർ തെരേസ പറഞ്ഞതുപോലെ, പാവങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ ഫ്രാൻസിസ് പാപ്പാ സ്വർഗത്തിലെത്തിയിരിക്കുന്നു എന്നതാണ് നമുക്കുള്ള ഏക ആശ്വാസം. ○

രാണ്. ഈ ദിശയെ ഗൗരവതരമായി എടുത്ത ഒരാളെന്ന നിലയിലാണ് ഈ മാർപാപ്പാ ഈ ലോകത്തിന് ഇത്രയും പ്രിയപ്പെട്ടവനായി മാറുന്നത്.

യേശു പതുക്കെ പതുക്കെ നമുക്ക് അപ്രാപ്യമായ വിധത്തിൽ അകന്നുപൊയ്ക്കൊണ്ടിരുന്ന കാലത്തിലാണ് ഈ മനുഷ്യൻ നമ്മുടെ ചിത്രത്തിലേക്കു വരുന്നത്. ദരിദ്രരുടെ ദരിദ്രസഭയെന്നതാണ് ഈ മനുഷ്യൻ സഭയ്ക്കു കൊടുത്തിരിക്കുന്ന ടാഗ് ലൈൻ. രണ്ടും പ്രധാനപ്പെട്ടതാണ്. ദാരിദ്ര്യം എന്നൊക്കെ പറയുന്നത് സഭ കുറേക്കാലമായി അഡ്രസ് ചെയ്യാൻ വൈമുഖ്യം കാണിച്ചതിന്റെ പേരാണ്. ഫ്രാൻസിസ് വലിയൊരു ബാധ്യതയാണ്; ദരിദ്രരാകാനുള്ള ബാധ്യത, ദരിദ്രരോടൊപ്പമാകാനുള്ള ബാധ്യത.

13-ാം നൂറ്റാണ്ടിലെ ആ ചെറുപ്പക്കാരൻ വിളിച്ചുപറഞ്ഞതുകണക്കെ, സുവിശേഷത്തിലേക്കു മടങ്ങാനാണ് ഈ മനുഷ്യൻ നമ്മോടു പറഞ്ഞുകൊണ്ടിരുന്നത്. ജോയി ഓഫ് ഗോസ്പൽ എന്ന പദം വളരെ പ്രധാനപ്പെട്ടതാണ്. രണ്ടു ബൈബിൾ പ്രതീകങ്ങളെ ഈ മനുഷ്യൻ ഓർമിപ്പിക്കുന്നു. 153 മത്സ്യങ്ങൾ കുടുങ്ങിയിട്ടും പൊട്ടാത്ത ഒരു വല. എല്ലാറ്റിനകത്തും സ്പിരിചാലിറ്റിയുടെ മാനം കൊടുക്കാൻ ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഫുട്ബോൾ ഭ്രാന്തുണ്ട്. കുഞ്ഞുങ്ങളോട് ഇഷ്ടമുണ്ട്. പുതിയ കൗതുകങ്ങൾക്കുവേണ്ടി ഇത്രയും പ്രസാദത്തോടെ ആരും നിന്നുകൊടുത്തിട്ടില്ല. സെൽഫി എടുക്കാൻവേണ്ടി നിന്നുകൊടുക്കുന്ന ഒരു പോപ്പ് എന്നത് ഈ സഭയുടെ ചരിത്രത്തിനകത്ത് ഇല്ലാത്തതാണ്. ഈ മനുഷ്യൻ ഉണ്ടാക്കുന്ന ആന്തരികതയുടെ ഗ്രാവിറ്റി സങ്കല്പിക്കാൻപോലും കഴിയാത്തതാണ്.

ഇത്രമാത്രം കുസൃതിയും വിനോദവും സ്വീകരിക്കുമ്പോഴും, അവനവന്റെ ആന്തരികതയുടെ കാതൽ ശക്തമായി സൂക്ഷിക്കാനുള്ള ഏറ്റവും നല്ല മെറ്റഫറായിട്ടാണ് ഈ മനുഷ്യൻ എനിക്കനുഭവപ്പെടുന്നത്.



# വിയോഗത്തിന്റെ നാൾവഴി

**കാമർലെംഗോ കർദിനാൾ കെവിൻ ഫാരെലാണ് പാപ്പായുടെ മരണം ലോകത്തെ ഔദ്യോഗികമായി അറിയിച്ചത്.**

ഫ്രാൻസിസ് മാർപാപ്പാ ശ്വാസതടസം നേരിടുന്നുവെന്ന് അറിയിച്ചുകൊണ്ടുള്ള വത്തിക്കാന്റെ മെഡിക്കൽ ബുള്ളറ്റിൻ ആദ്യം പുറത്തുവന്നത് 2025 ഫെബ്രുവരി ആറിനാണ്. തുടർന്ന് നേരത്തെ പ്ലാൻ ചെയ്ത പല പരിപാടികളും റദാക്കി. ഫെബ്രുവരി 14ന് ഒരു യോഗത്തിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ പാപ്പായ്ക്ക് കലശലായ ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് റോമിലെ ജെമെല്ലി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ബ്രൊങ്കൈറ്റിസ് ഗുരുതരമായതിനാലാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതെന്നും, ശ്വാസകോശത്തിൽ അണുബാധയുണ്ടെന്നും വത്തിക്കാൻ മെഡിക്കൽ ബുള്ളറ്റിൻ.

ബൈലാറ്ററൽ ന്യൂമോണിയയാണ് പാപ്പായ്ക്കുള്ളതെന്ന് മെഡിക്കൽ സ്ഥിരീകരണം. ചികിത്സ ആരംഭിച്ചു കഴിഞ്ഞ് പുറത്തുവന്നുകൊണ്ടിരുന്ന വാർത്തകൾ ആശങ്കകളുണർത്തി. ആരോഗ്യസ്ഥിതി വഷളായി തുടരുന്ന സാഹചര്യത്തിൽ, നല്കിക്കൊണ്ടിരുന്ന ചികിത്സ അവസാനിപ്പിക്കാൻ പോലും ആലോചിച്ചെന്ന് ഡോ. സെർജിയോ അൽഫിയേരിയുടെ വെളിപ്പെടുത്തൽ.

ഫെബ്രുവരി 28 വെള്ളിയാഴ്ച ആരോഗ്യനില കൂടുതൽ വഷളായി. ഛർദിയെ തുടർന്നുള്ള ശ്വാസതടസമാണ് നില മോശമാക്കിയത്. ആ രാത്രി അദേഹം മുഴുമിപ്പിക്കയില്ലെന്ന ആശങ്ക ഡോക്ടേഴ്സ് പങ്കുവെച്ചു. രണ്ടു വഴികൾ മാത്രമേ അവർക്കു മുന്നിലുണ്ടായിരുന്നുള്ളൂ; ചികിത്സ അവസാനിപ്പിച്ച് സമാധാനത്തിൽ പോകാൻ അദേഹത്തെ അനുവദിക്കുക. അഥവാ, എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ജീവൻ നിലനിർത്താൻ യത്നിക്കുക.

കാഠിന്യമേറിയ മരുന്നുകൾ അദേഹത്തിന്റെ മറ്റ് അവയവങ്ങളെക്കൂടി അപകടത്തിലാക്കിയേക്കാം എന്ന ആശങ്കയായിരുന്നു ഇത്തരമൊരു ആലോചനയ്ക്കു പിന്നിൽ. എല്ലാ ശ്രമങ്ങളും നടത്തുക, പിന്മാറരുത് എന്ന പാപ്പായുടെ സ്വകാര്യ നഴ്സിന്റെ വാക്കുകൾ ഡോക്ടർമാരെ കൂടുതൽ ധീരരാക്കി. അവർ തുടർചികിത്സകളുമായി മുന്നോട്ടുനീങ്ങി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പാപ്പായുടെ രോഗസൗഖ്യത്തിനുവേണ്ടി പ്രാർഥനകൾ തുടർന്നുകൊണ്ടേയിരുന്നു.

ജെമെല്ലി ആശുപത്രിയിൽ ദിവസേന ദിവ്യകാരുണ്യാരാധനയും വിശുദ്ധ



കുർബാനയും ജപമാലയും. ജെമെല്ലി ഹോസ്പിറ്റലിലെ ഡോക്ടർമാരും നഴ്സുമാരും ആരോഗ്യപ്രവർത്തകരും സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്ക് നടത്തിയ തീർഥാടനങ്ങൾ. എല്ലാറ്റിന്റെയും നിയോഗം ഒന്നുമാത്രമായിരുന്നു.

പ്രാർഥനകളുടെ ഫലമായി പാപ്പായുടെ ആരോഗ്യസ്ഥിതിയിൽ ഗണ്യമായ പുരോഗതിയുണ്ടായി. വൃക്കകളുടെ പ്രശ്നം പരിഹരിക്കപ്പെട്ടു. സിടി സ്കാൻ പരിശോധനാഫലത്തിലും രക്തപരിശോധനയിലും കാതലായ മാറ്റം. പാപ്പാ വിശുദ്ധ കുർബാന സ്വീകരിച്ചെന്ന വാർത്തയും വൈകാതെയുണ്ടായി.

38 ദിവസങ്ങൾക്കുശേഷം മാർച്ച് 23ന് ആശുപത്രിയിൽനിന്ന് സാന്താ മാർത്തയുടെ ശാന്തതയിലേക്കു മടക്കം. ആരോഗ്യനിലയിൽ ആശാവഹമായ പുരോഗതിയുണ്ടെന്നു വ്യക്തമാക്കുന്ന ചിത്രങ്ങളും വാർത്തകളും വത്തിക്കാൻ പുറത്തുവിട്ടു. രോഗികളുടെയും ആരോഗ്യപ്രവർത്തകരുടെയും ജൂബിലി സമാപനത്തിലെ വിശുദ്ധ കുർബാനയ്ക്കിടെ ദിവ്യകാരുണ്യ സ്വീകരണസമയത്ത് അപ്രതീക്ഷിതമായി പാപ്പാ കടന്നുവന്നു. വീൽച്ചെയറിൽ സപ്ലിമെന്റ് ഓക്സിജൻ നല്കുന്ന നേസൽ കാനുലകൾ ധരിച്ച്

**2025 ഏപ്രിൽ 17ന് പാപ്പാ റോമിലെ റെജീന കോലി ജയിൽ സന്ദർശിച്ചു. ജയിൽപ്പുള്ളികളുടെ പാദക്ഷാളനം നടത്തി ചുംബിക്കുന്ന പതിവ് അനാരോഗ്യംമൂലം ഇത്തവണ ഉണ്ടായില്ല.**


നഴ്സിന്റെ സഹായത്തോടെയായിരുന്നു സന്ദർശനം.

ഓശാന ഞായറാഴ്ച തിരുക്കർമങ്ങളുടെ അവസാനം പാപ്പാ വീൽച്ചെയറിലെത്തി വിശ്വാസികളെ അഭിവാദനം ചെയ്തു: 'സന്തോഷകരമായ ഓശാനതിരുനാൾ ആശംസിക്കുന്നു. വിശുദ്ധവാരത്തിലേക്കു പ്രവേശിക്കാം.'

2025 ഏപ്രിൽ 17ന് റോമിലെ റെജീന കോലി ജയിൽ സന്ദർശിച്ചു. പെസഹാ വ്യാഴാഴ്ച ജയിൽപ്പുള്ളികളുടെ പാദക്ഷാളനം നടത്തി ചുംബിക്കുന്ന പതിവ് ഇത്തവണ ഉണ്ടായില്ല. 30 മിനിറ്റോളം അവിടെ ചെലവഴിച്ചിട്ടു മടക്കം. കാലുകഴുകൽ ചടങ്ങിൽ പങ്കെടുക്കാൻ ആരോഗ്യം അനുവദിക്കുന്നില്ലെന്നു പറഞ്ഞ് ഖേദം പ്രകടിപ്പിക്കാൻ മറന്നില്ല.

ഈസ്റ്റർ ഞായറാഴ്ച റോമാനഗരത്തിനും ലോകം മുഴുവനുമായുള്ള ഔദ്യോഗികാ

# സീറോ മലബാർ സഭയ്ക്ക് മറക്കാനാവാത്ത വ്യക്തിത്വം



കർദിനാൾ
ജോർജ്
ആലഞ്ചേരി

*പുതിയ മാർപാപ്പായെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് മുതൽ എനിക്ക് ഫ്രാൻസിസ് പാപ്പായുമായി പരിചയമുണ്ട്. സ്ഥാനത്യാഗം ചെയ്തുകൊണ്ടുള്ള ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രഭാഷണം നടക്കുമ്പോൾ കർദിനാൾ ബെർഗോളിയോയുടെ (പിന്നീട് ഫ്രാൻസിസ് പാപ്പാ) ഇടത്തുവശത്ത് ഞാനിരിപ്പുണ്ട്. അന്ന് ഞങ്ങൾ തമ്മിൽ പരിചയമില്ല. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായിരുന്നപ്പോഴും, ഇപ്പോൾ കർദിനാൾ എന്ന നിലയിലും പാപ്പായുമായി നേരിട്ട് ഇടപെടാൻ ഒട്ടേറെ അവസരം ലഭിച്ചിട്ടുണ്ട്.*


*സിറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം പരിശുദ്ധ പിതാവ് ഏറെ ആദരവും പ്രോത്സാഹനവും നല്കി എന്ന കാര്യം എടുത്തുപറയണം. പ്രധാനമായും രണ്ടു കാര്യങ്ങളാണ് ഞാൻ ഉൾപ്പെട്ട സിനഡു പിതാക്കന്മാർ പാപ്പായുടെ മുന്നിൽവെച്ചത്: സീറോ മലബാർ സഭയ്ക്ക് ഗൾഫ് രാജ്യങ്ങളിലെ അജപാലനാധികാരം സംബന്ധിച്ചും, ഇന്ത്യ മുഴുവനുമുള്ള അജപാലനപരവും പ്രേഷിതപരവുമായ അധികാരവും സംബന്ധിച്ചുമുള്ള കാര്യങ്ങളായിരുന്നു അവ. പിന്നീടുള്ള കൂടിക്കാഴ്ചകളിൽ ഈ രണ്ടു വിഷയങ്ങളിലും അനുകൂലനിലപാടായിരുന്നു പാപ്പായുടേത്.*

*ഫ്രാൻസിസ് പാപ്പാ നർമസംഭാഷണങ്ങൾ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്തിരുന്നു. മേജർ ആർച്ചുബിഷപ്പായ ശേഷം മലങ്കര സഭാതലവനും ഞാനും റോമിലെ സിനഡിൽ സംബന്ധിച്ച സന്ദർഭം. സാധാരണ സഭാപിതാക്കന്മാർക്കെല്ലാം തലയിൽ തൊപ്പിയോ ശിരോവസ്ത്രമോ ഉണ്ടാകും. സീറോ മലബാർ സഭയിലെ പിതാക്കന്മാർക്ക് അതില്ല. എന്നെ നോക്കി 'തലയിൽ ഒന്നുമില്ലല്ലോ' എന്നു പാപ്പാ ന*

ശീർവാദമായ ഊർബി എത് ഓർബിയും പാപ്പാ നല്കി. സാധാരണജീവിതത്തിലേക്ക് എത്തിക്കൊണ്ടിരുന്ന ഈ സാഹചര്യത്തിലാണ് അപ്രതീക്ഷിതമായി മരണമെത്തിയത്.

പക്ഷാഘാതവും ഹൃദയസ്തംഭനവുമായിരുന്നു കാരണം. പക്ഷാഘാതത്തെതുടർന്ന് കോമയിലായ പാപ്പായ്ക്ക് പെട്ടെന്നുതന്നെ ഹൃദയസ്തംഭനവുമുണ്ടായി. വത്തിക്കാൻ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് ഡയറക്ടർ പ്രഫ. ആൻഡ്രിയ ആർക്കെഞ്ജെലി മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. കാമർലെംഗോ കർദിനാൾ കെവിൻ ഫാരെലാണ് പാപ്പായുടെ മരണം ലോകത്തെ ഔദ്യോഗികമായി അറിയിച്ചത്.

'പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ മരണം വളരെ ദുഃഖത്തോടെ ഞാൻ നിങ്ങളെ അറിയിക്കുന്നു. ഇന്നു രാവിലെ ഇറ്റാലിയൻ സമയം 7.35ന് റോമിന്റെ മെത്രാൻ ഫ്രാൻസിസ് പാപ്പാ നിത്യപിതാവിന്റെ ഭവനത്തിലേക്കു മടങ്ങി. കർത്താവിന്റെയും അവന്റെ സഭയുടെയും സേവനത്തിനായി അദ്ദേഹത്തിന്റെ ജീവിതം പൂർണമായും സമർപ്പിച്ചു.



*ർമം കലർത്തി ചോദിച്ചു. 'അല്പമുണ്ട്, അത് ഉള്ളിലാണ്' എന്നായിരുന്നു എന്റെ മറുപടി. നർമബോധത്തോടെ പറയുന്ന കാര്യങ്ങൾക്ക് അതേ രീതിയിൽ പ്രതികരിക്കാനുള്ള സ്വാതന്ത്ര്യം പാപ്പാ നല്കുന്നുണ്ടെന്നതിന് തെളിവായിരുന്നു ആ സംഭവം. അതുപോലെതന്നെ, ഞാൻ പിതാവിനുവേണ്ടി പ്രാർഥിക്കുന്നുണ്ട് എന്നൊരാൾ പറഞ്ഞപ്പോൾ, അത് എനിക്ക് അനുകൂലമായിട്ടാണോ എതിരായിട്ടാണോ എന്നായിരുന്നു പാപ്പായുടെ മറുചോദ്യം. മേജർ ആർച്ചുബിഷപ്പ് ശുശ്രൂഷയിൽനിന്നു വിരമിച്ച ശേഷവും വത്തിക്കാനിലെ സിനഡിൽ പങ്കെടുക്കാൻ പാപ്പാ എന്നെ നോമിനേറ്റു ചെയ്തിരുന്നു.*

*സീറോ മലബാർ സഭയിലെ പ്രശ്നങ്ങൾക്ക് സഭാസിനഡ് മുന്നോട്ടുവെച്ച പരിഹാരകാര്യങ്ങളിൽ പരിശുദ്ധ പിതാവ് അനുകൂല നിലപാടാണ് സ്വീകരിച്ചത്. സിനഡിനെയും വ്യക്തിപരമായി എന്നെയും ശക്തിപ്പെടുത്തുകയായിരുന്നു അദ്ദേഹം.*

*ഏതു പ്രതിസന്ധിഘട്ടത്തിലും പ്രതീക്ഷ നല്കുന്ന വാക്കുകളും പ്രവൃത്തികളുമാണ് ഫ്രാൻസിസ് മാർപാപ്പായുടെ പക്കൽനിന്നും ലഭിച്ചിരുന്നത്. സാഹചര്യങ്ങൾ എത്ര പ്രതികൂലമാണെങ്കിലും നാം പ്രത്യാശയോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് പാപ്പാ പറയുമായിരുന്നു.*

സുവിശേഷമൂല്യങ്ങൾ വിശ്വസ്തതയോടും ധൈര്യത്തോടും സാർവത്രിക സ്നേഹത്തോടുംകൂടി, പ്രത്യേകമായി ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പക്ഷം ചേർന്ന് ജീവിക്കാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു. കർത്താവായ ഈശോയുടെ യഥാർഥ ശിഷ്യനെന്ന നിലയിൽ അദ്ദേഹം നല്കിയ മാതൃകയ്ക്ക് അതിയായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട്, പാപ്പായുടെ ആത്മാവിനെ ഏകവും ത്രിത്വവുമായ ദൈവത്തിന്റെ അനന്തമായ കരുണാമയ സ്നേഹത്തിന് നമുക്കു സമർപ്പിക്കാം.'

## കബറടക്കം

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ തിങ്ങിനിറഞ്ഞ വിശ്വാസിസമൂഹത്തിന്റെ 'സാന്തോ സുബിതോ' (ഉടനെ വിശുദ്ധനാക്കൂ) ആർപ്പുവിളികളുടെ ഇടയിലൂടെ ഫ്രാൻസിസ് മാർപാപ്പായുടെ ഭൗതികദേഹം, നിത്യവിശ്രമത്തിന് അദ്ദേഹം തെരഞ്ഞെടുത്ത മേരി മേജർ ബസിലിക്കയിലേക്ക് സംവഹിക്കപ്പെട്ടു. ശനിയാഴ്ച രാവിലെ 10നു കബറടക്കശുശ്രൂഷകൾക്ക് ആരംഭമായി. കർദിനാൾ കോളജിന്റെ ഡീൻ ജിയോവാനി ബാത്തിസ്ത റേയായിരുന്നു വി. കുർബാന

യിൽ മുഖ്യകാർമികൻ. 220 കർദിനാളന്മാരും 750 ബിഷപ്പുമാരും നാലായിരത്തിലധികം വൈദികരും സഹകാർമികരായി.

ഇന്ത്യൻ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എന്നിവരുൾപ്പെടെ 130 രാജ്യങ്ങളുടെ പ്രതിനിധികൾ കബറടക്കശുശ്രൂഷയിൽ പങ്കെടുത്തു. വിപരീത നിലപാടെടുക്കുന്ന ലോകനേതാക്കൾ വി. കുർബാനക്കിടയിൽ പരസ്പരം കൈകൊടുക്കുന്നതും പുഞ്ചിരിക്കുന്നതും കൗതുകമുണർത്തിയ കാഴ്ചയായി. ദിവ്യബലിയെത്തുടർന്ന് പൗരസ്ത്യസഭകളുടെ തലവന്മാർ ഒന്നുചേർന്നു നടത്തിയ പ്രാർഥനകൾ സഭാകൂട്ടായ്മയുടെ അടയാളമായി.

വി. കുർബാനയ്ക്കു ശേഷമായിരുന്നു വിലാപയാത്ര. വത്തിക്കാനിൽനിന്നും പിയാസ വെനീസായും റോമൻ ഫോറവും കൊളോസിയവും കടന്ന് മേരി മേജർ ബസിലിക്കയിലെത്തിയ ചരിത്രയാത്ര. മൃതദേഹപേടകം വഹിക്കുന്ന പേപ്പൽ മൊബീലിനെ മാതാവിന്റ പള്ളിയിൽ എതിരേറ്റത് ഫ്രാൻസിസ് പാപ്പായുടെ സുഹൃത്തുക്കളായ സാധാരണക്കാരുടെ പ്രതിനിധികൾ ചേർന്നാണ്. ലോകനേതാക്കളെയും ഏറ്റവും സാധാരണക്കാരെയും ചേർത്തുനിർത്തിയ മാർ പാപ്പാ, തനിക്കു പ്രിയപ്പെട്ട ദേവാലയത്തിൽ തീർത്തും ലളിതമായി രൂപകല്പന ചെയ്ത കബറിടത്തിൽ നിത്യവിശ്രമം കൊള്ളുന്നു. ○

**ഫ്രാൻസിസ് പാപ്പായുടെ മൃതദേഹസംസ്കാരശുശ്രൂഷയിൽ നടത്തിയ വചനപ്രഘോഷണത്തിൽ നിന്നും.**

കഴിഞ്ഞ 12 വർഷക്കാലത്തെ പത്രോസിനടുത്ത ശുശ്രൂഷാകാലയളവിൽ ഫ്രാൻസിസ് പാപ്പാ നിരവധി തവണ വിശുദ്ധ ബലിയർപ്പിച്ച വത്തിക്കാൻ ചത്വരത്തിൽ ഇന്ന് അദ്ദേഹത്തിന്റെ ഭൗതികശരീരത്തിനു ചുറ്റുംനിന്ന് ഹൃദയവേദനയോടെ പ്രാർഥനകൾ ചൊല്ലുമ്പോൾ നാം തിരിച്ചറിയുന്നു; വിശ്വാസം ഉറപ്പുവരുത്തുന്ന അനശ്വരത കല്ലറകളിൽ ഒതുങ്ങുന്നില്ല. മറിച്ച്, ഒരിക്കലും അവസാനിക്കാത്ത സന്തോഷം അലയടിക്കുന്ന പിതൃഭവനത്തിൽ അതു നമ്മെ എത്തിക്കുന്നു.

ഉയിർപ്പുതിരുനാളിൽ ശാരീരികമായി ഗുരുതരാവസ്ഥയിലായിരുന്നെങ്കിലും ബസിലിക്കയുടെ ബാൽക്കണിയിൽനിന്ന് അദ്ദേഹം നമുക്കു നല്കിയ ആശീർവാദവും, തുടർന്ന് വത്തിക്കാൻ ചത്വരത്തിലെത്തി ആളുകളെ അഭിവാദ്യം ചെയ്തതും ഇപ്പോഴും സ്നേഹനിർഭരമായ ഒരോർമയായി നിലനില്ക്കുന്നു.

തിരുവചനത്തിൽ, യേശുവിന്റെ പത്രോസിനോടുള്ള ചോദ്യങ്ങൾ നാം ശ്രവിച്ചു: പത്രോസേ, നീ ഇവരേക്കാൾ എന്നെ സ്നേഹിക്കുന്നുവോ? പത്രോസ് നല്കിയ മറുപടി സ്വാഭാവികവും ആത്മാർഥത നിറഞ്ഞതുമായിരുന്നു. കർത്താവേ, നീ എല്ലാം അറിയുന്നു; ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നിനക്കറിയാമല്ലോ! പത്രോസിന് യേശു നല്കുന്ന ദൗത്യം, എന്റെ ആടുകളെ മേയിക്കുക എന്നതാണ്. 'സേവിക്കപ്പെടാനല്ല, സേവിക്കാനും എല്ലാവർക്കുമായി സ്വന്തം ജീവൻ നല്കാനും വന്ന യേശുവിന്റെ അതേ സേവനമാതൃക തുടരുകയെന്നതാണ് പത്രോസിന്റെ പിൻഗാമികളുടെയും ദൗത്യം. ഈ ദൗത്യം അഭംഗുരം ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയായിരുന്നു ഫ്രാൻസിസ് പാപ്പാ. അവസാനനാളുകളിൽ വേദനയുടെ നിമിഷങ്ങളിൽപോലും അദ്ദേഹം ആത്മദാനത്തിന്റെ ഈ പാത പിന്തുടർന്നു.

ഏറ്റവും ചെറിയവർക്ക് ജീവിതത്തിൽ അതുല്യമായ സ്ഥാനം നല്കിയ പാപ്പായാണ് ഫ്രാൻസിസ്. സമൂഹത്തിൽ ഉടലെടുക്കുന്ന മാറ്റങ്ങളിലും, പരിശുദ്ധാത്മാവ് സഭയിൽ പ്രചോദിപ്പിക്കുന്ന കാര്യങ്ങളിലും അദ്ദേഹം ഏറെ ശ്രദ്ധപുലർത്തി. ആധുനികലോകത്തെ പ്രശ്നങ്ങളെ ഉയർത്തിക്കാട്ടാനും, വെല്ലുവിളികളുടെയും വൈരുധ്യങ്ങളുടെയും നടുവിൽ ക്രിസ്ത്യാനികളായി ജീവിക്കാനും സ്വതസിദ്ധമായ ഭാഷയിൽ പാപ്പാ ആഹ്വാനം ചെയ്തു. സഭയിൽനിന്നും അകന്നു കഴിയുന്നവരെപോലും ഔപചാരികത തെല്ലുമില്ലാതെ അഭിസംബോധന ചെയ്യാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

സഭ എല്ലാവരുടെയും ഭവനമാണ്; എല്ലായ്പോഴും തുറന്നിട്ടിരിക്കുന്ന വാതിലുകളുള്ള ഒരു വീട്. സഭയെ ഒരു ആതുരാലയം എന്നു വിശേഷിപ്പിക്കാൻ ഫ്രാൻസിസ്

# ദൈവകരുണയുടെ പ്രവാചകനായിരുന്നു ഫ്രാൻസിസ് പാപ്പാ

പാപ്പായെ പ്രചോദിപ്പിച്ചത് ഈ ബോധ്യമാണ്. എല്ലാവിധ വിഭാഗീയതകൾക്കും അതീതമായി എല്ലാവരുടെയും മുറിവുകൾ ഉണക്കാൻ ഇക്കാലത്ത് സഭയ്ക്കുള്ള കടമയെപ്പറ്റിയും അദേഹം നിരന്തരം ഓർമിപ്പിച്ചിരുന്നു. അനേകം കുടിയേറ്റക്കാരുടെ ജീവൻ അപഹരിച്ച ഇറ്റലിയിലെ ലാംബെദൂസ ദ്വീപിലേക്കുള്ള അപ്പസ്തോലികയാത്രയും, എക്യുമെനിക്കൽ സൗഹൃദങ്ങളും, മെക്സിക്കോയും അമേരിക്കയും പങ്കിടുന്ന അതിർത്തിയിൽ വി. കുർബാന അർപ്പിച്ചതുമെല്ലാം പാപ്പായുടെ ജീവിതത്തിൽ ഉൾക്കൊണ്ട സാർവത്രികതയുടെ അടയാളങ്ങളാണ്.

2021ൽ ഇറാഖിലേക്ക് എല്ലാ അപകടസാധ്യതകളും മറികടന്ന് അപ്പസ്തോലികയാത്ര നടത്തിയത് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികളുടെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾമൂലം ദുരിതമനുഭവിച്ച ഇറാഖിജനതയുടെ മുറിവുകളിൽ മരുന്നു പകരാൻ ആ സന്ദർശനം ഉപകരിച്ചു. ഏഷ്യ-ഓഷ്യാനയിലെ നാല് രാജ്യങ്ങളിലേക്കുള്ള 2024ലെ അപ്പസ്തോലികസന്ദർശനത്തോടെ, ലോകത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്കു കടന്നുചെല്ലുവാനുള്ള ഫ്രാൻസിസ് പാപ്പായുടെ ആഗ്രഹം പൂർത്തീകരിക്കപ്പെടുകയായിരുന്നു.

ദൈവകരുണയുടെ പ്രവാചകനായിരുന്നു ഫ്രാൻസിസ് പാപ്പാ. നമ്മോട് ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും മടുത്തിട്ടില്ലെന്ന് അദേഹം ആവർത്തിച്ചു പറഞ്ഞു. കരുണയുടെ അസാധാരണ ജൂബിലിവർഷം പ്രഖ്യാപിക്കാൻ അദേഹത്തെ പ്രേരിപ്പിച്ചത് ഇതാണ്. സുവിശേഷത്തിന്റെ കാരുണ്യവും സന്തോഷവും ഫ്രാൻസിസ് പാപ്പായുടെ സന്ദേശങ്ങളിൽ എപ്പോഴും ഉൾച്ചേർന്നിരുന്ന രണ്ടു പദങ്ങളാണ്. വലിച്ചെറിയുന്ന സംസ്കാരത്തിനു പകരം



കണ്ടുമുട്ടലിന്റെയും ഐക്യദാർഢ്യത്തിന്റെയും സംസ്കാരത്തെക്കുറിച്ചായിരുന്നു പാപ്പായുടെ സംസാരം. നാമെല്ലാവരും സ്വർഗത്തിലുള്ള ഒരേ പിതാവിന്റെ മക്കളാണ്. അതിനാൽ മാനവികസാഹോദര്യം ഊട്ടിയുറപ്പിക്കാൻ പാപ്പാ എല്ലാവർക്കും കടമയുണ്ട്.

മനുഷ്യത്വഹീനമായ ഭീകരതകളും എണ്ണമറ്റ മരണങ്ങളും അടയാളപ്പെടുത്തിയ നിരവധി യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പാ സമാധാനത്തിനായി നിരന്തരം ശബ്ദമുയർത്തുകയും, സാധ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ യുക്തിസഹവും സത്യസന്ധവുമായ കൂടിയാലോചനകൾക്ക് ബന്ധപ്പെട്ടവരെ ക്ഷണിക്കുകയും ചെയ്തു. മതിലുകളല്ല, പാലങ്ങളാണ് പണിയേണ്ടത് എന്നത് അദേഹം പലതവണ ആവർത്തിച്ച ഉദ്ബോധനമാണ്. വിശ്വാസത്തിന്റെ സേവനം എല്ലായ്പോഴും മനുഷ്യസേവനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പാപ്പാ ഓർമപ്പെടുത്തി.

ഫ്രാൻസിസ് പാപ്പാ പ്രസംഗങ്ങളും യോഗങ്ങളും അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: എനിക്കുവേണ്ടി പ്രാർഥിക്കാൻ മറക്കരുതേ. പ്രിയപ്പെട്ട ഫ്രാൻസിസ് പാപ്പായേ, ഞങ്ങൾക്കുവേണ്ടി അങ്ങ് പ്രാർഥിക്കണമേ എന്നതാണ് ഇപ്പോൾ ഞങ്ങളുടെ അഭ്യർഥന. കഴിഞ്ഞ ഞായറാഴ്ച ബസിലിക്കയുടെ ബാൽക്കണിയിൽനിന്ന് എല്ലാ ദൈവജനങ്ങളെയും ആശീർവദിച്ചതുപോലെ, സ്വർഗത്തിൽനിന്ന് സഭയെയും റോമിനെയും ലോകം മുഴുവനെയും അങ്ങ് ആശീർവദിച്ചാലും.

*(സ്വതന്ത്രവിവർത്തനം)*

# ഇനി സ്വർഗത്തിൽ

## 2025 ഏപ്രിൽ 21ന് സ്വർഗത്തിലെത്തിയ ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതവും ദർശനവും



2013 മാർച്ച് പത്താം തീയതി അർജന്റീനയിലെ ബ്യൂനസ് അയേഴ്സിൽനിന്ന് കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ വത്തിക്കാനിൽ വന്നിറങ്ങിയത്, മുമ്പു പലപ്പോഴും വന്നതുപോലെയായിരുന്നില്ല. ആഗോള കത്തോലിക്കാസഭയുടെ ചരിത്രത്തിലെതന്നെ നിർണായകമായ ഒരു സംഭവത്തിന്റെ ബാക്കിപത്രമെന്നോണമായിരുന്നു അദ്ദേഹം അന്ന് അവിടെയെത്തിയത്. പത്രോസിന്റെ പിൻഗാമിയായിരുന്ന ബെനഡിക്ട് പതിനാറാമൻ രാജിവെച്ച ഒഴിവിലേക്ക് അദ്ദേഹത്തിനു പകരക്കാരനായി ഒരാളെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ പങ്കെടുക്കുന്നതിനായിരുന്നു അത്.

2013 ഫെബ്രുവരി 28നായിരുന്നു കത്തോലിക്കാസഭയെ മാത്രമല്ല ലോകത്തെ മുഴുവനും ഞെട്ടിച്ചുകൊണ്ട് ബെനഡിക്ട് പതിനാറാമൻ സ്ഥാനത്യാഗം ചെയ്തത്. സാധാരണ മാർപാപ്പാമാർ കാലംചെയ്തുകഴിയുമ്പോൾ 15 മുതൽ 20 വരെയുള്ള ദിവസങ്ങളിലായാണ് കോൺക്ലേവ് കൂടുന്നതും പുതിയ മാർപാപ്പായെ തെരഞ്ഞെടുക്കുന്നതും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർദിനാൾമാർക്ക് വത്തിക്കാനിൽ എത്തിച്ചേരാനുള്ള സമയം കണക്കിലെടുത്താണ് ഇത്രയും നീണ്ട ദിവസത്തെ സാവകാശം നല്കുന്നത്. ബെനഡിക്ട് പതിനാറാമന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ എത്തിച്ചേർന്ന വോട്ടവകാശമുള്ള 117 കർദിനാൾമാരിൽ ഒരാളായിരുന്നു കർദിനാൾ ബെർഗോളിയോ.



ഒരാളെ മാർപാപ്പാപദവിയിൽ അവരോധിക്കാൻ വോട്ടുചെയ്തു മടങ്ങുക എന്ന ലക്ഷ്യം മാത്രമേ കർദിനാൾ ബെർഗോളിയോയ്ക്ക് ഉണ്ടായിരുന്നുള്ളൂ. താൻ കൂടെ കൊണ്ടുനടക്കുന്ന ബാഗിൽ മടക്കയാത്രയ്ക്കുള്ള ടിക്കറ്റും അദേഹം കരുതിയിരുന്നു. കോൺക്ലേവ് എത്രയും പെട്ടെന്ന് അവസാനിച്ച് തിരികെയെത്തിയിട്ട് അദേഹത്തിന് മറ്റൊരു കാര്യംകൂടി നിർവഹിക്കാനുണ്ടായിരുന്നു; അക്കൊല്ലത്തെ ഈസ്റ്റർ പ്രസംഗം എഴുതിപൂർത്തിയാക്കുക. പ്രസംഗം പാതിവഴിയിലെത്തിയപ്പോഴാണ് അദേഹം വത്തിക്കാനിലേക്ക് വണ്ടികയറിയത്.

മാർച്ച് 12,13 ദിവസങ്ങളിലായിരുന്നു വോട്ടെടുപ്പ്. രണ്ടാംദിവസം അഞ്ചാംതവണ വോട്ടിങ്വേളയിൽ സ്വർഗത്തിൽ നിന്നൊരു ദൂതൻ സിസ്റ്റൈൻ ചാപ്പലിലേക്കു പറന്നിറങ്ങി. ഓരോ കർദിനാൾമാരുടെയും ആത്മാവ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അതിന്റെ ഫലമായി അവിടെയൊരു അദ്ഭുതം പിറന്നു. അതൊരു ചരിത്രമായി കാലം രേഖപ്പെടുത്തി. ബ്യൂനസ് അയേഴ്സിലെ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ കത്തോലിക്കാസഭയുടെ 266-ാമത്തെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

എന്തുകൊണ്ടാണ് കർദിനാൾ ബെർഗോളിയോയുടെ മാർപാപ്പാപദവി അദ്ഭുതമായും അവിശ്വസനീയമായും ചരിത്രം രേഖപ്പെടുത്തിയത്? മാനുഷികമായ പല കാരണങ്ങളുമുണ്ട്. 117 കർദിനാൾമാരിൽ 19 പേർ മാത്രമായിരുന്നു ലാറ്റിൻ അമേരിക്കയിൽ നിന്നുള്ളവർ. ഒരു ലാറ്റിൻ അമേരിക്കൻ രാജ്യത്തുനിന്ന് ഒരാൾ മാർപാപ്പായാവുന്നത് കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്ത കാര്യവും. സിറിയയിൽ നിന്നുള്ള ഗ്രിഗറി മൂന്നാമനു ശേഷം യൂറോപ്പിനു പുറത്തുനിന്ന് ഒരാളും മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. പരമ്പരാഗതമായ ഇത്തരം കീഴ്‌വഴക്കങ്ങളെ തകിടം മറിച്ചാണ് ഈശോസഭാംഗമായ, ലാറ്റിൻ അമേരിക്കക്കാരനായ കർദിനാൾ ബെർഗോളിയോ മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടത്.

പുതിയ മാർപാപ്പായെ തെരഞ്ഞെടുത്തതിനു ശേഷം, ആ പദവി സ്വീകരിക്കാൻ സന്നദ്ധനാണോ എന്ന് ഔദ്യോഗികമായി സമ്മതം ആരായുന്ന പതിവുണ്ട്. സമ്മതം നല്കിയാൽ, ഏതെങ്കിലും ഒരു വിശുദ്ധന്റെ പേര് ഔദ്യോഗികമായി സ്വീകരിക്കണം. ആ പേരിലാണ് പിന്നീടദേഹം അറിയപ്പെടുന്നത്. പുതിയ മാർപാപ്പായെ തെരഞ്ഞെടുക്കുകയും, അദേഹം സമ്മതം അറിയിക്കുകയും ചെയ്തതിനുശേഷം സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽനിന്ന് കർദിനാൾ ഡീക്കൻ ഈ സന്തോഷവാർത്ത ലോകത്തെ അറിയിച്ചു. തുടർന്ന് പുതിയ മാർപാപ്പാ സെന്റ് പീറ്റേഴ്സ് സ്ക്വയറിന്റെ മട്ടുപ്പാവിൽനിന്ന് വിശ്വാസികളെ അഭിവാദ്യം ചെയ്യുകയും അനുഗ്രഹിക്കുകയും ചെയ്തു. ആ സമയം കർദിനാൾ ബർഗോളിയോ പുതിയ പേര് വെളിപ്പെടുത്തി: ഫ്രാൻസിസ്

2013 മാർച്ച് 13ന് ആഗോള കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ആരംഭിച്ച ആ പുതുയുഗപ്പിറവിക്ക് 12 വർഷവും ഒരു മാസവും എട്ടുദിവസവും പിന്നിട്ടപ്പോൾ അർഥപൂർണമായ പരിസമാപ്തിയായി. ഒരു ചരിത്രം അസ്തമിച്ചു. ഫ്രാൻസിസ് മാർപാപ്പാ: 1936 ഡിസംബർ 17 – 2025 ഏപ്രിൽ 21 എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു.

**പരമ്പരാഗതമായ ധാരാളം കീഴ്‌വഴക്കങ്ങളെ തകിടം മറിച്ചാണ് ഈശോസഭാംഗമായ, ലാറ്റിൻ അമേരിക്കക്കാരനായ കർദിനാൾ ബെർഗോളിയോ മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടത്.**

ഡോ. സാവിയോ മാനാട്ട്

## വിളവുകളുടെ സംരക്ഷകയായ

# പരിശുദ്ധ കന്യകാമറിയം

പൗരസ്ത്യ സുറിയാനി സഭയിൽ മെയ് 15ന് വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ആചരിക്കുന്നു.



പരിശുദ്ധ കന്യകാമറിയവുമായി ബന്ധപ്പെട്ട ധാരാളം തിരുനാളുകൾ പാശ്ചാത്യസഭയുടെയും പൗരസ്ത്യസഭയുടെയും പാരമ്പര്യങ്ങളിലുണ്ട്. പൗരസ്ത്യ സുറിയാനി സഭയിലെ ഒരു തിരുനാളാണ് മെയ് 15ന് ആഘോഷിക്കുന്ന വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ. പാശ്ചാത്യ സുറിയാനി സഭയിൽ ഈ തിരുനാൾ കതിരുകളുടെ നാഥയായ പരിശുദ്ധ കന്യകാമറിയത്തിന്റ തിരുനാൾ എന്നറിയപ്പെടുന്നു. കൃഷിയുമായും വിത്തുമായും വിളവെടുപ്പുമായും ബന്ധപ്പെട്ടതാണ് ഈ തിരുനാൾ.

കർഷകർക്ക് കൃഷിയിടങ്ങളിൽ മികച്ച വിളവെടുപ്പു ലഭിക്കാൻ ദൈവസഹായം തേടാനുള്ള അവരുടെ പ്രാർഥനയിൽനിന്നാണ് ഈ തിരുനാളിന്റെ ആരംഭം. മഴയെയും അനുകൂല കാലാവസ്ഥയെയും ആശ്രയിച്ചാണല്ലോ കൃഷി ഫലപ്രദമാകുന്നത്. അതിനാൽ കൃഷിക്കാർ ദൈവത്തിന്റെ ഇടപെടൽ യാചിക്കുന്നു. അതോടൊപ്പം, അവരുടെ വിളകൾക്ക് പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മാധ്യസ്ഥ്യം യാചിക്കയും ചെയ്യുന്നു. പ്രകൃതിക്ഷോഭങ്ങളിൽനിന്നു സംരക്ഷണം ലഭിക്കാനും, അധ്വാനത്തിന് യോജിച്ച ഫലം ലഭിക്കാനും പരിശുദ്ധ അമ്മയുടെ ഇടപെടൽ നിരന്തരം തേടി കർഷകർ പ്രാർഥിക്കയാണ്.

കൃഷിക്കാരെ സംബന്ധിച്ച് മെയ് മാസം വളരെ പ്രധാനപ്പെട്ട മാസമാണ്. നമ്മുടെ നാട്ടിൽ കർഷകർ പൊതുവേ കൃഷിയിടങ്ങളിൽ വിത്തിടുന്ന മാസം. അതോടൊപ്പം വിളവെടുപ്പിന്റെയും മാസമാണിത്. കാർഷികവൃത്തിയിൽ ഏറ്റവും പ്രധാനപ്പെട്ടതാണല്ലോ വിത്തിടുന്നതും വിളവെടുക്കുന്നതും. ഇക്കാലത്ത് കർഷകർ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും അനുകൂലമായ കാലാവസ്ഥയും സാഹചര്യങ്ങളുമാണ്. അതിനാൽ പ്രപഞ്ചം മുഴുവന്റെയും നാഥനായ ദൈവത്തിലേക്ക് മനുഷ്യർ തിരിയുന്ന മാസംകൂടിയാണ് മെയ്മാസം. സർവശക്തനായ ദൈവത്തിന്റെ മുമ്പിൽ പ്രാർഥിക്കുന്നു. അതോടൊപ്പം, നല്ല വിളവ് ലഭിക്കാൻ വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ



**ഈശോയാകുന്ന വിത്തിനെ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്ത പരിശുദ്ധ മറിയത്തോട്, നമ്മുടെ കൃഷിയിടങ്ങളിലെ വിത്തുകൾ സംരക്ഷിക്കപ്പെടുന്നതിന് മാധ്യസ്ഥ്യമപേക്ഷിക്കുന്നത് അനുഗ്രഹപ്രദമാണ്.**

അമ്മയുടെ മാധ്യസ്ഥ്യവും തേടുന്നു.

ഈശോയുടെ ശിഷ്യനായ വി. യോഹന്നാനാണ് ഈ തിരുനാളിന്റെ പ്രാരംഭകൻ എന്നൊരു പാരമ്പര്യം ഇന്നും സജീവമായുണ്ട്. കനത്ത മഞ്ഞുവീഴ്ചമൂലം എഫേസൂസിൽ കടുത്ത പ്രതിസന്ധിക

> ജീവന്റെ ഫലമായ ഈശോയെ പരിശുദ്ധ മാതാവ് സംരക്ഷിച്ചെങ്കിൽ, വിത്തുകൾ സംരക്ഷിക്കാനും ഫലം നല്കാനും അവളുടെ മാധ്യസ്ഥ്യത്തിന് ശക്തിയുണ്ട്.

ളുണ്ടായപ്പോൾ, പരിശുദ്ധ കന്യകാമറിയത്തിന്റെ മൂന്ന് തിരുനാളുകൾ സമുചിതമായി ആചരിക്കണം എന്ന് പരിശുദ്ധ അമ്മയിൽനിന്ന് അറിയിപ്പു ലഭിച്ചതായി യോഹന്നാൻ വെളിപ്പെടുത്തി. അതനുസരിച്ച് അവർ മൂന്ന് തിരുനാളുകൾ ആചരിക്കാൻ ആരംഭിച്ചു. പാരമ്പര്യമനുസരിച്ച് ആ തിരുനാളുകൾ ഇവയാണ്: ജനുവരി മാസത്തിൽ വിത്തു വിതയ്ക്കുന്നതുമായി ബന്ധപ്പെട്ട് മറിയത്തിന്റെ തിരുനാൾ; മെയ് മാസത്തിൽ വിത്തുകളുടെ നാഥയായ മറിയത്തിന്റെ തിരുനാൾ; ഓഗസ്റ്റ് മാസത്തിൽ മുന്തിരിത്തോട്ടങ്ങൾ അനുഗ്രഹിക്കുന്ന മാതാവിന്റെ തിരുനാൾ. ഇവ മൂന്നും വിത്തുമായും വിളവെടുപ്പുമായും ബന്ധപ്പെട്ട തിരുനാളുകളായിരുന്നു.


എന്നാൽ പിന്നീട് ജനുവരി മാസത്തെ തിരുനാൾ, ഈശോയുടെ പിറവിതിരുനാൾ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച ആചരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ അനുമോദന തിരുനാളായി മാറി. ഓഗസ്റ്റ് മാസത്തെ തിരുനാൾ, ഓഗസ്റ്റ് 15ലെ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളായും മാറി. മെയ് മാസത്തെ തിരുനാൾ മാത്രം, വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളായി അതേപടി നിലനിൽക്കുന്നു.

പരിശുദ്ധ കന്യകാമറിയത്തെ കൃഷിയിടവുമായി സഭാപിതാക്കന്മാർ ബന്ധിപ്പിച്ചു പ്രബോധിപ്പിക്കുന്നുണ്ട്. പൗരസ്ത്യ സുറിയാനി സഭാപിതാവായ മാർ അപ്രേമിന്റെ രചനകൾ ഉദാഹരണം. പല കാവ്യങ്ങളിലും അദേഹം പരിശുദ്ധ അമ്മയെ കൃഷിയിടമായാണ് ചിത്രീകരിക്കുന്നത്. ഈശോയാകുന്ന വിത്ത് പരിശുദ്ധ കന്യകാമറിയം ആകുന്ന കൃഷിയിടത്തിലാണ് വിതയ്ക്കപ്പെട്ടത് എന്നു വി. അപ്രേം എഴുതുന്നു. കന്യകാത്വം നിറഞ്ഞ അഥവാ കൃഷിചെയ്തിട്ടില്ലാത്ത മണ്ണിൽനിന്നാണ് ദൈവം ആദത്തെ സൃഷ്ടിച്ചത്. അതുപോലെ രണ്ടാമാദമായ ഈശോയ്ക്കു ജന്മംന

## ബ്യൂട്ടി ടിപ്സ് BEAUTY TIPS

അമ്പിളി മാത്യു

# പഴത്തൊലികൊണ്ട് മുഖം മിനുക്കാം



ഏത്തപ്പഴം തിന്നതിനു ശേഷം തൊലി പുറത്തേക്ക് അലക്ഷ്യമായി വലിച്ചെറിയുന്നവരാണ് ഭൂരിപക്ഷവും. എന്നാൽ ഇനിമുതൽ  അങ്ങനെ ചെയ്യരുത്; മുഖസൗന്ദര്യം നിലനിർത്താൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് നിങ്ങളെങ്കിൽ പ്രത്യേകിച്ചും. ഏത്തപ്പഴത്തിന്റെ തൊലികൊണ്ട് നമുക്കു മുഖം മിനുക്കാം. അതിന്റെ അകംഭാഗം കൊണ്ട് മുഖം നന്നായി തുടയ്ക്കുക. 10 മിനിറ്റ് കഴിയുമ്പോൾ മുഖം കഴുകുക. മുഖത്ത് കൂടുതൽ തിളക്കവും മൃദുത്വവും ലഭിക്കും. ചൂടുമൂലം മുഖത്തുണ്ടായ മങ്ങൽ കുറയ്ക്കാനും ഇതേറെ സഹായകമാണ്.

ല്കിയത് കന്യാഭൂമിയായ പരിശുദ്ധ മറിയമാണ്. വചനമാകുന്ന വിത്ത് സ്വീകരിക്കുകയും നൂറുമടങ്ങ് ഫലംനല്കുകയും ചെയ്ത വ്യക്തിയാണല്ലോ പരിശുദ്ധ അമ്മ. ഈശോയാകുന്ന വിത്തിനെ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്തവളാണ് മറിയം. പരിശുദ്ധ കന്യകാമറിയത്തോട് നമ്മുടെ കൃഷിയിടങ്ങളിലെ വിത്തുകൾ സംരക്ഷിക്കുന്നതിനും നൂറുമടങ്ങ് ഫലം ലഭിക്കുന്നതിനും മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് എന്തുകൊണ്ടും അനുഗ്രഹപ്രദമാണ്.

പരിശുദ്ധ കന്യകാമറിയത്തെ അദ്ഭുതവൃക്ഷമായും സഭാപിതാക്കന്മാർ അവതരിപ്പിക്കുന്നുണ്ട്. മറിയമാകുന്ന അദ്ഭുതവൃക്ഷത്തിൽ നിന്നുമുണ്ടായ ഫലമാണ് ജീവന്റെ ഫലം നല്കുന്ന ഈശോ.

സീറോ മലബാർ സഭയുടെ യാമപ്രാർഥനകളിൽ, വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളിലെ റംശാപ്രാർഥനയുടെ പ്രാരംഭഗീതം (ഓനീസാ ദക്ക്ദം) ഇങ്ങനെയാണ്:

നിൻ സുതനീശോയിൽ
മാനവരാശിക്കായ്
ജീവനുദിച്ചല്ലോ.
കന്യാമറിയേ, ഭാഗ്യവതീ,
ജീവനു മാതാവായവളേ,
നിന്നുദരത്തിൽ സാഘോഷം
സംവാഹിതമായദ്ഭുതമാം
കനിയാകും മിശിഹാ ദൈവസുതൻ

ആദിമാതാപിതാക്കൾക്കു നഷ്ടപ്പെട്ട ജീവന്റെ ഫലം പരിശുദ്ധ കന്യകാമറിയത്തിലൂടെ നമുക്കു ലഭിച്ചു. ജീവന്റെ ഫലമായ ഈശോയെ പരിശുദ്ധ മാതാവ് ജീവിതകാലത്ത് സംരക്ഷിച്ചെങ്കിൽ, നമ്മുടെ കൃഷിയിടങ്ങളിലെ വിത്തുകൾ സംരക്ഷിക്കാനും ഫലം നല്കാനും അവളുടെ മാധ്യസ്ഥ്യത്തിന് ശക്തിയുണ്ട്.


ഈ തിരുനാളിൽ ചിന്തിക്കേണ്ട മറ്റൊരു പ്രധാനവിഷയം, കന്യകാമറിയത്തിന് പരിശുദ്ധ കുർബാനയുമായുള്ള ബന്ധമാണ്. പരിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും കൃഷിയുടെ ഫലമാണല്ലോ. അപ്പം ഗോതമ്പുചെടികളിൽ നിന്നും, വീഞ്ഞ് മുന്തിരിച്ചെടിയിൽ നിന്നും ഉല്പാദിപ്പിക്കുന്നു. ഇതിന്റെ തെളിച്ചത്തിലാവണം വി. അപ്രേം പരിശുദ്ധ അമ്മയെ



ഉത്ഥാനഗീതത്തിൽ ഗോതമ്പുചെടിയും മുന്തിരിച്ചെടിയുമായി അവതരിപ്പിക്കുന്നത്. കൃഷിയിലൂടെ ലഭിക്കുന്ന ഗോതമ്പും വീഞ്ഞും, ഈശോയുടെതന്നെ ശരീരത്തോടും രക്തത്തോടും ഇവിടെ സാദൃശ്യപ്പെടുത്തുന്നു. പരിശുദ്ധ കന്യകാമറിയത്തെ ഗോതമ്പുചെടിയും മുന്തിരിച്ചെടിയുമായി അവതരിപ്പിക്കുന്നതിലൂടെ, സത്യത്തിൽ പരിശുദ്ധ അമ്മയെ വിശുദ്ധ കുർബാനയുടെതന്നെ അമ്മയായാണ് വി. അപ്രേം പ്രതിഷ്ഠിക്കുന്നത്.

വിത്തുകളുടെയും കൊയ്ത്തിന്റെയും സംരക്ഷകയായ മറിയത്തിന്റെ തിരുനാളാചരണം, നന്നായി കൃഷിചെയ്യാനും അതു ഫലപൂരിതമാകാനും അവളുടെ മാധ്യസ്ഥ്യം തേടാൻ നമുക്കു പ്രചോദനം നല്കുന്നു. വചനമാകുന്ന വിത്ത് ഹൃദയത്തിൽ സ്വീകരിക്കാനും നൂറുമടങ്ങ് ഫലം കൊയ്യാനും അതു നമ്മെ ഉദ്ബോധിപ്പിക്കുന്നു. കൃഷിചെയ്യുമ്പോൾപോലും ഈശോയുടെ മനുഷ്യാവതാരവും വിശുദ്ധ കുർബാനയും ചിന്താവിഷയമാക്കാനും ധ്യാനിക്കാനും പരിശുദ്ധ അമ്മയുടെ ഈ തിരുനാൾ പ്രേരണ നല്കുന്നു. മരിയൻ ദൈവശാസ്ത്രം എപ്പോഴും ക്രിസ്തുശാസ്ത്രവുമായി അഭേദം ബന്ധപ്പെട്ടാണ് നില്ക്കുന്നത് എന്ന യാഥാർഥ്യവും ഈ തിരുനാൾ ഓർമിപ്പിക്കുന്നുണ്ട്. ○


ഫാ. ജോസ് ആലഞ്ചേരി പിഎച്ച്ഡി



# ജനകീയനായ പടിയറ പിതാവ്

**സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പും ചങ്ങനാശേരി അതിരൂപതയുടെ ദ്വിതീയ ആർച്ചുബിഷപ്പുമായ കർദിനാൾ ആന്റണി പടിയറ ദിവംഗതനായിട്ട് 25 വർഷങ്ങൾ.**

കർദിനാൾ മാർ ആന്റണി പടിയറ ദിവംഗതനായിട്ട് 25 വർഷങ്ങൾ കഴിഞ്ഞു. ഇന്നത്തെ തലമുറയിൽ അധികമാർക്കും അറിയില്ലെങ്കിലും, 2000ത്തിനു മുമ്പുള്ളവരുടെ ഹൃദയങ്ങളിൽ പിതാവിനെക്കുറിച്ചുള്ള ഓർമകൾ പച്ചപിടിച്ചു നില്ക്കുന്നുണ്ടാവും. ചങ്ങനാശേരി അതിരൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും ശ്രദ്ധേയമായ



**ഒരു ജോലി ഒരാളെ ഏല്പിച്ചാൽ അതിൽ തലയിടുന്ന സ്വഭാവം പടിയറ പിതാവിനില്ലായിരുന്നു. വേണ്ടുവോളം പ്രവർത്തനസ്വാതന്ത്ര്യം താഴെയുള്ളവർക്ക് അദ്ദേഹം നല്കി.**

ധാരാളം സംഭാവനകൾ നല്കിയ പിതാവിനോട് നാം വളരെ കടപ്പെട്ടിരിക്കുന്നു എന്നതാണു സത്യം.

ഊട്ടി രൂപതയുടെ മെത്രാനായി 1955 ഒക്ടോബർ 16ന് കോയമ്പത്തൂർ രൂപതയിലെ ഫാ. ആന്റണി പടിയറ നിയമിതനായപ്പോൾ, ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാനായിരുന്നു അദ്ദേഹം; കേവലം 34 വയസ്. 15 വർഷം കഴിഞ്ഞ് 1970 ആഗസ്റ്റ് 15ന് ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായപ്പോൾ പ്രായം 49. ചങ്ങനാശേരി അതിരൂപതയിലെ മണിമല പടിയറ കുടുംബത്തിൽ ജനിച്ചു വളരുകയും, മണിമലയിലും ചങ്ങനാശേരി എസ്ബി ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തുകയും ചെയ്ത അദ്ദേഹത്തിന് ചങ്ങനാശേരിയെക്കുറിച്ചു വേണ്ടത്ര ധാരണയും അറിവുമുണ്ടായിരുന്നു. ബന്ധുക്കളുടെയും പരിചയക്കാരുടേയും സാന്നിധ്യവും ഉപകാരപ്പെട്ടിരിക്കണം.

ക്രാന്തദർശിയായിരുന്ന പടിയറ പിതാവിന് കാര്യങ്ങൾ മനസിലാക്കാൻ അധികനാൾ വേണ്ടിവന്നില്ല. ദിശാബോധത്തോടെ അതിരൂപതയെ നയിക്കാൻ കഴിഞ്ഞതിനു പിന്നിൽ ദൈവാശ്രയബോധവും നൈസർഗികമായ കഴിവുകളും ഊട്ടിലെ അനുഭവജ്ഞാനവുമാണെന്നു വ്യക്തം. അദ്ദേഹം തൊടാത്ത മേഖലകളില്ല. 15 വർഷത്തോളം പിതാവ് ചങ്ങനാശേരിയിൽ നടത്തിയ അജപാലനശുശ്രൂഷയുടെ തിരുശേഷിപ്പുകൾ അനവധിയുണ്ട്.

**സമഗ്ര വികസനം**

ചങ്ങനാശേരി അതിരൂപതയുടെ വികസനത്തിന് ബലിഷ്ഠമായ അടിത്തറ പാകിയ മെത്രാപ്പോലീത്തായാണ് പടിയറ പിതാവ്. ചെത്തിപ്പുഴയിലെ മേഴ്സി ഹോം, ഇത്തിത്താനത്തെ ആശാഭവൻ, മല്ലപ്പള്ളിയിലെ അനാഥമന്ദിരം, മാങ്ങാനത്തെ എംഒസി, കുറിച്ചി മൈനർ സെമിനാരി, എസ്ബി കോളജിലെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക്, സഹൃദയ ഹോസ്റ്റൽ, കാവുകാട്ട് ഹാൾ, ചങ്ങനാശേരി അജപാലനകേന്ദ്രം, ചെത്തിപ്പുഴ ആശുപത്രിയിലെ പ്രധാന ബഹുനിലമന്ദിരം, അരമനയിലെ പുതിയ കെട്ടിടം തുടങ്ങിയവയെല്ലാം പിതാവിന്റെ കാലത്ത് നിർമിക്കപ്പെട്ടവയാണ്. കോയമ്പത്തൂർ, ഊട്ടി തുടങ്ങിയ മിഷൻരൂപതകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം എന്നേ തീക്ഷ്ണമതിയായ ഒരു മിഷനറിയായി രൂപാന്തരപ്പെട്ടിരുന്നു. ഊട്ടിയിൽ നിന്നു വന്ന പിതാവിന് തുടർന്നും മിഷനറിയായി പ്രവർത്തിക്കാൻ പറ്റിയ ഒരിടമായിരുന്നു



അന്നത്തെ കന്യാകുമാരി മിഷൻ. തമിഴ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും പിതാവിന് പ്രാഗല്ഭ്യമുണ്ടായിരുന്നു. അക്കാലത്ത് കന്യാകുമാരി മിഷനുണ്ടായ വളർച്ച സ്വപ്നതുല്യമാണ്. മിഷൻചൈതന്യം കന്യാകുമാരികൊണ്ടും തീർന്നില്ല. ആഗ്രയിലെ ഇറ്റാവാമിഷനോളം അതു വളർന്നു. കന്യാകുമാരി മിഷനും ഇറ്റാവാ മിഷനും പടിയറ പിതാവിന്റെ മിഷനറിചൈതന്യത്തിന്റെ ചിരകാലസ്മാരകങ്ങളാണ്.

പടിയറ പിതാവിന്റെ അനന്യത, ആത്മീയതയും ബുദ്ധിവൈഭവവും ചിന്താശേഷിയും ഒരുപോലെ പ്രകാശിതമാകുന്ന അജപാലനശൈലിയാണ്. അദേഹം ചങ്ങനാശേരിയിൽ ചാർജെടുക്കുമ്പോൾ വിദ്യാഭ്യാസം, സൺഡേസ്കൂൾ, സാമൂഹികസേവനം എന്നീ മൂന്നു വകുപ്പുകളേ ഉണ്ടായിരുന്നുള്ളൂ. മിഷൻലീഗും കെസിഎസ്എല്ലും, സൺഡേസ്കൂളിനോടും വിദ്യാഭ്യാസവകുപ്പിനോടും ചേർന്നാണ് പ്രവർത്തിച്ചിരുന്നത്. അജപാലനസൗകര്യത്തിന് കൂടുതൽ വകുപ്പുകൾ സൃഷ്ടിച്ചതും അതിനായ് അജപാലന കേന്ദ്രം സ്ഥാപിച്ചതും പിതാവാണ്. ഇന്ത്യയിലെതന്നെ ഒരു പുതിയ കാൽവെപ്പായിരുന്നു അത്. അജപാലന പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനകീയവുമാക്കാൻ അതേറെ ഉപകരിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ്, യുവജനക്ഷേമവകുപ്പ്, ഡിസിഎംഎസ്, കെസിഎസ്എൽ തുടങ്ങിയവയെല്ലാം അദേഹം ആരംഭിച്ച അജപാലന വകുപ്പുകളത്രേ.

**ഫാമിലി അപ്പോസ്റ്റലേറ്റ്**

കുടുംബ പ്രേഷിതവിഭാഗം എല്ലാ കത്തോലിക്കാ രൂപതകളിലും ആരംഭിക്കണമെന്ന തീരുമാനം സിബിസിഐ സ്വീകരിച്ചത് 1973ലാണ്. അന്നു പടിയറ


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 May | - 5,6,7 (Zion) | - Booking going on |
| | - 12,13,14 (Zion) | - Booking going on |
| | - 19,20,21 (Zion) | - Booking going on |
| 2025 June | - 2,3.4 (Zion) | - Booking going on |
| | - 16,17,18 (Chry) | - Booking going on |
| | - 30,Jul 1,2 (Chry) | - Booking going on |
| 2025 July | - 14,15,16 (Chry) | - Booking going on |
| | 28,29,30 (Chry) | - Booking going on |

*അന്വേഷണങ്ങൾക്ക്*
ഫോൺ - **0481 2424476** സമയം - 11 am to 5 pm



## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം

(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ


**ജൂൺ 8,9,10**

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക

ഫോൺ – 8086399023, 9495107045

പിതാവ് സിബിസിഐയുടെ വൈസ് പ്രസിഡന്റായിരുന്നു. സമ്മേളനം കഴിഞ്ഞു തിരികെയെത്തിയപ്പോൾ കുടുംബക്ഷേമ വകുപ്പ് ആരംഭിക്കാൻ അദേഹം തീരുമാനമെടുത്തു. ഇന്ത്യയിൽ ആദ്യമായി ഫാമിലി അപ്പോസ്റ്റലേറ്റ് പ്രവർത്തനമാരംഭിച്ചത് ചങ്ങനാശേരിയിലാണ്; 1973 ജൂൺ 1ന്. മുംബൈ, ഗോവ, ബാംഗ്ളൂർ തുടങ്ങിയ രൂപതകൾ രണ്ടും മൂന്നും നാലും സ്ഥാനക്കാരായി. ഫാ. തോമസ് വീട്ടുവേലിക്കുന്നേലായിരുന്നു ആദ്യ ഡയറക്ടർ.

1978 ജൂൺ 1ന് രണ്ടാമത്തെ ഡയറക്ടറായി പിതാവ് എന്നെ നിയമിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റിനെക്കുറിച്ച് ഒരറിവും ഇല്ലാതിരുന്നതിനാലും, പഠിച്ചു മനസിലാക്കാനുതകുന്ന ഉറവിടങ്ങൾ അന്നില്ലാതിരുന്നതിനാലും എന്നെ ഒഴിവാക്കണമെന്ന് മൂന്നുതവണ ഞാൻ പിതാവിനോട് ആവശ്യപ്പെട്ടു. മാറ്റിയില്ലെന്നു മാത്രമല്ല, എന്നെ ധൈര്യപ്പെടുത്തി തിരിച്ചയച്ചു. ശക്തമായ സപ്പോർട്ട് പിതാവ് എപ്പോഴും നല്കിയിരുന്നു. ഓരോ പരിപാടിയെക്കുറിച്ചും ധരിപ്പിക്കാൻ ചെല്ലുന്ന അവസരങ്ങളിൽ, കൂടുതൽ ഊർജസ്വലനായാണ് തിരിച്ചുവരുന്നത്. ബാറ്ററി റീചാർജ് ചെയ്യുന്ന അനുഭവം! ടീച്ചിംഗ് ടീമിനു ട്രെയിനിംഗ് കൊടുക്കുന്ന ക്യാമ്പാണ് ആദ്യം സംഘടിപ്പിച്ചത്. 400-ാളം പേർ സംബന്ധിച്ച ക്യാമ്പിൽ നിന്ന് 100 പേരെ തെരഞ്ഞെടുത്തു. അവരോടു സംസാരിക്കാൻ വന്നപ്പോൾ പിതാവിന്റെ സന്തോഷം കാണേണ്ടതായിരുന്നു. വിവാഹ ഒരുക്ക സെമിനാറിനെക്കുറിച്ചു സംസാരിക്കാൻ ചെന്നപ്പോൾ We must do it; we must do it എന്ന് ആവേശത്തോടെ ആവർത്തിച്ച പിതാവിനെയും മറക്കാനാവില്ല. ഫാമിലി അപ്പോസ്റ്റലേറ്റ് നല്കുന്ന സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലേ ചങ്ങനാശേരിയിൽ വിവാഹം കഴിക്കാൻ സാധിക്കൂ എന്ന തീരുമാനം വിശ്വാസിസമൂഹത്തെ സർക്കുലറിലൂടെ പിതാവ് അറിയിച്ചു. 1980 സെപ്റ്റംബർ 20നാണ് മാതൃജ്യോതിസിന്റെ ജനനം. 25 ജോഡി യുവദമ്പതികളുടെ സമൂഹവിവാഹവും അന്നു നടത്തി. രണ്ടുമണിക്കൂർ നീണ്ട അന്നത്തെ പരിപാടികളിൽ, നവവധൂവരന്മാരുടെ സ്വീകരണസല്കാരമുൾപ്പെടെ എല്ലാറ്റിലും പിതാവ് ആദ്യന്തം സംബന്ധിച്ചു.



**കന്യാകുമാരി മിഷനും ഇറ്റാവാ മിഷനും പടിയറ പിതാവിന്റെ മിഷനറിചൈതന്യത്തിന്റെ ചിരകാലസ്മാരകങ്ങളാണ്.**

കുടുംബജ്യോതിസ് മാസികയുടെ (ഇന്നത്തെ കുടുംബജ്യോതി) ജനനം പിതാവിന്റെ മനസു വെളിപ്പെടുത്തിയ സന്ദർഭമായിരുന്നു. വൈദികസെനറ്റിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ആസൂത്രണ കമ്മീഷന് പിതാവ് രൂപംകൊടുത്ത സമയം. എല്ലാ പരിപാടികൾക്കും പദ്ധതികൾക്കും കമ്മീഷന്റെ അംഗീകാരം നിർബന്ധമായിരുന്നു. കമ്മീഷനിലെ ചില വൈദികപ്രമുഖരുടെയും അല്മായ നേതാക്കളുടെയും എതിർപ്പുണ്ടായിരുന്നിട്ടും, എന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ച് മാസികയെക്കുറിച്ചു പഠിച്ചു റിപ്പോർട്ട് നല്കാൻ നിർദേശിച്ചു. എതിർപ്പ് മാനിച്ച് ഞാൻ കമ്മിറ്റി വിളിച്ചു കൂട്ടിയില്ല. അക്കാര്യം മനസിലാക്കിയ പിതാവ് എന്നോടു കാരണമാരാഞ്ഞു. ബുദ്ധിമുട്ട് പറഞ്ഞപ്പോൾ അദേഹത്തിന്റെ മറുപടി ഇങ്ങനെ: No, we must do it. മാസിക തുടങ്ങാനുള്ള അംഗീകാരം എഴുതി തന്നതും, അതേക്കുറിച്ച് സർക്കുലർ എഴുതാൻ വികാരി ജനറാളിനോട് ആവശ്യപ്പെട്ടതും പിതാവ് തന്നെ.

1982 ഡിസംബർ നാലിനായിരുന്നു പിതൃവേദി ഉദ്ഘാടനം. ചടങ്ങിൽ ആദ്യന്തം പി

## ജനകീയനായ പടിയറ പിതാവ്

പടിയറ പിതാവ് ജനകീയനായിരുന്നു. എല്ലാവർക്കും അദ്ദേഹം സംലഭ്യനായി. സംഭാഷണങ്ങളിലും പ്രഭാഷണങ്ങളിലും രസികൻ. നർമോക്തി അദ്ദേഹത്തിനു ജന്മസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖം ഒരിക്കൽ കാണുന്നവർ പിന്നെ മറക്കുകയില്ല.

ജനകീയനായ പടിയറ പിതാവ് എന്ന ശീർഷകം സ്വീകരിച്ചപ്പോൾ ഇക്കാലത്തെ ജനകീയതയായിരുന്നില്ല മനസിൽ. അതിൽ അല്പം രാഷ്ട്രീയമുണ്ടല്ലോ. രാഷ്ട്രീയക്കാരാണ് അതിൽ ശോഭിക്കാൻ കൂടുതൽ ശ്രമിക്കുന്നതും. പടിയറ പിതാവിന്റെ ജനകീയത അജപാലനത്തോടു ബന്ധപ്പെട്ടു കിടക്കുന്നതാണ്. ആ മേഖലയിൽ മികച്ച മാതൃകകൾ നല്കിയ അദ്ദേഹം, ജനഹിതം തിരിച്ചറിഞ്ഞ് അജപാലനപദ്ധതികൾ ആവിഷ്കരിച്ചു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാക്കി പ്രവർത്തിക്കുകയാണല്ലോ യഥാർഥ അജപാലകന്റെ ധർമം. അക്കാര്യത്തിൽ പടിയറ പിതാവ് ഒരുപടി മുമ്പിലാണെന്ന് ഉറപ്പിച്ചു പറയാനാവും. അദേഹത്തെപ്പോലെ എല്ലാവർക്കും എല്ലാമായി ദീർഘദൃഷ്ടിയോടെ പ്രവർത്തിക്കാൻ സാധിക്കുന്നവരുടെ എണ്ണം ചുരുങ്ങും. കാരണമിതാണ്: Geneous are born; not made.

താവ് സംബന്ധിച്ചു. വയോജനവേദിയെയും പ്രോലൈഫ് പ്രവർത്തനങ്ങളെയുംകുറിച്ച് സംസാരിച്ച അവസരങ്ങളിൽ പിതാവ് വളരെ വാചാലനായി ആശയങ്ങൾ പങ്കുവെച്ചത് ഇന്നെന്നപോലെ ഓർമയിലുണ്ട്. വയോജനവേദിയുടെ ആദ്യപരിപാടി സെന്റ് ആൻസ് ഹൈസ്കൂളിലായിരുന്നു. വി. കുർബാനയോടെ ആരംഭിച്ച പരിപാടികളിൽ തുടക്കംമുതലേ പിതാവ് പങ്കെടുത്തു. അവർക്കൊപ്പമിരുന്നായിരുന്നു അദേഹത്തിന്റെ ഉച്ചഭക്ഷണവും.

ഫാമിലി അപ്പോസ്റ്റലേറ്റിനു സൗകര്യപ്രദമായ ഓഫീസും വാഹനവും ഇല്ലെന്നു മനസിലാക്കിയപ്പോൾ അതു രണ്ടും തരപ്പെടുത്താൻ പിതാവ് എന്നോട് ആവശ്യപ്പെട്ടു. തുരുത്തിയിലുള്ള കാനായുടെ പ്രോജക്റ്റ് അംഗീകരിച്ച പിതാവ് അത് യാഥാർഥ്യമായി കാണാൻ വളരെ ആഗ്രഹിച്ചതാണ്. ഞാൻ Ph.D. എടുക്കണമെന്ന് നിർബന്ധിച്ചതും, അതിനുവേണ്ട കത്തിടപാടുകൾ ആരംഭിച്ചതും പിതാവു തന്നെ.

### അധികാരവികേന്ദ്രീകരണം

അധികാരം പങ്കിടുന്നതും കൂട്ടുത്തരവാദിത്വവുമായിരുന്നു പിതാവിന്റെ തനതു ശൈലി. അതോടൊപ്പം, എന്തും ഭംഗിയായി ചെയ്യണമെന്ന നിർബന്ധവും. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായാണ് വിവിധ വകുപ്പുകൾ സൃഷ്ടിച്ചത്. അതിന്റെ നിർവഹണം ഫലപ്രദമാകണമെന്ന ആഗ്രഹം കൊണ്ട് അജപാലനകേന്ദ്രത്തിനു രൂപം കൊടുത്തു. ഒരു ജോലി ഒരാളെ ഏല്പിച്ചാൽ അതിൽ തലയിടുന്ന സ്വഭാവം പിതാവിനില്ലായിരുന്നു. വേണ്ടുവോളം പ്രവർത്തനസ്വാതന്ത്ര്യം താഴെയുള്ളവർക്ക് അദേഹം നല്കി. ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ എന്ന നിലയിൽ പിതാവിന്റെ കൂടെ ഏഴു വർഷം സേവനം ചെയ്യാൻ എനിക്കവസരം കിട്ടി. ഒരിക്കൽ പോലും എന്റെ പ്രവർത്തനങ്ങളിൽ കൈകടത്തുകയോ തിരുത്തുകയോ ചെയ്തിട്ടില്ല. പ്രോത്സാഹനവും ഉത്തേജനവും നല്കിയ അനുഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. യഥാർഥ നേതാക്കൾ താഴെയുള്ളവരെ അംഗീകരിക്കും; എല്ലാവരെയും ചേർത്തുനിർത്തും. പടിയറ പിതാവിന് ഈ ഗുണങ്ങളെല്ലാം ഉണ്ടായിരുന്നു. അദേഹത്തിന് വൈദികരോടുണ്ടായിരുന്ന പ്രത്യേക വാത്സല്യത്തിന്റെ അടയാളമാണ് ചങ്ങനാശേരിയിലെ വൈദികസംരക്ഷണ പദ്ധതി. PPFA സെക്രട്ടറി ആയിരുന്ന എനിക്ക് അതു നന്നായി മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. ○



*റവ. ഡോ. ജോർജ് ഓലിയപ്പുറം*

ഗുരുവചനം

ജോൺസൻ പൂവന്തുരുത്ത്

# ട്രാക്ക് മാറി ഓടിയാൽ വിജയിക്കില്ല

**ഈശോയെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കാൻ കഴിയുന്നവനു മാത്രമേ പൗരോഹിത്യത്തിൽ വിജയിക്കാനാവൂ. അല്ലാത്തവരെല്ലാം ഈഗോയും ചുമന്നു പോരടിച്ചുകൊണ്ടിരിക്കും.**

റവ. ഡോ. ജോർജ് ഓലിയപ്പുറം. കോതമംഗലം രൂപതാംഗം. ധ്യാനഗുരു, പ്രസംഗകൻ, ഗായകൻ എന്നീ നിലകളിൽ ഉയർന്നുനില്ക്കുന്ന വ്യക്തിത്വം. പുഞ്ചിരി നിറഞ്ഞ ജീവിതത്തിൽ ഒരിക്കൽപോലും ആരെയും ചെറുതായി കാണാത്ത വൈദികൻ. ശാന്തമാണ് അദേഹത്തിന്റെ സ്വരം; പക്ഷേ, അർഥവത്തും ഭക്തി

## പീഡനങ്ങളിലൂടെ വളരുന്ന സഭ

പീഡനങ്ങളിലൂടെയും സഹന ങ്ങളിലൂടെയും തീച്ചൂളയിലൂടെ യും മാത്രമേ സഭ വളർന്നിട്ടുള്ളൂ. ഇപ്പോൾ സഭ എവിടെയെല്ലാം പീഡിപ്പിക്കപ്പെടുന്നുണ്ടോ, അവിടെയെല്ലാം പരിശുദ്ധാ ത്മാവിന്റെ ശക്തി പ്രതിഫലി ക്കുന്നുണ്ട്. നിലവിൽ കാണുന്ന തിന്മകളുടെ ശക്തികളെ പ്രാർ ഥനകൊണ്ടു മറിക്കടക്കാൻ സാധിക്കും. ഇതെല്ലാം തിരിച്ചറി വിന്റെ വഴികളിലേക്ക് നമ്മെ നയിക്കും. പലർക്കും ഇത് ആത്മശോധനയ്ക്കും മാന സാന്തരത്തിനുമുള്ള കാലമാണ്. ഞാൻ ചെയ്തുകൂട്ടുന്നതെല്ലാം സഭയ്ക്കും ഈശോയ്ക്കും അനുകൂലമാണോ, എതിരാണോ എന്നു പരിശോധിക്കാനുള്ള കാലം. ആരും നിരാശരായി മാറിനിൽക്കേണ്ട, നിരന്തരം പ്രാർഥിക്കുക. അതാണ് ഏക പരിഹാരമാർഗം.

സാന്ദ്രവും. എല്ലാവരെയും കേൾക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള വലിയൊ രു മനസിന്റെ ഉടമ. വഹിച്ച പദവികളി ലിരുന്ന് സഭയ്ക്കും സഭാമക്കൾക്കുംവേണ്ടി വിയർപ്പൊഴുക്കിയ പുരോഹിതശ്രേഷ്ഠൻ. ഈശോയെ മുന്നിൽനിർത്തി ജീവിതവഴി കളിലൂടെ കടന്നുപോകുന്ന പുരോഹിതൻ, ഒരിക്കലും പ്രതിസന്ധികളിൽ തളർന്നു പോ കില്ലെന്ന് ജീവിതാനുഭവങ്ങളുടെ തെളിച്ച ത്തിൽ ഉറപ്പിച്ചുപറയുന്ന ആത്മീയാചാര്യൻ.

പ്രാർഥന എന്ന ഏകമരുന്നുമായി ഹൈറേ ഞ്ചിലൂടെ ആടുകളെ തേടി സ്കൂട്ടറിൽ പാഞ്ഞുനടന്ന യൗവനകാലം അദേഹം ഇപ്പോഴും മനസിൽ സൂക്ഷിക്കുന്നുണ്ട്. 1971ൽ ചെറുപുഷ്പം മിഷൻലീഗിന്റെ ഡയറക്ടറായി. തുടർന്ന് എത്രയോ പദവികൾ. മംഗലപ്പുഴ സെമിനാരി റെക്ടർ, കോതമംഗലം രൂപത ചാൻസലർ, വികാരി ജനറാൾ എന്നീ പദവി കളും അദേഹത്തെ തേടിയെത്തി. വൈദികരുടെയും സന്യസ്തരുടെയും സ്ഥിരം ധ്യാനഗുരുവായ ഓലിയപ്പുറത്തച്ചൻ, ബിഷപ്പുമാരുടെ സമ്മേളനങ്ങളിലും പ ലപ്പോഴും ധ്യാനം പ്രസംഗിച്ചിട്ടുണ്ട്. 2019ൽ സീറോ മലബാർ സഭ വൈദികരത്നം നല്കി അദേഹത്തെ ആദരിച്ചു. ഇപ്പോൾ എൺപ താണ് പ്രായം. അപ്പോഴും, സഭയ്ക്കുവേണ്ടി സംസാരിക്കുമ്പോൾ ചുറുചുറുക്കും ഉത്സാ ഹവും താനേ കടന്നുവരുന്നു. കോതമംഗലം രൂപതയുടെ വാഴപ്പള്ളിയിലുള്ള ശാന്തിനി ലയത്തിൽ വിശ്രമജീവിതം നയിക്കുന്ന ഓലിയപ്പുറത്തച്ചൻ മനസുതുറക്കുന്നു.

### വൈദികരുടെ അച്ചടക്കം

ട്രാക്ക് മാറി ഓടിയാൽ സ്വയം ജയിച്ചെന്നു തോന്നും. പക്ഷേ, അന്തിമഫലം പരാജ യമായിരിക്കും. അച്ചടക്കമില്ലാത്ത ജീവിതം സാത്താന്റെ പണിപ്പുരയായി മാറുമെന്നു തീർച്ച. മനസിൽ പ്രതിഷേധം മാത്രം നി റച്ചുകൊണ്ടുള്ള ജീവിതം ആരെയും പ്ര ത്യേകിച്ച് വൈദികരെയും വിശ്വാസികളെ യും അപകടത്തിലേയ്ക്കേ നയിക്കൂ. പുരോ ഹിതൻ എല്ലാവരുടെയും പിതാവാണ്. ഈശോയെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കാൻ കഴിയുന്നവനു മാത്രമേ പൗരോ ഹിത്യത്തിൽ വിജയിക്കാനാവൂ. അല്ലാത്തവ രെല്ലാം ഈശോയും ചുമന്നു സ്വാർഥതാത്പ ര്യത്തിനായി പോരാടിക്കൊണ്ടിരിക്കും. പൗ രോഹിത്യം സ്വീകരിച്ചു കഴിഞ്ഞും യുദ്ധം ചെയ്യുന്നവരുണ്ട്. ഈ യുദ്ധമെല്ലാം പി ശാചിനെ തോല്പിക്കാനായിരിക്കണം. താൻ സ്വയം ഉണ്ടാക്കിവെച്ചിരിക്കുന്ന ചില കാര്യങ്ങളിലേക്കും, തന്റെ ചില ആഗ്രഹങ്ങളിലേക്കും, താൻ സ്വപ്നം കാണുന്ന ചട്ടക്കൂട്ടിലേക്കുമൊക്കെ സഭ യൊന്നാകെ മാറിയേ തീരൂ എന്നു വൈദി കർ വാശിപിടിക്കുന്നതു മണ്ടത്തരവും പൈശാചികതയുമാണ്. സഭയിൽ അച്ചടക്കം തകരുന്നത് അപചയത്തിന്റെ സൂചന യായി തിരിച്ചറിയുക. ഇത്തരം ആളു കളെ നിയന്ത്രിക്കാൻ കഴിയാത്തത് അതിലേറെ അധഃപതനമാണ്. എല്ലാ കാര്യങ്ങളും സമയത്തു ചെയ്യാനാവണം. സമയം അതിക്രമിക്കുംതോറും ഒന്നും നി യന്ത്രിക്കാനാവാത്ത അവസ്ഥയുണ്ടാകും. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ കൃത്യ

മായ സമയത്തു ചെയ്തില്ലെങ്കിൽ, അത് അധികാരിയാണെങ്കിലും സാധാരണക്കാരാണെങ്കിലും, ദൈവതിരുമുമ്പാകെ കണക്കു പറയേണ്ടിവരും.

### വിശുദ്ധ കുർബാനയുടെ ശക്തി

വിശുദ്ധ കുർബാനയുടെ യഥാർഥ ശക്തി തിരിച്ചറിയാത്തവർ നമ്മുടെ ചില വൈദികരും ചില ക്രിസ്ത്യാനികളുമാണെന്നു തോന്നുന്നു. ഭൂരിപക്ഷം വിശ്വാസികൾക്കും വൈദികർക്കും വിശുദ്ധ കുർബാനയുടെ ശക്തി അറിയാം. സാത്താൻ സേവക്കാർക്കു പോലും ഇതിന്റെ ശക്തി അറിയാം. എന്നാൽ ബലിപീഠത്തെ അപമാനിച്ചും വിശുദ്ധ കുർബാനയെ അവഹേളിച്ചും ചിലർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ സാത്താന്റെ പ്രവർത്തനം തന്നെയാണ്. അനുസരണത്തിന്റെ പിൻബലമില്ലാത്ത വി. ബലിക്ക് ബലമില്ല. നമുക്കീ തിരിച്ചറിവ് ഉണ്ടാകണം. കാലം ചെല്ലുന്തോറും തിന്മയ്ക്ക് ആയുസ് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. യുദ്ധം ചെയ്യാനാണ് ഇന്നു പലർക്കും താത്പര്യം. വിദ്വേഷം പ്രചരിപ്പിക്കാനും ഇഷ്ടമാണ്. ദൈവത്തെ കാണാനുള്ള അവസരം നമ്മളായി ഇല്ലാതാക്കുന്നത് ഗതികേടല്ലേ? തെറ്റായ വഴികളിലൂടെ പോകുന്നവർക്കുവേണ്ടി ശക്തമായി പ്രാർഥിക്കണം. പ്രാർഥനയ്ക്കു ശക്തിയുള്ളതുകൊണ്ട് തിന്മയ്ക്ക് അധികകാലം നിലനിൽക്കാനാവില്ല.

### പ്രതിസന്ധിയിലും സഭയ്ക്കൊപ്പം

ഞാൻ വൈദികജീവിതം ആരംഭിച്ച കാലത്തുതന്നെ കലയന്താനിയിലെയും വാഴക്കുളത്തെയും വികാരിയച്ചൻമാരെ

**സ്വയം ഉണ്ടാക്കിവെച്ച ചില കാര്യങ്ങളിലേക്കും ആഗ്രഹങ്ങളിലേക്കും, താൻ സ്വപ്നം കാണുന്ന ചട്ടക്കൂട്ടിലേക്കുമൊക്കെ സഭയൊന്നാകെ മാറിയേ തീരൂ എന്നു വൈദികർ വാശിപിടിക്കുന്നത് മണ്ടത്തരവും പൈശാചികതയുമാണ്.**

### കുട്ടികളുടെ പ്രിയപ്പെട്ടവൻ

27-ാമത്തെ വയസിൽ ചെറുപുഷ്പം മിഷൻലീഗിന്റെ ഡയറക്ടറായാണ് തുടക്കം. അന്നും ഇന്നും ഒരു കാര്യം ഞാൻ ശ്രദ്ധിക്കും; ആരെയും അകറ്റിനിർത്തരുത്. ആരെയും വിധിക്കരുത്. കുട്ടികളെ മനസിലാക്കണം. അവരെ കേൾക്കണം. പ്രശംസിക്കണം. കൂടെ നിർത്തണം. കുട്ടികളോടു സംസാരിക്കുമ്പോൾ പ്രത്യേക ശൈലിതന്നെ വേണം. സൗഹൃദപരമായിരിക്കണമത്. ഇക്കാര്യത്തിൽ ഞാൻ ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

സഹായിക്കാനാണ് നിയോഗിക്കപ്പെട്ടത്. ആ ഇടവകകളിലെ ചില പ്രശ്നങ്ങൾക്കു പരിഹാരം കാണുകയായിരുന്നു നിയോഗം. ഒരിക്കലും അധികാരഭാവത്തോടെയല്ല, സൗഹൃദപരമായാണ് പ്രശ്നങ്ങളെ നേരിട്ടത്. വികാരിഭാവമില്ലാത്ത വൈദികൻ എന്നുപോലും പലരും വിളിച്ചിട്ടുണ്ട്. ജനങ്ങൾക്കൊപ്പം നിൽക്കാനേ എന്നും ശ്രമിച്ചിട്ടുള്ളൂ. അവരെ ഒരുതരത്തിലും താഴെയുള്ളവരായി കണ്ടിട്ടില്ല. ഏതു പ്രശ്നമുണ്ടായാലും ആദ്യമേ അതു ദൈവത്തിന്റെ തിരുമുമ്പിൽ സമർപ്പിക്കും. അതുകഴിഞ്ഞ് മുന്നിട്ടിറങ്ങിയാൽ ഒരു പ്രശ്നവുമില്ല; പരിഹാരമുണ്ടാവും. ഇന്നു പലപ്പോഴും നമ്മൾ നമ്മുടെ കഴിവിനെയാണ് ആശ്രയിക്കുന്നത്. നമുക്കു സ്വന്തമായി എന്തു കഴിവാണുള്ളത്? ദൈവം നല്കുന്ന കഴിവല്ലാതെ നമുക്കു വേറൊരു കഴിവുമില്ല. എല്ലാം അവിടുന്നു നല്കുന്നു എന്ന ഉറച്ച ബോധ്യമുണ്ടാകണം. എങ്കിൽ എല്ലാ പ്രശ്നത്തിനും പരിഹാരമുണ്ടെന്നു തീർച്ച.

### സഭയിലെ നവീകരണം

ഇന്നു കാണുന്ന കോലാഹലങ്ങളൊന്നും സഭയുടെ നവീകരണത്തിനല്ല, നാശത്തിനേ വഴിയൊരുക്കൂ. സഭയിൽ നവീകരണം

**പള്ളിയിൽനിന്നും ലഭിക്കുന്ന
പണം ആ പള്ളിയിൽതന്നെ
കുഴിച്ചിടണമെന്നു
പഠിപ്പിക്കുന്നതാരാണ്?
പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ,
വീട് നിർമിച്ചു നല്കാൻ,
ചികിത്സിക്കാൻ ഈ സമ്പത്ത്
വിനിയോഗിക്കപ്പെടണം.**



സംഭവിച്ചിട്ടുണ്ട്. ഫ്രാൻസിസ് അസീസിയും മദർ തെരേസയും ഉൾപ്പെടുന്ന പുണ്യാത്മാക്കൾ നവീകരണം കൊണ്ടുവന്നവരാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പായും ഫ്രാൻസിസ് പാപ്പായും സഭയുടെ നവീകരണത്തിന് ശക്തമായ നിലപാട് സ്വീകരിക്കുന്നവരാണ്. എന്നാൽ, അധികാരത്തിനും ഭൗതികനേട്ടത്തിനും സ്വാർഥതാത്പര്യത്തിനുംവേണ്ടി നടത്തുന്ന സമരങ്ങളെയും പേക്കൂത്തുകളെയും, നവീകരണമെന്ന് എങ്ങനെ വിളിക്കും? പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിലേ സഭയിൽ നവീകരണം സംഭവിക്കൂ. സഭയെ കുറ്റംപറഞ്ഞാൽ പോരാ, സഭയുടെ റിസോഴ്സ് ഉപയോഗിക്കാൻ സാധിക്കണം. സ്വന്തം ജീവിതവും പ്രയത്നങ്ങളുംകൊണ്ട് വിശ്വാസികളെയും പൊതുസമൂഹത്തെയും മാനസാന്തരത്തിലേക്കു നയിക്കുന്നതാണ് യഥാർഥ നവീകരണം. അതിനാണ് ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്.

**സന്ദേശം മാംസം ധരിക്കണം**

സ്നേഹം തന്നെയായിരുന്നു എക്കാലത്തെയും പ്രധാന ധ്യാനവിഷയം. ബിഷപ്പുമാർക്കും വൈദികർക്കും സന്യസ്തർക്കും ഇടവകജനത്തിനുമെല്ലാം സ്നേഹം എന്ന വിഷയത്തിൽ ഊന്നിയേ ധ്യാനം നല്കിയിട്ടുള്ളൂ. വചനം മാംസം ധരിച്ചുവേണം നമ്മൾ പ്രസംഗിക്കാൻ. അപ്പോഴേ കേൾക്കുന്നവരുടെ മനസിലേക്ക് അത് പ്രവേശിക്കുകയുള്ളൂ. യേശുവിന്റെ ശൈലി മുന്നിലുള്ളവരിലേക്ക് പകരുന്ന രീതി അവലംബിക്കണം. മനസിൽ തുളച്ചുകയറുന്ന രീതിയിലേ സുവിശേഷം വ്യാഖ്യാനിക്കപ്പെടാവൂ. അതിനാദ്യം, വചനസന്ദേശം നല്കുന്നവന്റെ മനസിൽ സുവിശേഷം പച്ചയായി തെളിഞ്ഞുനിൽക്കണം. അതിന്റെ അർഥവും വ്യാപ്തിയും അവൻ മനസിലാക്കണം. ഇക്കാര്യത്തിലുള്ള പോരായ്മയും കുറവുമാണ് നമ്മൾ പലപ്പോഴും അനുഭവിക്കുന്നത്. വചനം ശരിയായി ഉൾക്കൊണ്ടവരും അനുഭവിച്ചവരും എണ്ണത്തിൽ നന്നേ കുറയുന്നു. ഇതനുഭവിച്ചവർ മാത്രമേ ദൈവത്തിന്റെ വിളി കേട്ടു വൈദികരാകാൻ എത്താവൂ. എണ്ണത്തിലല്ല കാര്യം. ക്രിസ്തുവായി ദൈവജനത്തിനു മുന്നിൽ നിൽക്കാൻ കഴിയുന്ന ന്യൂനപക്ഷം മാത്രം മതി, സഭ വളരാൻ. സഭയിൽ ആളെ ചേർക്കാൻ ആരും മത്സരിക്കേണ്ടതില്ല.


ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



May 1

റാണി മേപ്പുറത്ത്,
വായ്പൂര്

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



May 2

മിനി മാർട്ടിൻ
തൈപറമ്പിൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



May 3

ജോസി തോമസ്
9846684838

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



May 4

നിഷ വിനു
9496358055

## ഹൈറേഞ്ചിലെ സ്കൂട്ടറച്ചൻ

പൊതുവേ ഹൈറേഞ്ച് യാത്ര ദുഷ്കരമായിരുന്ന ഒരു കാലത്താണ് ഞാനവിടെ എത്തുന്നത്. കോതമംഗലം രുപതയുടെ കീഴിലാണ് അന്ന് ഇടുക്കി. ഹൈറേഞ്ചിലൂടെ ബസ് യാത്ര താരതമ്യേന അസാധ്യവും. ഒരു സ്കൂട്ടറുണ്ട്. അതിലാണ് യാത്ര. ഹൈറേഞ്ചിലെ പള്ളികളിൽ ധ്യാനിപ്പിക്കാനും, തിരുനാൾ പാട്ടുകുർബാനയും വചനസന്ദേശവും നല്കാനും സ്കൂട്ടറിലാണ് പോകുന്നത്. സ്കൂട്ടർ കാണുമ്പോൾ അവർക്കറിയാം, ഞാൻ എത്തിയിട്ടുണ്ട്. മരണത്തിനും തിരുനാളിനും, എല്ലാ റീത്തുകളിലെയും കർമങ്ങൾക്കു പോകുമായിരുന്നു. ചരമപ്രസംഗം കുത്തകയാക്കി വെച്ചിരുന്ന കാലം. ചെറുപ്രായമായതിനാൽ സ്കൂട്ടറച്ചനായിട്ടാണ് അക്കാലമെല്ലാം ഹൈറേഞ്ചിൽ അറിയപ്പെട്ടിരുന്നത്.

ഇവൻ ക്രിസ്ത്യാനിയാണ്, ക്രിസ്തുവിന്റെ ശിഷ്യനാണ്, ഇവനെപ്പോലെയാകണം എന്നു ചിന്തിക്കാൻ പുറമേനിന്നു കാണുന്നവർ പ്രേരിതരാകുന്നുണ്ടെങ്കിൽ അതാണ് പ്രധാനം. ഈ സഭ കൊള്ളാമല്ലോ എന്ന ബോധ്യം അവരുടെ മനസിൽ ഉണരാൻ നമ്മുടെ പ്രവൃത്തികൾ വഴിതെളിക്കുന്നുണ്ടെങ്കിൽ അവിടെ സുവിശേഷം പ്രഘോഷിക്കപ്പെട്ടുകഴിഞ്ഞു.

### വൈദികൻ പള്ളിപണിക്കാരനല്ല

നമ്മുടെ വൈദികരിൽ പലരുടെയും ഇടവകജനത്തിന്റെയും മനസിൽ തെറ്റായ ഒരു വിചാരമുണ്ട്. വൈദികൻ ഇടവകഭരണത്തിൽ വന്നുകഴിഞ്ഞാൽ പള്ളി പണിയണം. കുറഞ്ഞ പക്ഷം എവിടെയെങ്കിലും എന്തെങ്കിലും നിർമിക്കണം. കരിങ്കല്ലുകൊണ്ട് കെട്ടിപ്പൊക്കുന്നതല്ല ദേവാലയം. ഹൃദയങ്ങളെ തമ്മിൽത്തമ്മിൽ ചേർത്തുവെക്കുന്നതാണ് ദേവാലയം. പള്ളിയിൽനിന്നും ലഭിക്കുന്ന പണം ആ പള്ളിയിൽതന്നെ കുഴിച്ചിടണമെന്നു പഠിപ്പിക്കുന്നതാരാണ്? പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ, വീട് നിർമിച്ചു നല്കാൻ, ചികിത്സിക്കാൻ ഈ സമ്പത്ത് വിനിയോഗിക്കപ്പെടണം. പാവപ്പെട്ടവരുടെ വേദനകൾ കാണാൻ കഴിയുന്നവരായി വൈദികർ മാറണം. ഇല്ലെങ്കിൽ അവർ വെറും ളോഹധാരികൾ മാത്രം.

### വിവാഹം നേരത്തെ വേണം

നമ്മുടെ കുട്ടികളിൽ ഭൂരിപക്ഷവും ജോലിയും നേടി, വീട്ടിലെ കടവും വീട്ടി 30 വയസിനുശേഷമാണ് വിവാഹം കഴിക്കുന്നത്. നേരത്തെ വിവാഹം നടത്താൻ ചില മാതാപിതാക്കളും തയാറല്ല. അതുകൊണ്ട് ആരോഗ്യമുള്ള തലമുറ സൃഷ്ടിക്കപ്പെടുന്നില്ല. ജനസംഖ്യ കുറയുന്നതിനും ഇതു കാരണമാണ്. വിവാഹം നേരത്തെ നടത്തണം. കുട്ടികളുടെ എണ്ണം ഒന്നിൽ ഒതുങ്ങരുത്. ആരോഗ്യമുള്ള സമയത്ത് ആരോഗ്യമുള്ള കുട്ടികളെ ജനിപ്പിക്കുന്നതിലാവണം ദമ്പതികളുടെ ശ്രദ്ധ. 24നു മുമ്പ് പെൺകുട്ടികളും 25ൽ ആൺകുട്ടികളും വിവാഹിതരാകുന്ന സാഹചര്യമാണ് ഉത്തമം. എങ്കിലേ ക്രൈസ്തവസാന്നിധ്യം പഴയപടി നിലനില്ക്കുകയുള്ളൂ.

### യുവാക്കൾ വിദേശത്തേക്ക്

പഠനത്തിനും ജോലിയ്ക്കുംവേണ്ടി യുവതലമുറ വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നത് ഇക്കാലത്ത് സാധാരണമായി കഴിഞ്ഞു. ഭൂരിപക്ഷവും കടംവാങ്ങിയും ലോണെടുത്തുമാണ് വിദേശത്തേയ്ക്ക് ഒഴുകുന്നത്. ഉന്നതപഠനത്തിനും മികച്ച ജോലിക്കും വിദേശത്തേക്കു പോകുന്നവരെ പഴിപറയാനാവില്ല. പക്ഷേ, ഇതൊരു ഒഴുക്കാണ്. പഠനംപോലും പാതിവഴിയിൽ നഷ്ടപ്പെടുത്തുന്ന അവസ്ഥ. അവിടെയെത്തുന്ന പല കുട്ടികളും ജോലി കിട്ടാതെ, പ്രതിക്ഷിച്ച ജീവിതസാഹചര്യം ലഭിക്കാതെ കഷ്ടപ്പെടുകയാണ്. താരതമ്യേന സമാധാനം നിറഞ്ഞ നാടാണ് നമ്മുടേത്. ആരും ഇവിടെ പട്ടിണി കിടക്കേണ്ടി വരുന്നില്ല. ജീവിതംകൊണ്ട് ഒരു മാറ്റമാണ് ആവശ്യം. നാടിന്റെ നന്മ മെച്ചപ്പെട്ടാൽ എല്ലാവരും രക്ഷപ്പെടും. സമാധാനമുള്ള ഈ നാട്ടിൽ നല്ലനിലയിൽ ജീവിക്കാൻ ശ്രമിക്കാതെ വിദേശത്തേയ്ക്ക് ഓടുന്നവർ, അവിടെയെത്തിയ എത്രപേർ ഇതിനകം രക്ഷപ്പെട്ടു എന്ന കാര്യം ഗൗരവമായി ചിന്തിക്കണം. ○

പലവിചാരം

റ്റി.സി മാത്യു

വന്യജീവി, പരിസ്ഥിതി സംരക്ഷണത്തിലെ ചില നിലപാടുകൾ അതിവിചിത്രമാണ്.

# മനുഷ്യൻ, മൃഗം പിന്നെ പരിസ്ഥിതിയും

വനം. വന്യജീവികൾ. പരിസ്ഥിതി. എല്ലാം അതിൽതന്നെ നിരുപദ്രവികൾ. പക്ഷേ, കേരളത്തിൽ എത്തുമ്പോൾ എല്ലാം ഉപദ്രവമായി മാറുന്നു. അഥവാ, അവയെ അങ്ങനെ മാറ്റിയെടുക്കുന്നു.

പരിസ്ഥിതി സംരക്ഷിക്കണം. തർക്കമില്ലാത്ത കാര്യം. വനങ്ങൾ സംരക്ഷിക്കണം. ആർക്കും എതിർപ്പില്ല. വന്യജീവികളെ സംരക്ഷിക്കണം. അതും ന്യായം. പക്ഷേ ഇതെല്ലാം മനുഷ്യരെ ഉപദ്രവിച്ചുകൊണ്ടു നടത്തുന്നതിലാണു ചിലർക്കു താത്പര്യം. അതെല്ലാം പ്രകൃതിക്കും ഭൂമിക്കും വേണ്ടിയാണെന്ന വ്യാജപ്രചാരണവും അവർ നടത്തുന്നു.

വന്യജീവി, പരിസ്ഥിതി സംരക്ഷണത്തിലെ ചില നിലപാടുകൾ അതിവിചിത്രമാണ്.

ജനവാസമേഖലയിൽ വന്യമൃഗങ്ങൾ വന്നു മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുകയും കൊല്ലുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്യുന്നു. ഇവ തടയാൻ ആരും ഒന്നും ചെയ്യുന്നില്ല. ചീഫ് വൈൽഡ് ലൈഫ് വാർഡനും അദേഹം ചുമതലപ്പെടുത്തുന്നവർക്കും മാത്രമാണ് ഉപദ്രവകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ (കൊല്ലിക്കാൻ) അധികാരം. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി മൃഗങ്ങളെ കൊല്ലാൻ ആൾ എത്തുമ്പോഴേക്കു അവ കാടുകൾ കടന്നിരിക്കും.

ആനകൾ വരാതെ ട്രെഞ്ച് കുഴിക്കുന്നതും വൈദ്യുതവേലി തീർക്കുന്നതും അടക്കം പല പദ്ധതികളും പ്രഖ്യാപനങ്ങളിലുണ്ട്. പക്ഷേ അവ എന്തായി എന്ന് അന്വേഷിക്കുമ്പോഴാണ് അതിലുള്ള ശുഷ്കാന്തി മനസിലാകുക. ചോദ്യങ്ങൾക്ക്, ഫണ്ടില്ല എന്ന ഉത്തരം റെഡി. സാമൂഹിക വനവത്കരണമടക്കം പല പദ്ധതികളുടെയും പേരിൽ അന്താരാഷ്ട്ര സെമിനാറുകൾ സംഘടിപ്പിക്കാനും വിദേശയാത്രകൾ നടത്താനും ഫണ്ട് പ്രശ്നമില്ല.

കടുവ, പുലി, ആന, കാട്ടുപോത്ത്, കുറുക്കൻ, കുരങ്ങ്, കാട്ടുപന്നി തുടങ്ങിയ മൃഗങ്ങളും വിഷപ്പാമ്പുകളുമാണ് ജനവാസമേഖലയിൽ ഇറങ്ങി ജനങ്ങൾക്കും കൃഷിക്കും ഭീഷണിയാകുന്നത്. വവ്വാലുകളുടെ അനിയന്ത്രിതപെരുപ്പം ഫലവൃക്ഷങ്ങളുടെയും കവുങ്ങുകളുടെയും വിളകൾക്കു ഭീഷണിയായി മാറിക്കഴിഞ്ഞു.

വനങ്ങൾ സംരക്ഷിക്കണം. ആർക്കും എതിർപ്പില്ല. വന്യജീവികളെ സംരക്ഷിക്കണം. അതും ന്യായം. പക്ഷേ ഇതെല്ലാം മനുഷ്യരെ ഉപദ്രവിച്ചുകൊണ്ടു നടത്തുന്നതിലാണു ചിലർക്കു താത്പര്യം.

## വന്യജീവികൾ കൊന്നത് 1575 പേരെ

*2010 മുതൽ 2025 വരെയുള്ള കാലയളവിൽ 1575 പേരാണു സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കാട്ടാനയുടെ ആക്രമണത്തിൽ ഇരുന്നൂറോളം മനുഷ്യജീവൻ പൊലിഞ്ഞു. ഈ വർഷം ആദ്യമൂന്നുമാസത്തിനുള്ളിൽ മാത്രം 18 പേർ കൊല്ലപ്പെട്ടു... കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 10,752 പേർക്കാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റത്...*

*10 വർഷത്തിനുള്ളിൽ വന്യജീവി ആക്രമണം കുറയ്ക്കുന്നതിന് ചെലവഴിച്ചത് 240.20 കോടി രൂപ. 2015ൽ നാലുകോടി രൂപ വന്യജീവി ആക്രമണം കുറയ്ക്കുന്നതിനായി മാറ്റിവെച്ചപ്പോൾ, 2020ൽ അത് 24 കോടി രൂപയായി ഉയർന്നു. 2024ൽ അതു 48 കോടിയായി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ ഐഡിഡബ്ല്യുഎച്ച് പ്രകാരമാണ് ഇത്രയും തുക ചെലവഴിച്ചത്.*

*(2025 ഏപ്രിൽ 17ലെ ദീപികയിൽ തോമസ് വർഗീസ് എഴുതിയ റിപ്പോർട്ടിൽനിന്ന്)*

ആന നാട്ടിലിറങ്ങി ഉപദ്രവിക്കുമ്പോൾ പറയുന്നത്, അവയ്ക്കു തിന്നാനുള്ള സാധനങ്ങൾ കൃഷി ചെയ്യുന്നതാണു പ്രശ്നം എന്നാണ്. തെങ്ങും വാഴയും നെല്ലും ചക്കപ്പഴവുമൊക്കെ അവയ്ക്ക് ആഹാരമാണ്. അവയൊന്നും കൃഷി ചെയ്യാതെ നാട്ടുകാർ എങ്ങനെ കഴിയും?

കാട്ടുപന്നികൾ കപ്പയും ചേമ്പും ചേനയും തിന്നുക മാത്രമല്ല, മറ്റു കൃഷികൾ ഉഴുതുമറിക്കുകയും ചെയ്യുന്നു. ഇവിടെയും ആ ജീവിയുടെ തീറ്റസാധനം കൃഷി ചെയ്ത നാട്ടുകാരാണു പ്രതികൾ!

കടുവ പശുവിനെയും ആടിനെയും കൊല്ലുമ്പോൾ, ഭക്ഷണം തേടിയാണ് എന്ന ന്യായീകരണമുണ്ട്. പശുവിനെയും ആടിനെയും പട്ടിയെയും വളർത്താതെ വേണം വനപ്രാന്തത്തിൽ ജീവിക്കാൻ.

കുരങ്ങുകൾ വന്നു വിളകൾ നശിപ്പിക്കുമ്പോഴും, കൃഷി ചെയ്തതാണ് കുരങ്ങുകളെ ആകർഷിച്ചത് എന്നു കുറ്റപ്പെടുത്തുന്നതായി നാട്ടുനടപ്പ്.

രാജവെമ്പാല അടക്കമുള്ള വിഷസർപ്പങ്ങൾ കിടപ്പുമുറിയിൽ വന്നാലും, അവയെ കൊല്ലാൻ പാടില്ല. പിടിച്ചു വനത്തിൽ കൊണ്ടുപോയി വിടണം. പാമ്പിന്റെ മുട്ട കണ്ടാൽ അവ വിരിയിച്ചു കുഞ്ഞുങ്ങളെ വനത്തിൽ കൊണ്ടുപോയി തുറന്നു വിടണം.

പാമ്പുകളുടെ വംശനാശം വരുത്തണം എന്നു പറയുന്നില്ല. പക്ഷേ മനുഷ്യരുടെ വംശനാശം ഒഴിവാക്കണ്ടേ?

വന്യമൃഗങ്ങൾ നാട്ടിലേക്കു വരുന്നതിനു പല കാരണങ്ങളുണ്ട്. കടുത്ത വേനലിൽ വെള്ളവും ഭക്ഷണവും അന്വേഷിച്ചു വരും. കാട്ടിൽ മൃഗങ്ങൾ പെരുകുമ്പോഴും പുതിയ മേച്ചിൽസ്ഥലം അന്വേഷിച്ച് അവ നാട്ടിലിറങ്ങും. അപകടമോ ആക്രമണമോ മൂലം പരിക്കേറ്റു വേട്ട അസാധ്യമായ കടുവകൾ, എളുപ്പം മൃഗങ്ങളെ കിട്ടാൻ നാട്ടിലിറങ്ങുന്നതും പതിവാണ്. കൂട്ടക്കാരോടു പോരടിച്ചു പരിക്കേല്ക്കുന്ന ആനകളും നാട്ടിലിറങ്ങും.

ഇത്തരം എല്ലാ സാഹചര്യങ്ങളും തടയാനായെന്നു വരില്ല. എങ്കിലും കുറെയേറെ മാറ്റാൻ കഴിയും. വനപരിസരത്തു താമസവും കൃഷിയും അസാധ്യമാകുന്ന അവസ്ഥ ഒഴിവാക്കാൻ എല്ലാവരും ഒരുമിക്കണം.

പല രാജ്യങ്ങളിലും ഉള്ളതുപോലെ മൃഗങ്ങളുടെ അമിതവർധന തടയാൻ നയം രൂപീകരിക്കേണ്ടത് അടിയന്തരാവശ്യമാണ്. ഓരോ കാടിനും വഹിക്കാവുന്ന മൃഗങ്ങളുടെ സംഖ്യ നിർണയിക്കുകയും, അമിത മൃഗസംഖ്യ ആകുമ്പോൾ വേട്ട അനുവദിച്ച് എണ്ണം കുറയ്ക്കുകയും ചെയ്യുന്നത് പരിഷ്കൃതരാജ്യങ്ങളിൽ പതിവാണ്. അതു പശ്ചിമഘട്ടത്തിലും നടപ്പാക്കാൻ പ്രയാസമില്ല. കാട്ടുപന്നി, കാട്ടുപോത്ത് തുടങ്ങിയവയുടെ മാംസം ഭക്ഷണത്തിനു വിൽക്കുകയും ചെയ്യാം.

പരിസ്ഥിതി മൗലികവാദത്തിൽ നിന്നുമാറി മനുഷ്യരെയും പരിസ്ഥിതിയെയും

ആഗ്നസ് തെരെസ്

# ആസ്വദിക്കൂ, വളർത്തൂ

സന്തുഷ്ടമായ കുടുംബജീവിതം നയിക്കാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ആഗ്രഹിച്ചതുകൊണ്ടുമാത്രം അതു സാധിക്കണം എന്നു നിർബന്ധമില്ല. സന്തുഷ്ടമായ കുടുംബജീവിതം ഒരാളുടെയും സമ്മാനമല്ല; ഓരോരുത്തരുടെയും സൃഷ്ടിയാണ്. സ്വർഗവും നരകവും സൃഷ്ടിക്കുന്നത് നാം തന്നെയാണെന്നാണല്ലോ പറയപ്പെടുന്നത്. കുടുംബജീവിതം സന്തുഷ്ടി നിറഞ്ഞതാകണമെങ്കിൽ, അവിടെ ആസ്വാദ്യതയും പ്രോത്സാഹനവും ഉണ്ടാകണം. കുടുംബത്തിനുള്ളിൽ ചെയ്യുന്ന കാര്യങ്ങൾ ആസ്വദിച്ചു ചെയ്യുക. അടുക്കളജോലി മുതൽ ഇതാരംഭിക്കണം. കുടുംബത്തിലെ ചെലവുകൾ നിർവഹിക്കുന്ന ആൾ അങ്ങനെയൊരു സാഹചര്യം ലഭിച്ചതിൽ സന്തോഷിക്കണം. തന്റെ കടമകളിൽ അയാൾ അസംതൃപ്തനും പിറുപിറുക്കുന്നവനും ആണെങ്കിൽ, അയാൾക്ക് കുടുംബജീവിതത്തിൽ അർഹമായ സന്തോഷം അനുഭവിക്കാൻ കഴിയില്ല. അടുക്കളജോലി ചെയ്യുന്ന ആൾ വെച്ചുവിളമ്പുന്നതിന്റെയും പാത്രം കഴുകുന്നതിന്റെയും പേരിൽ അസ്വസ്ഥത പ്രകടിപ്പിച്ചാൽ അപ്പോഴും കുടുംബം അസ്വസ്ഥത നിറഞ്ഞതാകും. കുടുംബത്തിലെ ഓരോ അംഗവും തങ്ങളുടെ കടമകൾ ആസ്വദിച്ചു ചെയ്യുക. പ്രശ്നങ്ങളുണ്ടെങ്കിലും പ്രതിസന്ധികളുണ്ടെങ്കിലും കുടുംബത്തിൽ അപ്പോൾ സന്തോഷവും സംതൃപ്തിയും ഉണ്ടാകും.

കുടുംബജീവിതം സന്തോഷകരമാക്കാനുള്ള പ്രധാനമാർഗം പരസ്പരമുള്ള പിന്തുണയും പ്രോത്സാഹനവുമാണ്. അംഗങ്ങൾ പരസ്പരം പ്രോത്സാഹിപ്പിക്കുക, പിന്തുണയ്ക്കുക. ഒരാൾ മാത്രമാണ് എല്ലാം ചെയ്യേണ്ടതെന്ന അബദ്ധധാരണ പിഴുതുമാറ്റുക. ഞാൻ പുരുഷനല്ലേ, കുടുംബനാഥനല്ലേ, ഞാനെന്തിന് ഇതു ചെയ്യണം എന്ന് അപ്പനൊരിക്കലും ചിന്തിക്കരുത്. ഞാൻ സ്ത്രീയല്ലേ, കുടുംബനാഥയല്ലേ, എനിക്ക് ഇതിന്റെയെല്ലാം ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കുമോ എന്ന് അമ്മയും വിചാരിക്കരുത്.

സ്നേഹവും അടുപ്പവും ഉണ്ടെങ്കിൽ ഐക്യമുണ്ടാകും. തുല്യരാണ് എന്ന ചിന്തയുണ്ടാകും. മക്കൾക്കും, അവരുടെ പ്രായത്തിനും ആരോഗ്യത്തിനും അനുസരിച്ചു ഡ്യൂട്ടികൾ പങ്കുവെച്ചുകൊടുക്കാൻ മടിക്കരുത്. ഓരോരുത്തരും വ്യത്യസ്തരായ വ്യക്തികളാണെങ്കിലും, കുടുംബം എന്ന ഏകജാലകം വ്യക്തികളെ ഒരേ ദിശയിലേക്കു പോകാൻ പ്രേരിപ്പിക്കുന്നു. ഒരേ ദിശയിലേക്ക് എല്ലാവരും ഒരുമിച്ചു യാത്ര ചെയ്യുമ്പോഴാണ് ആ യാത്രയ്ക്ക് ലക്ഷ്യമുണ്ടാകുന്നത്. പലരും പലവഴിക്കു പോകുമ്പോൾ കുടുംബം ശിഥിലമാകും. പരസ്പരം പ്രോത്സാഹിപ്പിച്ചും ഭാരങ്ങൾ ഏറ്റെടുത്തും കടമകളിൽ സന്തോഷിച്ചും കുടുംബജീവിതം മുന്നോട്ടു നയിക്കുക. അപ്പോൾ നിങ്ങളുടെ കുടംബം സന്തോഷവും സംതൃപ്തിയും നിറഞ്ഞ കുടുംബമായിരിക്കും.

---

സംരക്ഷിക്കുന്ന മനോഭാവത്തിലേക്കു മാറുകയാണു കാലത്തിന്റെ ആവശ്യം.

### ആലംബമില്ലാതെ അമ്മമാരും കുഞ്ഞുങ്ങളും...

കുട്ടികളുമായി മരിക്കുന്ന അമ്മമാരുടെ വാർത്തകൾ സമീപനാളുകളിൽ ആവർത്തിച്ചു വന്നു. നൊന്തുപെറ്റ കുഞ്ഞുങ്ങളെ വിഷം കൊടുത്തോ അല്ലാതെയോ കൊല്ലുന്നു. മരണം ഉറപ്പാക്കാൻ വേണ്ടതെല്ലാം ചെയ്യുന്നു. താനും കൂടെ ചാകുന്നു. തനിക്കു ജീവിക്കാൻ കൊള്ളാത്തതായി മാറി എന്നു താൻ കരുതുന്ന ലോകത്തിൽ/കുടുംബത്തിൽ തന്റെ മക്കളും ജീവിക്കേണ്ട എന്ന് ആ അമ്മമാർ കരുതിയിരിക്കാം.

അമ്മമാർ ഇങ്ങനെയൊരു അവസ്ഥയിൽ എത്തിപ്പെടുന്നത് എന്തുകൊണ്ട്? ഇനിയും ജീവിതം മനസിലാക്കാനോ ആസ്വദിക്കാനോ തുടങ്ങാത്ത പ്രിയ സന്താനങ്ങൾക്ക് അതു നിഷേധിക്കാൻ എങ്ങനെ പറ്റുന്നു? തിരിച്ചു

വരാൻ പറ്റാത്ത ഒരു വഴിയിലേക്കു നീങ്ങാൻ അവർ എങ്ങനെ നിർബന്ധിതരായി?

കാരണങ്ങൾ പലതുണ്ടാകാം. മദ്യാസക്തി, ലഹരി, ധൂർത്ത് തുടങ്ങി ഭർത്താവിന്റെ കുഴപ്പങ്ങൾ, കടക്കെണി, ഓൺലൈൻ ചതിക്കുഴികൾ, ഭർതൃവീട്ടിലെ പീഡനങ്ങൾ, ജീവിതപ്രയാസങ്ങൾ എന്നിങ്ങനെ പലതും.

ഇതൊന്നും പുതിയതല്ല. പലേടത്തും ഉള്ളതാണ്. അവിടെയെല്ലാം അന്ത്യം ഇങ്ങനെ കൂട്ടമരണത്തിൽ അല്ല എന്നു നിസംശയം പറയാൻ കഴിയും. പക്ഷേ ചിലർ അവയെ അതിജീവിക്കാൻ പറ്റാതെ കൂട്ടദുരന്തങ്ങൾക്കു കാരണമാകുന്നു.

മനോബലം നഷ്ടമാകുന്നവർക്ക് സമൂഹത്തിൽ ആശ്രയം ഇല്ലാതാകുന്നു എന്നതല്ലേ പ്രശ്നം? ധ്യാനകേന്ദ്രങ്ങളും ധ്യാനപരിപാടികളും ധാരാളമുണ്ട്. ദൈവാലയങ്ങളും സന്യാസഭവനങ്ങളും ഉണ്ട്. മുട്ടിനു മുട്ടിനു കൗൺസലിംഗ് കേന്ദ്രങ്ങൾ ഉണ്ട്. വനിതാസംഘടനകൾ ഉണ്ട്. വനിതാ കമ്മീഷൻ ഉണ്ട്. പക്ഷേ ഇവയൊന്നും നിരാശയിലേക്കു വീഴുന്നവർക്ക് പ്രത്യാശ പകരുന്ന സ്ഥലങ്ങളായി പ്രത്യക്ഷപ്പെടുന്നില്ല. ആത്മഹത്യാമുനമ്പിൽനിന്ന് ഇരകളെ തിരികെപ്പിടിക്കാൻ ആരുമില്ലാത്ത അവസ്ഥ.

കൂട്ടുകുടുംബങ്ങൾ മാറി ന്യൂക്ലിയർ കുടുംബങ്ങൾ ആയി. വിഷമങ്ങൾ പങ്കുവെക്കാനും തിരുത്താനും തിരുത്തിക്കാനും പ്രവർത്തിച്ചിരുന്ന അനൗപചാരിക സംവിധാനം കുടുംബത്തിലും കുടുംബബന്ധങ്ങളിലുംകൂടി കിട്ടിയിരുന്ന സാഹചര്യം ഇല്ലാതായി.

അയൽപക്കബന്ധങ്ങളും കുടുംബസൗഹൃദങ്ങളും ഒരുക്കിയിരുന്ന പ്രശ്നപരിഹാര സംവിധാനങ്ങളും ഇല്ലാതായി. വാഹനങ്ങളും മൊബൈൽ ഫോണുകളും നമ്മുടെ ഭൗതികപരിസരത്തു നമ്മളെ അപരിചിതരാക്കുന്നു. ഒറ്റപ്പെടുത്തുന്നു. മനസു തുറക്കാനോ സദുപദേശം തേടാനോ ഇടമില്ലാത്ത അവസ്ഥ.

സമൂഹം ഗൗരവമായി ചിന്തിച്ചു പരിഹാരം കാണാൻ ശ്രമിക്കേണ്ട വിഷയമാണ് ഇത് എന്നുമാത്രം പറയാം.

മാധ്യമങ്ങളോട് ഒരു അഭ്യർഥന: ഇത്തരം ദുരന്തങ്ങളെ വലിയ വാർത്തകളാക്കിയുള്ള അവതരണ ശൈലി ഒഴിവാക്കുക. കുട്ടികളെ കൊന്നോ ആത്മഹത്യയ്ക്കു നിർബന്ധിച്ചോ ഒക്കെ ദമ്പതികൾ മരിക്കുന്നത് 1990കളിൽ വലിയ വാർത്തകളായി. ഫലം? അത്തരം സംഭവങ്ങൾ കൂടി. പിന്നീടു പത്രമാധ്യമങ്ങൾ അവയെ ഉൾപേജുകളിലേക്കു മാറ്റിയതോടെ അത്തരം സംഭവങ്ങൾ കുറഞ്ഞു. ഇപ്പോഴും ഒന്നാം പേജിലോ പ്രൈം ടൈമിലോ നിന്ന് കൂട്ടദുരന്തങ്ങളെ ഒഴിവാക്കിയാൽ നല്ല ഫലം ഉണ്ടാകേണ്ടതാണ്.

○

> തടസമായി വരുന്ന കല്ലുകളെ ചവിട്ടുപടികൾ ആക്കുന്നതാണ് ജീവിതത്തിന്റെ രഹസ്യങ്ങളിലൊന്ന്.
>
> **ജായ്ക്ക് പെൻ**
>
> *(1909–1996; അമേരിക്കൻ പ്ലാസ്റ്റിക് സർജനും ശില്പിയും)*

> എല്ലാം എതിരായി, വഴിമുട്ടി എന്നു തോന്നുന്ന ഞെരുക്കത്തിന്റെ സ്ഥലത്ത്, ഇനി പിടിച്ചു നില്ക്കാനാവില്ലെന്നു വരുമ്പോൾ തളർന്നു വീഴുകയല്ല വേണ്ടത്; പരിശ്രമം തുടരണം. അവിടെയാണ്, ആ സമയത്താണ് കാറ്റ് മാറി വീശാൻ തുടങ്ങുക.
>
> **ഹാരിയറ്റ് ബീച്ചർ സ്റ്റോവ്**
>
> *(1811–1896; അങ്കിൾ ടോംസ് കാബിൻ എഴുതിയ ഇവർ ഒരു മതപ്രഭാഷകയും ആയിരുന്നു.)*

> ആരെങ്കിലും കേൾക്കാൻ തയാറാകുമ്പോൾ, ഒരു സഹായഹസ്തം നീട്ടുമ്പോൾ, പ്രോത്സാഹനത്തിന്റെ ഒരു വാക്ക് മന്ത്രിക്കുമ്പോൾ, ഒറ്റപ്പെട്ടു പോയവനെ/ളെ മനസിലാക്കാൻ ശ്രമിക്കുമ്പോൾ അസാധാരണമായ കാര്യങ്ങൾ സംഭവിക്കാൻ തുടങ്ങും.
>
> **ലൊറേറ്റാ ഗിർസാർട്ടിസ്**
>
> *(1920–2015; അമേരിക്കൻ എഴുത്തുകാരി)*

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# ചെമ്മീൻ ചുമ്മാതെ ചമ്മി!!

**വിവേകപൂർവം സ്വയം വിധിക്കാനും, വിശ്വാസവഴി വിട്ടുപോകാതെ വിനീതരാകാനും വിസമ്മതിക്കുന്നവർ വിപത്തിലാകുമെന്നറിയുക!**

'ചെമ്മീൻ ചാടിയാൽ മുട്ടോളം, പിന്നേം ചാടിയാൽ ചട്ടിയോളം!" കൊഞ്ചുപോലെ വളഞ്ഞു മുമ്പിലിരിക്കുന്ന അപ്പന്റെ ആത്മഗതം അല്പം ഉച്ചത്തിലായിപ്പോയി. നെഞ്ചുനീറി തൊട്ടടുത്തിരിക്കുന്ന അമ്മ, "ചുമ്മാതിരി മനുഷ്യാ..." എന്നു പറഞ്ഞുകൊണ്ട് വിമ്മിഷ്ടത്തോടെ അയാളെ നോക്കി!

മകളുടെ കാര്യം പറഞ്ഞ് ഉപദേശമാരായാൻ അകലെനിന്നും വന്നവരാണ്. നഴ്സിംഗ് പഠനത്തിന്റെ അവസാനത്തിലാണു പെണ്ണ്. പഠനം കഴിഞ്ഞാലുടനെ പെണ്ണ് പിടിവിട്ടുപോകുമെന്നാണ് പേടി! സ്കൂളിൽ പഠിക്കുന്ന കാലത്തുണ്ടായിരുന്ന ചില്ലറ ചുറ്റിക്കളികളെക്കുറിച്ച് അമ്മയ്ക്കറിവുണ്ടായിരുന്നത്രേ! ശാസനകൊണ്ട് ശരിപ്പെട്ടെന്നു കരുതി, അപ്പനോടൊന്നും പറയാത്തതിനാണ് അയാൾക്കു പരിഭവം! തന്നിഷ്ടമുള്ള തള്ളയുടെ വളർത്തുദോഷമെന്നു വിധിപറഞ്ഞയാൾ വീണ്ടും വളഞ്ഞിരുന്നു. ഈ വയ്യാവേലിയോടൊപ്പം വരേണ്ടിയിരുന്നില്ല എന്നമട്ടിൽ അവരെന്നെ ദയനീയമായി നോക്കി!

പന്ത്രണ്ടാം ക്ലാസിൽ പരിചയപ്പെട്ട അന്യജാതിക്കാരനുമായുള്ള അനാവശ്യ അടുപ്പം വീട്ടിലറിഞ്ഞതിനെ തുടർന്ന്, അവധിക്കുവന്ന അവളെ വീട്ടിലിട്ടു പൊരിച്ചത്രേ! കെട്ടുമെങ്കിൽ അവനെ മാത്രമേ കെട്ടൂ എന്നും, പഠനം കഴിഞ്ഞാൽ അവൻ തന്നെ കെട്ടുമെന്നും, താൻ വീടുവിട്ടുപോകുമെന്നും അവൾ കട്ടായം പറഞ്ഞു! പലിശയ്ക്കു പണമെടുത്തു പഠിപ്പിക്കുന്നവരുടെയും, പറക്കമുറ്റുവോളം മുണ്ടുമുറുക്കിയുടുത്ത് വളർത്തിയവരുടെയും വിഷമമൊന്നും അവൾക്ക് അറിയേണ്ടത്രേ! ഉലകിൽ തനിക്കു ഉയിരു നല്കിയവരുടെ ഉത്തരവാദിത്വമാണിതൊക്കെയെന്നും, അതിനു കണക്കൊന്നും പറയേണ്ടെന്നുമാണത്രേ അവളുടെ നന്ദിയില്ലാത്ത നിലപാട്.

വല്ലവരുടെയും വണ്ടിയോടിച്ചു തെണ്ടി നടക്കുന്നവനുമായുള്ള വിവാഹജീവിതമൊന്നും വിജയിക്കില്ലെന്നു പറഞ്ഞ അപ്പനെ അവൾ വെല്ലുവിളിച്ചുവത്രേ! അന്തസായി ഞങ്ങൾ ജീവിച്ചുകാണിച്ചുതരാമെന്നും, അതിന് ഇടങ്കോലിട്ടു ഇടപെടാനൊന്നും വരേണ്ട എന്നും അടികൊടുത്ത അപ്പനോടവൾ ഇടിവെട്ടുംപോലെ പറഞ്ഞു. "ഇനിയെന്തു ചെയ്യാനാ അച്ചാ, അനുഭവിക്കുകയത്രേ!" പ്രത്യാശവെടിഞ്ഞ അപ്പൻ പ്രതികരിച്ചു.

ആരുടെയും ഉപദേശത്തിനു വഴിപ്പെടില്ലെന്നു വാശിപിടിക്കുന്ന അവളുടെ കാര്യത്തിൽ പ്രാർഥനയല്ലാതെ പ്രതിവിധിയില്ലെന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്നും, അവളുടെ കാര്യത്തിൽ ദൈവം തന്നെ ഇടപെടട്ടെ എന്നും പ്രാർഥിച്ചു പറഞ്ഞു വിട്ടു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവരോടിവന്ന് ഒരു വിവരം അറിയിച്ചു, കഞ്ചാവു 'കമ്പനി'യിൽപ്പെട്ട് കാമുകൻ കസ്റ്റഡിയിലാണ് എന്ന്. സ്ഥിരംഫോൺവിളിയുടെ വെളിച്ചത്തിൽ പൊലീസ് അവളെ വിളിച്ചു വിരട്ടി. പൊലീസ് അന്വേഷണവുംകൂടി നടത്തിയതോടെ വിരണ്ട പെണ്ണിപ്പോൾ കണ്ണീരോടെ മടങ്ങിവന്നത്രേ. "അറിയാത്ത പിള്ള ചൊറിയുമ്പോളറിയും" എന്ന ചൊല്ല് അങ്ങനെ നിവൃത്തിയായി! മുട്ടോളം ചാടിയ ഈ ചെമ്മീൻ ചട്ടിയിൽ ചാടാതെ രക്ഷപ്പെട്ടതിന്റെ സന്തോഷത്തിലാണ് അപ്പനമ്മമാർ!! ചെമ്മീനോ, ചമ്മലു തീർക്കാൻ ധ്യാനത്തിനും പോയി!

'ജ്ഞാനി ആപത്തു കണ്ടറിഞ്ഞ് ഒഴിഞ്ഞുമാറുന്നു; അല്പബുദ്ധി മുമ്പോട്ടു പോയി ദുരന്തം വരിക്കുന്നു' (സുഭാ. 22:3).

അറിവുണ്ടെന്ന അഹന്തയിലും, ആവതുള്ളതുകൊണ്ട് ആരുമിനിവേണ്ട എന്ന അനുമാനത്തിലും ഇന്ന് ഏറെ യൗവനങ്ങൾ അപകടത്തിൽ ചാടുന്നുണ്ട്. അനുഭവജ്ഞാനത്തിന്റെ നിറവിൽ ഉപദേശിക്കുന്നവരെ ഉപദ്രവകാരികളായി കരുതുന്നവരുമുണ്ട്. വന്ന വഴി മറന്നുള്ള പോക്കിൽ നന്ദിയില്ലാതെ നിന്ദിക്കുന്നവരുമുണ്ട്. വികടബുദ്ധിയുടെ വഴി വിനാശത്തിലേക്കു തന്നെ! വിവേകപൂർവം സ്വയം വിധിക്കാനും, വിശ്വാസവഴി വിട്ടുപോകാതെ വിനീതരാകാനും വിസമ്മതിക്കുന്നവർ വിപത്തിലാകുമെന്നറിയുക!

'വീഴും മുമ്പു വിനീതരാകുക; പാപം ചെയ്തുപോകും മുമ്പു പിന്തിരിയുക' (പ്രഭാ.17:22).

○

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu